പതിമൂന്നാം കേരള നിയമസഭ

# പിന്നോക്കസമുദായ ക്ഷേമ സമിതി
# (2014-2016)

## പതിനാലാമത് റിപ്പോർട്ട്

(2015 ഡിസംബർ മാസം 4-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**(2014 ജനുവരി 1 മുതൽ 2014 ഡിസംബർ 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച് തീർപ്പു കൽപ്പിച്ച ഹർജികൾ സംബന്ധിച്ച്)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# പിന്നോക്കസമുദായ ക്ഷേമ സമിതി
# (2014-2016)

## പതിനാലാമത് റിപ്പോർട്ട്

(2015 ഡിസംബർ മാസം 4-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**(2014 ജനുവരി 1 മുതൽ 2014 ഡിസംബർ 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച് തീർപ്പ കൽപ്പിച്ച ഹർജികൾ സംബന്ധിച്ച്)**

1264/2015.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് : അനുബന്ധം I | .. | 1 |
| അനുബന്ധം II | .. | 58 |

# പിന്നോക്കസമുദായ ക്ഷേമ സമിതി (2014-2016)

## ഘടന

<u>അദ്ധ്യക്ഷൻ:</u>

ശ്രീ. സി. മമ്മൂട്ടി

<u>അംഗങ്ങൾ:</u>

ശ്രീ. കെ. അച്യുതൻ

ശ്രീ. വി. റ്റി. ബൽറാം

ശ്രീ. എ. റ്റി. ജോർജ്

ശ്രീമതി ജമീലാ പ്രകാശം

ശ്രീ. സി. കൃഷ്ണൻ

ശ്രീ. പി. ടി. എ. റഹീം

ശ്രീ. ആർ. സെൽവരാജ്

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. സി. ജോസ്, ജോയിന്റ് സെക്രട്ടറി

ശ്രീ. ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഷബാന അഞ്ജും, അണ്ടർ സെക്രട്ടറി.

# മുഖവുര

സാമൂഹ്യമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും വളരെ പിന്നോക്കം നിൽക്കുന്ന കേരളത്തിലെ പിന്നോക്ക സമുദായത്തിൽപ്പെട്ടവരുടെ സാമൂഹ്യ-സാമ്പത്തിക-വിദ്യാഭ്യാസ പുരോഗതിക്കുവേണ്ടി കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ അനേകം പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടെങ്കിലും അവയൊന്നും ഫലപ്രദമായ രീതിയിൽ നടപ്പിലാക്കാത്തതുമൂലം ഈ വിഭാഗത്തിൽപ്പെടുന്ന ബഹുഭൂരിപക്ഷം ജനങ്ങളും ഇന്നും സമൂഹത്തിന്റെ പിൻനിരയിൽ തുടരുന്ന അവസ്ഥയാണ്.

പിന്നോക്ക സമുദായത്തിൽപ്പെട്ട ജനവിഭാഗങ്ങളുടെ ഭരണഘടനാപരമായ പരിരക്ഷയും അവർക്കുവേണ്ടി സർക്കാർ നടപ്പാക്കുന്ന ക്ഷേമപ്രവർത്തനങ്ങളും പദ്ധതികളും എത്രത്തോളം ഫലപ്രദമാകുന്നു എന്ന് പരിശോധിച്ച് നടപ്പിലാക്കുക എന്ന ഉദ്ദേശ്യത്തോടെ 1993 ഫെബ്രുവരി 2-ന് കേരള നിയമസഭയുടെ പിന്നോക്കസമുദായ ക്ഷേമ സമിതി നിലവിൽവന്നു.

വ്യക്തികളിൽ നിന്നും സംഘടനകളിൽ നിന്നും പരാതികൾ സ്വീകരിച്ച് നടപടി കൈക്കൊള്ളാനുള്ള അധികാരം കൂടി സമിതിയിൽ നിക്ഷിപ്തമായതോടെ ജനങ്ങളുടെ പ്രശ്നങ്ങളിൽ സജീവമായും ക്രിയാത്മകമായും ഇടപെടുന്നതിനും അവയ്ക്ക് രമ്യമായ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും സമിതിക്ക് അവസരം ലഭിക്കുകയും പ്രസ്തുത കർത്തവ്യം ഓരോ നിയമസഭയുടെയും കാലാവധിക്കുള്ളിൽ രൂപീകരിക്കപ്പെടുന്ന സമിതികൾ സ്തുത്യർഹമായ രീതിയിൽ നിർവ്വഹിച്ച് വരികയും ചെയ്യുന്നു.

സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുവേണ്ടി പിന്നോക്കസമുദായ ക്ഷേമ സമിതി ഇന്റേണൽ വർക്കിംഗ് റൂൾസിന് രൂപം നൽകുകയുണ്ടായി. ഹർജികൾ തീർപ്പാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനും സമിതിയുടെ പ്രവർത്തനം പൊതുജനോപകാരപ്രദമാക്കുന്ന കാര്യത്തിലും ഇന്റേണൽ വർക്കിംഗ് റൂൾ ഏറെ സഹായിച്ചിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു.

ഗവൺമെന്റിന്റെ വിവിധ വകുപ്പുകളിൽ നിന്നും അർഹതപ്പെട്ട നീതി ലഭിക്കാതെ നിരസിച്ച അപേക്ഷകൾ, നിവേദനങ്ങൾ നൽകിയിട്ടും യാതൊരു പ്രതികരണവും ഉണ്ടാകാത്ത പരാതികൾ, സംവരണ തത്വം പാലിക്കാതെയുള്ള നിയമനങ്ങൾ തുടങ്ങി ജനങ്ങൾ അഭിമുഖീകരിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങൾ സമിതി മുമ്പാകെ എത്തുന്നുണ്ട്.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 261 ഇ, 261 എഫ് എന്നീ ചട്ടങ്ങൾ അനുസരിച്ചും നിയമസഭാ സമിതികളുടെ പ്രവർത്തനം സംബന്ധിച്ച് 180 മുതൽ 211 വരെയുള്ള പൊതു ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരവും സമിതിക്ക് ലഭിക്കുന്ന ഹർജികൾ പരിഗണിക്കുകയും പരിഹാരം കണ്ടെത്തുകയും ചെയ്യുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ കാലയളവിൽ പിന്നോക്കസമുദായ ക്ഷേമം സംബന്ധിച്ച സമിതി (2011-2014) 2011 ഒക്ടോബർ 21-ാം തീയതി രൂപീകൃതമായി. സമിതിയുടെ തുടർച്ചയായി 2014 മേയ് 30-ാം തീയതി സമിതി (2014-2016) പുനഃസംഘടിപ്പിക്കപ്പെട്ടു.

2014 ജനുവരി 1 മുതൽ 2014 ഡിസംബർ 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച ഗവൺമെന്റ് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ തീർപ്പായ ഹർജികൾ സംബന്ധിച്ച വിവരങ്ങളും സമിതിയുടെ നിർദ്ദേശങ്ങളും ശിപാർശകളും ഉൾക്കൊള്ളിച്ചു കൊണ്ടുള്ളതുമാണ് ഈ റിപ്പോർട്ട്. 2014 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ മൂന്ന് സ്പെഷ്യൽ റിപ്പോർട്ടുകൾ ഉൾപ്പെടെ ആകെ ആറ് റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുകയുണ്ടായി.

പ്രസ്തുത സ്പെഷ്യൽ റിപ്പോർട്ടുകളുടെയും ആക്ഷൻ ടേക്കൺ റിപ്പോർട്ടുകളുടെയും വിശദാംശം ചുവടെ ചേർക്കുന്നു:

(i) <u>പിന്നോക്കസമുദായ ക്ഷേമ സമിതി (2011-14) യുടെ അഞ്ചാമത് റിപ്പോർട്ട്</u>: പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ സംവരണം പാലിക്കുന്നത് സംബന്ധിച്ച്.

(2014 ജൂലൈ 10-ാം തീയതി സഭയിൽ സമർപ്പിച്ചു.)

(ii) <u>പിന്നോക്കസമുദായ ക്ഷേമ സമിതി (2014-16)യുടെ ആറാമത് റിപ്പോർട്ട്</u>: ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

(1-1-2013 മുതൽ 31-12-2013 വരെ സമിതി തീർപ്പുകല്പിച്ച ഹർജികൾ സംബന്ധിച്ച്)
(2014 ഡിസംബർ 5-ാം തീയതി സഭയിൽ സമർപ്പിച്ചു.)

(iii) <u>പിന്നോക്കസമുദായ ക്ഷേമ സമിതി (2014-16)യുടെ ഏഴാമത് റിപ്പോർട്ട്</u> : ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

(1-1-2013 മുതൽ 31-12-2013 വരെ സമിതി തീർപ്പുകല്പിച്ച ഹർജികൾ സംബന്ധിച്ച്)

(2014 ഡിസംബർ 5-ാം തീയതി സഭയിൽ സമർപ്പിച്ചു.)

(iv) <u>പിന്നോക്കസമുദായ ക്ഷേമ സമിതി (2014-16)യുടെ എട്ടാമത് റിപ്പോർട്ട്</u> : ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

(1-1-2013 മുതൽ 31-12-2013 വരെ സമിതി തീർപ്പുകല്പിച്ച ഹർജികൾ സംബന്ധിച്ച്)

(2014 ഡിസംബർ 5-ാം തീയതി സഭയിൽ സമർപ്പിച്ചു.)

(v) <u>പിന്നോക്കസമുദായ ക്ഷേമ സമിതി (2014-16)യുടെ ഒൻപതാമത് റിപ്പോർട്ട്</u>: വിദ്യാഭ്യാസ അവകാശ നിയമ പ്രകാരം തീരദേശ മലയോര മേഖലകളിൽ സർക്കാർ എൽ.പി./യു.പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നത് സംബന്ധിച്ച്

(2014 ഡിസംബർ 16-ാം തീയതി സഭയിൽ സമർപ്പിച്ചു.)

(vi) <u>പിന്നോക്കസമുദായ ക്ഷേമ സമിതി (2014-16)യുടെ പത്താമത് റിപ്പോർട്ട്</u>: പിന്നോക്ക വിഭാഗങ്ങൾക്കുള്ള സ്കോളർഷിപ്പ് സമ്പ്രദായം പരിഷ്കരിക്കുന്നത് സംബന്ധിച്ച്.

(2014 ഡിസംബർ 16-ാം തീയതി സഭയിൽ സമർപ്പിച്ചു.)

റിപ്പോർട്ട് കാലയളവിൽ സമിതി 19 യോഗങ്ങൾ ചേർന്നു. ഇതിൽ 15 യോഗങ്ങൾ ഗവൺമെന്റിൽ നിന്നുള്ള റിപ്പോർട്ടുകൾ പരിഗണിക്കുന്നതിനും 3 യോഗങ്ങൾ 3-6-2014, 24-9-2014, 19-11-2014 എന്നീ തീയതികളിൽ തെളിവെടുപ്പിനോടനുബന്ധിച്ചും 1 യോഗം 30-9-2014-ൽ വയനാട് ജില്ലാ സന്ദർശനത്തോടനുബന്ധിച്ചുമാണ് നടന്നത്. ഈ കാലയളവിൽ സമിതിക്ക് ധാരാളം ഹർജികൾ ലഭിക്കുകയുണ്ടായി.

സമിതിക്ക് ലഭിക്കുന്ന ഹർജികളിൽ ഭൂരിഭാഗവും അർഹമായ ആനുകൂല്യം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നു എന്നത് സംബന്ധിച്ചും പിന്നോക്ക സമുദായങ്ങൾക്ക് സർക്കാർ സർവ്വീസിൽ വേണ്ടത്ര പ്രാതിനിധ്യം ലഭിക്കുന്നില്ല എന്നത് സംബന്ധിച്ചുമുള്ളതാണ്. സമിതിക്ക് ലഭിക്കുന്ന ഇത്തരം ഹർജികളിലെ വിഷയത്തിന്മേൽ ഫലപ്രദമായി ഇടപെട്ട് ഹർജിക്കാരന് അർഹമായ ആനുകൂല്യം നേടിക്കൊടുക്കാനും പിന്നോക്ക സമുദായക്കാരുടെ വിദ്യാഭ്യാസപരവും തൊഴിൽപരവുമായ പ്രാതിനിധ്യക്കുറവ് പരിഹരിക്കുന്നതിന് ഫലപ്രദമായ പല നടപടികളും ചെയ്യുവാൻ കഴിയുന്നുണ്ട് എന്ന് സമിതി കരുതുന്നു. എന്നിരുന്നാലും, സർക്കാരിൽനിന്നും സമയബന്ധിതമായി റിപ്പോർട്ട് ലഭിക്കാത്തതിനാൽ ഹർജികളിന്മേൽ യഥാസമയം തീരുമാനമെടുക്കാൻ കഴിയാതെവരുന്നു. ഹർജികളിന്മേൽ സർക്കാരിൽനിന്നും സമയബന്ധിതമായി റിപ്പോർട്ട് ലഭിച്ചാൽ മാത്രമേ സമിതിക്ക് സുഗമമായി പ്രവർത്തിക്കാനും ജനങ്ങളുടെ പരാതികൾക്ക് പരിഹാരം കണ്ടെത്തുവാനും സാധിക്കുകയുള്ളുവെന്ന വസ്തുത സമിതി മനസ്സിലാക്കുന്നു. **സമിതിയുടെ പരിഗണനയിലുള്ള കാലതാമസം നേരിടുന്ന വിവിധ പരാതികളിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾക്ക് കത്തുകളും നിരവധി ഓർമ്മക്കുറിപ്പുകളും അർദ്ധഔദ്യോഗിക കത്തുകളും അയച്ചിട്ടും നടപടി സ്റ്റേറ്റ്മെന്റുകൾ സമയബന്ധിതമായി കിട്ടാത്ത സാഹചര്യത്തിൽ അടിയന്തര പ്രാധാന്യമുള്ളതും റിപ്പോർട്ട് ലഭിക്കാൻ കാലതാമസം നേരിടുന്നതുമായ വിഷയങ്ങളിലാണ് സമിതി തെളിവെടുപ്പ് നടത്താൻ തീരുമാനിക്കുന്നത്. ഇത്തരം തെളിവെടുപ്പ് യോഗങ്ങളിൽ പോലും ഹാജരാകുന്നതിനും വസ്തുതകൾ വ്യക്തമായി പഠിച്ച് കൃത്യമായ വിവരങ്ങൾ സമിതിക്ക് ലഭ്യമാക്കുന്നതിനും ചില വകുപ്പ് സെക്രട്ടറിമാരും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും മതിയായ പ്രാധാന്യം നൽകുന്നില്ല എന്നത് സമിതിയോടുള്ള അവഹേളനമായി സമിതി കരുതുകയും ഇതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും ചെയ്യുന്നു. മാത്രവുമല്ല, 2005 ജനുവരി മുതൽ 2014 ഡിസംബർ വരെയുള്ള കാലയളവിൽ പിന്നോക്കസമുദായ ക്ഷേമ സമിതിയുടെ പരിഗണനയിൽ വന്ന ഇരുന്നൂറിൽപ്പരം ഹർജികളാണ് വിവിധ വകുപ്പുകളിലായി ഇപ്പോഴും പരിഹാരം കാണാത്തതായി അവശേഷിക്കുന്നത്. വകുപ്പുകളിൽ നിന്നുള്ള ഇത്തരം സമീപനം സമിതി അതീവ ഗൗരവമായി വീക്ഷിക്കുന്നു.** ആയതിനാൽ, സമിതിയുടെ സുഗമമായ പ്രവർത്തനം മുൻനിർത്തി താഴെപ്പറയുന്ന നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ശിപാർശകളും സമിതി സർക്കാരിലേക്ക് സമർപ്പിക്കുന്നു:

## സമിതിയുടെ നിർദ്ദേശങ്ങൾ/ശിപാർശകൾ

1. ഹർജികളുടെ അടിയന്തരസ്വഭാവം പരിഗണിക്കാതെ റിപ്പോർട്ട് ലഭ്യമാക്കുന്നതിലെ കാലതാമസം ഹർജിയുടെ പ്രസക്തി തന്നെ നഷ്ടപ്പെടുത്തുന്നതായി പല അവസരങ്ങളിലും സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

ചില ഹർജികളിൽ റിപ്പോർട്ടാവശ്യപ്പെട്ടാൽ മറുപടിക്കായി വർഷങ്ങൾ കാത്തിരിക്കേണ്ടിവരുന്നു. മറ്റുചിലപ്പോൾ പരാതിവിഷയം പരിഹരിച്ച് വർഷങ്ങൾ പിന്നിട്ടായിരിക്കും സമിതിയെ അറിയിക്കുക. ഇത്തരം പ്രവണതകൾ അവസാനിപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നതോടൊപ്പം ഹർജികളിന്മേൽ സമയബന്ധിതമായും നീതിയുക്തമായും റിപ്പോർട്ട് ലഭ്യമാക്കുന്ന കാര്യത്തിൽ സർക്കാരിന്റെ വിവിധ വകുപ്പുകൾ കാര്യക്ഷമമായി പ്രവർത്തിക്കണമെന്നും സമിതിക്ക് റിപ്പോർട്ട് നൽകുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകൾക്ക് ചീഫ് സെക്രട്ടറി കർശന നിർദ്ദേശം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

2. വ്യത്യസ്ത വകുപ്പുകളുടെ ഏകോപനം ആവശ്യമുള്ളവയിലൊഴികെ എല്ലാ സമിതി ശിപാർശകളിലും ഹർജികളിലും രണ്ട് മാസത്തിനകം റിപ്പോർട്ട് നൽകാവുന്ന വിധത്തിൽ പിന്നോക്കസമുദായ വികസന വകുപ്പിനെ ശക്തമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3. താഴെ തലത്തിൽനിന്നും വിവരങ്ങൾ ലഭിക്കുന്നമുറയ്ക്ക് അന്തിമ റിപ്പോർട്ട് ലഭ്യമാക്കുന്നതാണെന്ന മറുപടിയാണ് പല അവസരങ്ങളിലും ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും സമിതിക്ക് നൽകുന്നത്. ഭാവിയിൽ ഇത്തരത്തിലുള്ള മറുപടി ഒഴിവാക്കണമെന്ന് ആവശ്യപ്പെടാവുന്നതോടൊപ്പം സമിതിയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള ചട്ടങ്ങളിൽ അനുശാസിച്ചിട്ടുള്ള സമയക്രമം പാലിച്ച് സമയബന്ധിതമായി അന്തിമ റിപ്പോർട്ട് നൽകാൻ താഴെ തലങ്ങളിലേക്ക് നിർദ്ദേശം നൽകണമെന്നും ജനങ്ങൾ നേരിട്ടിടപെടുന്ന താഴെത്തട്ടിലുള്ള ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണമെന്നും സൗകര്യങ്ങളൊരുക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

4. സമൂഹത്തിൽ അവശത അനുഭവിക്കുന്ന പിന്നോക്കസമുദായ വിഭാഗങ്ങളെ സംബന്ധിക്കുന്ന ഹർജികളിൻമേൽ തീരുമാനം കൈക്കൊള്ളുന്നതിലേക്കായി ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിന് സർക്കാർ തലത്തിൽ കൂടുതൽ ശ്രദ്ധാന്തി ഉണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5. സാമൂഹ്യമായി ഏറ്റവും അനിവാര്യമായ ഒരു വിഷയത്തിന്മേൽ ഗവൺമെന്റിന്റെ വിവിധ വകുപ്പുകൾ തീരുമാനം എടുക്കേണ്ട സാഹചര്യം ഉണ്ടാകുന്ന അവസരത്തിൽ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഒത്തൊരുമിച്ച് അതിന്മേൽ പ്രായോഗികവും സമയബന്ധിതവുമായ ഒരു തീരുമാനം കൈക്കൊള്ളുന്നതിനായി ഒരു സംവിധാനം സർക്കാർ തലത്തിൽ ഉണ്ടാകുന്നത് ഉചിതമായിരിക്കുമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

6. റിപ്പോർട്ട് ലഭ്യമാക്കുന്നതിനോ നടപടി സ്വീകരിക്കുന്നതിനോ കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാ നടപടി സമയബന്ധിതമായി നടപ്പാക്കി കുറ്റക്കാരായ ഉദ്യോഗസ്ഥർ ശിക്ഷ ലഭിക്കാതെ രക്ഷപ്പെടുന്ന സ്ഥിരം സാഹചര്യം ഒഴിവാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

7. സമിതിക്ക് സമർപ്പിക്കുന്ന റിപ്പോർട്ടുകൾ പ്രശ്നപരിഹാരത്തിന് ഉതകുന്ന രീതിയിൽ സമ്പൂർണ്ണവും സുവ്യക്തവുമായിരിക്കണമെന്നും ഹർജി വിഷയവുമായി ബന്ധപ്പെട്ട് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പുകൾ കൂടി ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

8. സമിതിയുടെ പരിഗണനയിൽ ഉണ്ടായിരുന്നതും സർക്കാർ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഫയൽ നടപടികൾ അവസാനിപ്പിച്ച പരാതികളുടെ വിശദാംശം (1-1-2014 മുതൽ 31-12-2014 വരെ) അനുബന്ധം I-ലും സർക്കാരിൽനിന്നും അന്തിമ മറുപടി ലഭിക്കാത്തതിനാൽ റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നതുവരെയുള്ള കാലയളവിൽ പരിഹാരമാകാത്ത പരാതികൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് അനുബന്ധം II-ലും നൽകിയിരിക്കുന്നു. അനുബന്ധം II-ൽ ഉൾപ്പെടുത്തിയിരിക്കുന്ന പരാതികൾ പരിശോധിച്ച് റിപ്പോർട്ടുകൾ (ഗവ. റഫറൻസ് നമ്പർ സൂചിപ്പിച്ചിട്ടുണ്ട്) ലഭ്യമാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പിന്നോക്കസമുദായ ക്ഷേമ സമിതിയുടെ (2014-2016) അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നിയോഗാനുസരണം പതിനഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2015 ഡിസംബർ 1-ാം തീയതി ചേർന്ന സമിതി യോഗമാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

സി. മമ്മൂട്ടി,
*അദ്ധ്യക്ഷൻ,*
*പിന്നോക്കസമുദായ ക്ഷേമ സമിതി.*

തിരുവനന്തപുരം,
2015 ഡിസംബർ 4.

# റിപ്പോർട്ട്

## അനുബന്ധം I

## (സമിതിയുടെ പരിഗണനയിൽ ഉണ്ടായിരുന്നതും സർക്കാർ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഫയൽ നടപടികൾ അവസാനിപ്പിച്ചതുമായ ഹർജികളുടെ വിശദാംശങ്ങൾ.)

1. കേരള പോലീസ് ടെലികമ്മ്യൂണിക്കേഷൻ യൂണിറ്റിൽ 1994 ബാച്ച് പോലീസ് കോൺസ്റ്റബിൾമാരുടെ സീനിയോറിറ്റി ലിസ്റ്റ് സാമുദായിക സംവരണം പാലിച്ച് തയ്യാറാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ഹമീദ്കഞ്ഞ്, കൊല്ലം; കേരള ലാറ്റിൻ കാത്തലിക് അസോസിയേഷൻ കൊല്ലം രൂപത എന്നിവർ സമർപ്പിച്ച ഹർജികൾ.

(ഫയൽ നമ്പർ 5755/ബി.സി.സി1/08/നി.സെ.)

(ഫയൽ നമ്പർ 5740/ബി.സി.സി1/08/നി.സെ.)

കേരള പോലീസ് ടെലികമ്മ്യൂണിക്കേഷൻ യൂണിറ്റിൽ 1994 ബാച്ചിൽ കോൺസ്റ്റബിൾമാരായി നിയമനം ലഭിച്ച 142 പേരുടെ നിയമനം സംബന്ധിച്ച ഫയൽ നഷ്ടപ്പെട്ടതിനെ തുടർന്ന് ഡി. ജി. പി. (ഇന്റലിജൻസ്) ചെയർമാനായ ബോർഡ് Age & Communal Rotation പാലിച്ചുകൊണ്ട് ഒരു സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി അംഗീകരിക്കുകയുണ്ടായി. എന്നാൽ ഇതിനെതിരെ ചിലർ സമർപ്പിച്ച ഹർജിയിന്മേൽ പോലീസ് ടെലികമ്മ്യൂണിക്കേഷൻ സ്പെഷ്യൽ റൂൾസിൽ കമ്മ്യൂണൽ റിസർവേഷനെപ്പറ്റി പ്രതിപാദിച്ചിട്ടില്ലാത്തതിനാൽ ബഹു. ഹൈക്കോടതി പ്രസ്തുത ലിസ്റ്റ് റദ്ദ് ചെയ്യുകയുണ്ടായി. ഈ വിധിക്കെതിരെ ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ നിലവിൽ കോടതിയുടെ പരിഗണനയിലാണെന്നും ഈ പ്രശ്നങ്ങൾക്ക് അടിസ്ഥാന കാരണമായ കമ്മ്യൂണൽ റിസർവേഷൻ ഉൾപ്പെടുത്തി പോലീസ് ടെലികമ്മ്യൂണിക്കേഷൻ സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്തി ഉത്തരവായെങ്കിലും ബന്ധപ്പെട്ട വകുപ്പ് ഇതുവരെയും ആയത് നടപ്പിലാക്കാൻ കൂട്ടാക്കിയില്ലായെന്നും പ്രസ്തുത ഭേദഗതിയുടെ അടിസ്ഥാനത്തിൽ 1994 ബാച്ചിലെ കോൺസ്റ്റബിൾമാരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുവാൻ ബന്ധപ്പെട്ട വകുപ്പിന് നിർദ്ദേശം നൽകണമെന്നതാണ് ഹർജിയിലെ ആവശ്യം.

ഹർജിയിന്മേൽ 1-8-2011-ൽ ആഭ്യന്തര വകുപ്പിൽ നിന്നും ലഭ്യമായ മറുപടിയിൽ സീനിയോറിറ്റി ലിസ്റ്റുമായി ബന്ധപ്പെട്ട കേസിൽ (WA No. 2015, 2016, 2017 of 2010) ബഹു. കേരള ഹൈക്കോടതി 25-3-2011-ൽ പുറപ്പെടുവിച്ച വിധിയിൽ പ്രസ്തുത കേസിനാധാരമായ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് എസ്.എസ്.എൽ.സി.ക്കും പ്രസ്തുത തസ്തികയിലേക്കുള്ള യോഗ്യതയായ ടെക്നിക്കൽ എക്സാമിനേഷനും ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ പുതിയ സീനിയോറിറ്റി ലിസ്റ്റ് രണ്ട് മാസത്തിനകം പ്രസിദ്ധീകരിക്കുവാൻ ടെലികമ്മ്യൂണിക്കേഷൻ

പോലീസ് സൂപ്രണ്ടിന് നിർദ്ദേശം നൽകിയിരുന്നുവെന്നും ഈ വിധിക്കെതിരെ സുപ്രീം കോടതിയിൽ എസ്. എൽ. പി. ഫയൽ ചെയ്യുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടെന്നും ഇതിന്മേലുള്ള സുപ്രീം കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ മാത്രമേ അന്തിമ റിപ്പോർട്ട് നൽകാനാകൂവെന്നും അറിയിച്ചിരുന്നു.

ഇക്കാര്യം 23-2-2012-ലെ സമിതി യോഗം പരിഗണിക്കുകയും സുപ്രീം കോടതിയിൽ ഫയൽ ചെയ്ത എസ്.എൽ.പി.യിന്മേൽ അന്തിമവിധിയായിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ആവശ്യപ്പെടുകയുമുണ്ടായി.

സമിതി ആവശ്യപ്പെട്ട പ്രകാരം ആഭ്യന്തര (കെ) വകുപ്പിൽ നിന്നും 6-8-2012-ലെ 90259/കെ2/2008/ആഭ്യന്തരം നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി ഇപ്രകാരമാണ്:

"അഡ്വക്കേറ്റ് ജനറലിന്റെയും നിയമ വകുപ്പിന്റെയും നിർദ്ദേശപ്രകാരം ഈ വിഷയം സംബന്ധിച്ച് 25-3-2011-ലെ ബഹു. ഹൈക്കോടതി വിധിക്കെതിരെ സുപ്രീം കോടതിയിൽ SLP No. CC 20178-20180/2011 ആയി ഫയൽ ചെയ്യുകയും പ്രസ്തുത കേസ് ബഹു. സുപ്രീം കോടതി 9-12-2011-ൽ തള്ളിക്കളയുകയും ചെയ്തിട്ടുണ്ട്. തുടർന്ന് ഇതിന്മേൽ ലഭിച്ച നിയമോപദേശത്തിന്റെ വെളിച്ചത്തിൽ 25-3-2011-ലെ റിട്ട് അപ്പീൽ വിധിക്കെതിരെ കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ചിൽ സർക്കാർ റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്.

പ്രസ്തുത റിവ്യൂ പെറ്റീഷനിൽ ബഹു. ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് പുറപ്പെടുവിക്കുന്ന വിധിയുടെ അടിസ്ഥാനത്തിൽ മാത്രമേ ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ".

പ്രസ്തുത റിപ്പോർട്ട് സമിതി പരിഗണിച്ച് അംഗീകരിക്കുകയും സമിതി നിർദ്ദേശപ്രകാരം റിപ്പോർട്ട് വിവരം ഹർജിക്കാരനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

2. <u>പട്ടയം റദ്ദാക്കിയ പുറമ്പോക്ക് ഭൂമി പാവപ്പെട്ട ഭൂരഹിതർക്ക് ലഭ്യമാക്കണമെന്നഭ്യർത്ഥിച്ച് ശ്രീ. എം. രാഘവൻ സമർപ്പിച്ച ഹർജി.</u>

(ഫയൽ നമ്പർ 2809/ബി.സി.സി1/09/നി.സെ.)

കാസർഗോഡ് ജില്ലയിലെ കളനാട്ടിലെ കടാംതോട് എന്ന സ്ഥലത്ത് ആർ. എസ്. നമ്പർ 95/1 ബി9, ആർ. എസ്. നമ്പർ 45/1 എ 2 ഇ എന്നീ സർവ്വേ നമ്പരുകളിലുള്ള പുറമ്പോക്ക് ഭൂമി തഹസിൽദാർ പണം വാങ്ങി സമ്പന്നകുടുംബത്തിൽപ്പെട്ടയാളുടെ പേരിൽ പട്ടയം നൽകുകയുണ്ടായെന്നും ഇതിനെതിരെ നാട്ടുകാരും ചില സാംസ്കാരിക സംഘടനകളും പരാതി നൽകിയതിനെ തുടർന്ന് വിജിലൻസ് ആന്റ് ആന്റി-കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തുകയും പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പട്ടയം റദ്ദ് ചെയ്യുന്നതിനും

ഇപ്രകാരം പട്ടയം നൽകിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും ജില്ലാ കളക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയെന്നും എന്നാൽ, വർഷങ്ങൾ കഴിഞ്ഞിട്ടും പട്ടയം റദ്ദാക്കിയ പ്രസ്തുത പുറമ്പോക്ക് ഭൂമി മറ്റ് പാവപ്പെട്ട ഭൂരഹിതർക്ക് പതിച്ചുനൽകുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വിമുഖത കാട്ടുകയാണെന്നും ആയതിനാൽ, പ്രസ്തുത ഭൂമി അർഹതപ്പെട്ട ഭൂരഹിതരായ പാവപ്പെട്ടവർക്ക് പതിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നതാണ് ഹർജിയിലെ ആവശ്യം.

പ്രസ്തുത ഹർജിയിന്മേൽ റവന്യൂ (എൻ) വകുപ്പിൽ നിന്നും 26-7-2013-ലെ 72047/എൻ1/2010/റവ. നമ്പർ കത്ത് പ്രകാരം ലഭ്യമായ റിപ്പോർട്ട് ഇപ്രകാരമാണ്:

"ശ്രീ. എം. രാഘവൻ സമർപ്പിച്ച ഹർജിയിന്മേൽ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളത് പ്രകാരം കാസർഗോഡ് താലൂക്കിലെ കളനാട് വില്ലേജിൽ റീ.സ. നമ്പർ84/2 ഡി2-ൽപ്പെട്ട 0.15 ഏക്കറും റീ.സ. നമ്പർ85/5 സി.-യിൽപ്പെട്ട 0.05 ഏക്കർ ഭൂമിയും ശ്രീ. എം. എം. അബ്ദുള്ള കുഞ്ഞിയുടെ ഭാര്യ ശ്രീമതി അയിഷാബിക്ക് പതിച്ച പട്ടയം നൽകിയിരുന്നു. എന്നാൽ, വില്ലേജ് അധികാരികളെ തെറ്റിദ്ധരിപ്പിച്ച് വാർഷിക വരുമാനത്തിലും മറ്റും തെറ്റായ വിവരങ്ങൾ നൽകിയാണ് ഭൂമി പതിച്ചുവാങ്ങിയിട്ടുള്ളതെന്ന തദ്ദേശവാസികളുടെ പരാതിയിന്മേൽ വിജിലൻസ് അന്വേഷണം നടത്തുകയും, അതിന്റെ വെളിച്ചത്തിൽ പ്രസ്തുത പട്ടയം കാസർഗോഡ് തഹസിൽദാർ റദ്ദാക്കുകയും ചെയ്തിരുന്നു. പട്ടയം റദ്ദ് ചെയ്ത സർക്കാരിന്റെ ഉത്തരവിനെതിരെ ശ്രീമതി അയിഷാബി ബഹു. ഹൈക്കോടതിയിൽ ഡബ്ല്യു. പി. (സി) 24175/2008 പ്രകാരം ഫയൽ ചെയ്തിട്ടുള്ള കേസ് തീർപ്പാകാതെ പ്രസ്തുത സ്ഥലം പരാതിക്കാരനായ ശ്രീ. എം. രാഘവനോ മറ്റ് ഭൂരഹിതർക്കോ പതിച്ച നൽകുവാൻ കഴിയുകയില്ലെന്ന് കാസർഗോഡ് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു".

പ്രസ്തുത റിപ്പോർട്ട് സമിതി യോഗം പരിഗണിച്ച് അംഗീകരിക്കുകയും സമിതി നിർദ്ദേശ പ്രകാരം റിപ്പോർട്ട് വിവരം ഹർജിക്കാരനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

3. <u>പൊതുമേഖലാ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ, സർക്കാർ വകുപ്പുകൾ എന്നിവിടങ്ങളിലെ സംവരണ പ്രാതിനിധ്യം സംബന്ധിച്ച്.</u>

(ഫയൽ നമ്പർ 4699/ബി.സി.സി1/09/നി.സെ.)

പൊതുമേഖലാ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, സർക്കാർ വകുപ്പുകൾ എന്നിവിടങ്ങളിൽ 2001 സെപ്റ്റംബർ 30 വരെ നടത്തിയ നിയമനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ നിശ്ചിത പ്രൊ ഫോർമയിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടതിനെ തുടർന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള അച്ചടി വകുപ്പ്, സ്റ്റേഷനറി വകുപ്പ്, കേരള ബുക്ക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റി എന്നിവിടങ്ങളിലെ നിയമനങ്ങൾ സംബന്ധിച്ച് 24-9-2009-ലെ 9396/എച്ച്1/07/ഉ.വി.വ. നമ്പർ കത്ത് പ്രകാരം ലഭിച്ച സ്റ്റേറ്റ്മെന്റും സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി, എൻ.സി.സി. ഡയറക്ടറേറ്റ്, കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ എന്നിവിടങ്ങളിലെ നിയമനങ്ങൾ സംബന്ധിച്ച് 7-10-2009-ലെ 9390/എ1/07/ഉ.വി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമായ സ്റ്റേറ്റ്മെന്റും 3-2-2010-ലെ സമിതി യോഗം പരിഗണിക്കുകയുണ്ടായി.

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ നടത്തിയിട്ടുള്ള എൽ.ഡി.സി./യു.ഡി.സി. നിയമനങ്ങളിൽ യു. ഡി. സി. വിഭാഗത്തിൽ ആകെ നടന്ന 8 നിയമനങ്ങളിൽ 3 എണ്ണവും എൽ. ഡി. സി. വിഭാഗത്തിൽ നടന്ന 14 നിയമനങ്ങളിൽ 8 എണ്ണവും ഇ. റ്റി. ബി. വിഭാഗത്തിന് ലഭിച്ചതും മറ്റുചില സമുദായങ്ങൾ പരിഗണിക്കപ്പെടാതെ പോയതും നിയമാനുസൃതം സംവരണം പാലിക്കാത്തതിനാലാണ് എന്ന് സമിതി മനസ്സിലാക്കുകയും ഇപ്രകാരം സംഭവിക്കാനുള്ള കാരണം ബന്ധപ്പെട്ട വകുപ്പിനോട് ആരായുവാൻ തീരുമാനിക്കുകയുമുണ്ടായി. സമിതി ആരാഞ്ഞ പ്രസ്തുത അധിക വിവരങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും 18-10-2012-ലെ 15329/എ 1/12/ഉ.വി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ഇപ്രകാരമാണ്:

"പൊതുമേഖലാ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ, സർക്കാർ വകുപ്പുകൾ എന്നിവിടങ്ങളിലെ സംവരണ പ്രാതിനിധ്യം പരിശോധിക്കവേ, കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ നടത്തിയ നിയമനങ്ങളിൽ സംവരണ തത്വം പാലിച്ചിട്ടില്ല എന്ന് സമിതി ചൂണ്ടിക്കാണിക്കുകയുണ്ടായി. എന്നാൽ, കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ നടത്തിയ നിയമനങ്ങൾ പൂർണ്ണമായും സംവരണ തത്വം പാലിച്ചാണ് നടത്തിയിട്ടുള്ളത് എന്ന് ലൈബ്രറി കൗൺസിൽ സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്. 7-10-2009-ലെ 9390/A1/07/ഉ.വി.വ. നമ്പർ കത്ത് പ്രകാരം സർക്കാരിൽ നിന്നും സമിതിക്ക് നൽകിയ റിപ്പോർട്ട് 26-8-2009-ൽ ലൈബ്രറി കൗൺസിലിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ളതാണ്. അന്ന് സമർപ്പിച്ചിട്ടുള്ള പ്രൊ ഫോർമയിൽ സൂചിപ്പിച്ചിട്ടുള്ള എൽ. ഡി. സി., യു. ഡി. സി. എണ്ണങ്ങൾ 28-8-2009-ലെ സ്ഥിതി അനുസരിച്ചുള്ളതാണ്. സർക്കാരിൽ നിന്നും അറിയിച്ച തീയതി ശ്രദ്ധിക്കാതെയാണ് അന്ന് കൗൺസിലിൽ നിന്നും സ്റ്റേറ്റ്മെന്റ് നൽകിയതും ആയത് ടി ഓഫീസിൽ നിന്നും വന്നിട്ടുള്ള പിശകാണെന്ന് കൗൺസിൽ സെക്രട്ടറി അറിയിക്കുകയും ശരിയായ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്".

പ്രസ്തുത മറുപടി 1-1-2013-ലെ സമിതി യോഗം പരിഗണിക്കുകയും നരേന്ദ്രൻ കമ്മീഷൻ ശിപാർശ വന്നതിനുശേഷം നടന്ന നിയമനങ്ങളിൽ പിന്നോക്ക വിഭാഗക്കാർക്ക് മതിയായ സംവരണം ലഭ്യമാക്കിയിട്ടില്ലെന്ന് സമിതി അഭിപ്രായപ്പെടുകയും പൊതുമേഖലാ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ, സർക്കാർ വകുപ്പുകൾ എന്നിവിടങ്ങളിലേക്കുള്ള നിയമനങ്ങളിൽ പിന്നോക്ക സമുദായങ്ങൾക്കുണ്ടായ പിന്നോക്ക പ്രാതിനിധ്യം നികത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിനോട് ആരായുവാനും തീരുമാനിച്ചു.

തുടർന്ന്, ആസൂത്രണ സാമ്പത്തികകാര്യ (ബി.പി.ഇ.) വകുപ്പ് 21-10-2013-ലെ 9161/ബി.പി.ഇ 3/13/പ്ലാനിംഗ് നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ഇപ്രകാരമാണ്:

"കേരള സർക്കാരിന്റെ കീഴിൽ വരുന്നതും 26 സർക്കാർ ഭരണ വകുപ്പുകളുടെ നേരിട്ടുള്ള ഭരണനിയന്ത്രണത്തിൽപ്പെടുന്നതുമായ പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച വിഷയങ്ങൾ ആണ് ആസൂത്രണ സാമ്പത്തികകാര്യ (ബി.പി.ഇ.) വകുപ്പിൽ കൈകാര്യം ചെയ്തുവരുന്നത്.

പ്രസ്തുത പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭരണപരമായ നിയന്ത്രണം സർക്കാരിന്റെ വിവിധ വകുപ്പുകൾക്ക് കീഴിലാണെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങളിലെ സംവരണം പോലെയുള്ള പൊതുവായ വിഷയങ്ങൾ പരിശോധിച്ച് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും നൽകുന്നത് ആസൂത്രണ സാമ്പത്തികകാര്യ (ബി.പി.ഇ.) വകുപ്പിൽ നിന്നുമാണ്. എന്നാൽ സംവരണം സംബന്ധിച്ച പുതുതായ (fresh) ഉത്തരവുകൾ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് മാത്രമായി ഈ വകുപ്പിൽ നിന്നും പുറപ്പെടുവിക്കാറില്ല. മറിച്ച്, ഇക്കാര്യത്തിൽ, പൊതു സർവ്വീസിൽ നടപ്പാക്കി പുറപ്പെടുവിക്കുന്ന ഉത്തരവുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കൂടി ബാധകമാക്കി ഈ വകുപ്പിൽ നിന്നും ഉത്തരവ് പുറപ്പെടുവിക്കുകയാണ് ചെയ്യാറുള്ളത്. നിലവിൽ സർക്കാർ വകുപ്പുകളിൽ, പിന്നോക്കസമുദായ പ്രാതിനിധ്യക്കുറവ് നികത്തുന്നതിന് പ്രത്യേക നിയമനം നടത്തുന്നത് സംബന്ധിച്ച് ഉത്തരവ് നിലവിലില്ല. അതിനാൽ തന്നെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന പൊതുമേഖലാ സ്ഥാപനങ്ങളിലെ പിന്നോക്ക സമുദായ പ്രാതിനിധ്യക്കുറവ് പരിഹരിക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല. എന്നാൽ കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ രണ്ടാം ഭാഗത്തിലെ 14 മുതൽ 17 വരെയുള്ള ചട്ടപ്രകാരം, സർക്കാർ സർവ്വീസിലെ നിയമനങ്ങളിൽ പാലിച്ചിരിക്കേണ്ടതായ സംവരണ തത്വം പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളിലും പാലിച്ചിരിക്കണം എന്ന കർശന നിർദ്ദേശം നിലവിലുള്ളതിനാൽ, സാധാരണ ഗതിയിൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ പിന്നോക്ക സമുദായ പ്രാതിനിധ്യക്കുറവ് ഉണ്ടാകേണ്ടതില്ല. എന്നിരുന്നാലും, സർക്കാർ സർവ്വീസിലെയും പൊതുമേഖലാ സ്ഥാപനങ്ങളിലെയും പിന്നോക്കസമുദായ പ്രാതിനിധ്യം വിലയിരുത്തുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായി ഒരു ഉന്നതതല സമിതി രൂപീകരിച്ച് പിന്നോക്ക സമുദായ വികസന (എ) വകുപ്പിൽ നിന്ന് ഉത്തരവായിട്ടുണ്ട്. അതനുസരിച്ച് പൊതുമേഖലയിലെ പിന്നോക്ക പ്രാതിനിധ്യം വിലയിരുത്തുന്നതിന് പ്രസ്തുത സമിതിയുടെ യോഗം വിളിച്ചുചേർക്കുന്നതിനായി ബി. പി. ഇ.യുടെ പരിധിയിൽ വരുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ പിന്നോക്ക വിഭാഗക്കാരുടെ പ്രാതിനിധ്യം സംബന്ധിച്ച സ്റ്റാറ്റസ് റിപ്പോർട്ട് ശേഖരിക്കുന്നതിനായുള്ള നടപടികൾ ഈ വകുപ്പിൽ നിന്നും സ്വീകരിച്ചുവരുന്നുണ്ട്.

യൂണിവേഴ്സിറ്റികൾ, സർക്കാർ വകുപ്പുകൾ എന്നിവിടങ്ങളിലുള്ള നിയമനങ്ങളിലെ പിന്നോക്ക സമുദായിക പ്രാതിനിധ്യം സംബന്ധിച്ച വിവരങ്ങൾ ആസൂത്രണ സാമ്പത്തികകാര്യ (ബി.പി.ഇ.) വകുപ്പിൽ ലഭ്യമല്ല".

പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച 28-5-2014-ലെ സമിതി യോഗം പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ പിന്നോക്ക സാമുദായിക പ്രാതിനിധ്യം സംബന്ധിച്ച നിലവിലെ സ്ഥിതി വകുപ്പിനോട് ആരായുവാൻ തീരുമാനിച്ചതിൻപ്രകാരം തുടർനടപടികൾ സ്വീകരിച്ചുവരവേ പൊതുമേഖലാ സ്ഥാപനങ്ങളിലെ പിന്നോക്ക സമുദായ പ്രാതിനിധ്യം സംബന്ധിച്ച് സമിതി (2014-16)യുടെ അഞ്ചാമത് റിപ്പോർട്ട് 10-7-2014-ൽ സഭയിൽ

സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിന്മേലുള്ള അനന്തര നടപടികൾ 4921/ബി.സി.സി2/14/നി.സെ. നമ്പർ ഫയലിൽ സ്വീകരിച്ചുവരുന്ന സാഹചര്യത്തിൽ ഈ ഫയലിലെ നടപടികൾ അവസാനിപ്പിക്കുകയുണ്ടായി.

4. <u>എം.ജി. സർവ്വകലാശാലയുടെ ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റ് പുനഃപ്രസിദ്ധീകരിക്കാൻ നടപടി ആവശ്യപ്പെട്ട് മെക്ക, കോട്ടയം ജില്ലാ പ്രസിഡന്റ് ശ്രീ. കെ.ഒ. ഷംസുദ്ദീൻ സമർപ്പിച്ച ഹർജി.</u>

(ഫയൽ നമ്പർ 691/ബി.സി.സി1/10/നി.സെ.)

കോട്ടയം കളക്ടറേറ്റ് യോഗത്തിൽ വച്ച് മെക്ക സമർപ്പിച്ച ഹർജി പ്രകാരം എം.ജി. സർവ്വകലാശാല 2009 ഡിസംബറിൽ പ്രസിദ്ധീകരിച്ച ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റിൽ കെ.എസ്.&എസ്.എസ്.ആർ. അനുശാസിക്കുന്ന നിയമം പാലിച്ചിട്ടില്ലെന്നും ജാതി തിരിച്ചുള്ള സപ്ലിമെന്ററി ലിസ്റ്റ് പ്രസിദ്ധീകരിച്ചില്ലെന്നും അനുപാതം തിരിച്ച് മുസ്ലീം നിയമനം നടപ്പാക്കിയില്ലെന്നും 26 പേരുള്ള ലിസ്റ്റിൽ ആകെ ഒരു മുസ്ലീം വിദ്യാർത്ഥി മാത്രമാണുള്ളതെന്നും ഇത് പ്രസ്തുത സമുദായത്തോടുള്ള കടുത്ത അവഗണനയാണെന്നും പറഞ്ഞിരിക്കുന്നു. ആകയാൽ കെ.എസ്.&എസ്.എസ്.ആർ.-ലെ വ്യവസ്ഥകൾ അനുസരിച്ച് റാങ്ക് ലിസ്റ്റ് പുനഃപ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കണമെന്നതായിരുന്നു ഹർജിയിലെ ആവശ്യം.

27-1-2010-ൽ ചേർന്ന സമിതി യോഗം പ്രസ്തുത ഹർജി പരിഗണിക്കുകയും സർക്കാരിൽ നിന്ന് റിപ്പോർട്ട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു. തുടർന്ന് ഉന്നത വിദ്യാഭ്യാസ (ബി) വകുപ്പ് 5-10-2010-ലെ 14033/ബി4/10/ഉ.വി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ഇപ്രകാരമാണ്:

"പ്രസ്തുത നിവേദനം സർവ്വകലാശാല രജിസ്ട്രാറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ പരിശോധിക്കുകയുണ്ടായി.

15-11-1996-ൽ നടത്തിയ എഴുത്തുപരീക്ഷയുടെയും 31-10-2009-ൽ നടത്തിയ പ്രായോഗിക പരീക്ഷയുടെയും അടിസ്ഥാനത്തിലാണ് ടൈപ്പിസ്റ്റ് തസ്തികയിലേക്ക് തെരഞ്ഞെടുപ്പിനുള്ള ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ചതെന്നും ടൈപ്പ്റൈറ്റിംഗിലും ഷോർട്ട്ഹാന്റിലും നടത്തിയ പ്രായോഗിക പരീക്ഷയിൽ യോഗ്യത നേടിയ ഉദ്യോഗാർത്ഥികളെയാണ് സർട്ടിഫിക്കറ്റ് പരിശോധനയ്ക്കുശേഷം റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും യോഗ്യത നേടിയ ഒരു മുസ്ലീം ഉദ്യോഗാർത്ഥി മാത്രമാണ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതെന്നും സർവ്വകലാശാല രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്.

24-12-2009-ൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേക്ക് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും നിലവിലുണ്ടായിരുന്ന ഒരു മുസ്ലീം ബാക്ക്‌ലോഗ് വേക്കൻസിയിലേക്ക് ആദ്യ നിയമനം നടത്തുകയും മറ്റ് ഒഴിവുകളിലേക്ക് നിയമാനുസൃതമായ സംവരണ തത്വങ്ങൾ പാലിച്ചു കൊണ്ട് നിയമനം പൂർത്തിയാക്കുകയും ചെയ്തതായി സർവ്വകലാശാല രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്.

മഹാത്മാ ഗാന്ധി സർവ്വകലാശാലയിൽ നിയമനങ്ങൾ നടത്തുന്നത് കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്കും നിലവിലുള്ള സംവരണ വ്യവസ്ഥകൾക്കും വിധേയമായിട്ടാണെന്നും രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്".

പ്രസ്തുത റിപ്പോർട്ട് 11-1-2011-ലെ സമിതിയോഗം പരിഗണിക്കുകയും 15-11-1996-ൽ എഴുത്തു പരീക്ഷ നടത്തുകയും 13 വർഷങ്ങൾക്ക് ശേഷം 31-10-2009-ൽ പ്രായോഗിക പരീക്ഷ നടത്തുകയും 24-12-2009-ൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുള്ളതായി അറിയിച്ചുകൊണ്ടുള്ള മറുപടി തൃപ്തികരമല്ലെന്ന് സമിതി അഭിപ്രായപ്പെടുകയും പ്രായോഗിക പരീക്ഷ നടത്തുന്നതിൽ വന്നിട്ടുള്ള കാലതാമസം സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയിൽനിന്നും ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്താൻ സമിതി തീരുമാനിക്കുകയും ചെയ്തു. എന്നാൽ, ഈ ഫയലിൽ മറ്റ് തുടർനടപടികളൊന്നും സ്വീകരിക്കാതിരുന്ന സാഹചര്യത്തിൽ ഫയലിന്മേലുള്ള തുടർനടപടികൾ അവസാനിപ്പിക്കുവാൻ 27-8-2014-ലെ സമിതിയോഗം നിർദ്ദേശിച്ച പ്രകാരം ഫയൽ നടപടികൾ അവസാനിപ്പിക്കുകയും ചെയ്തു.

5. എം.ജി. യൂണിവേഴ്സിറ്റിയിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ നിയമനം ലഭിക്കുന്നതിനായി ശ്രീമതി ഷീന എം. പോൾ സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 708/ബി.സി.സി1/10/നി.സെ.)

ഹർജിക്കാരി എൽ. ഡി. ടൈപ്പിസ്റ്റ് തസ്തികയിലേക്ക് 1995-ലെ വിജ്ഞാപന പ്രകാരം അപേക്ഷ നൽകുകയും 1996-ൽ എഴുത്തുപരീക്ഷയും 2009-ൽ പ്രായോഗിക പരീക്ഷയും പാസ്സായി 24-12-2009-ൽ പ്രസിദ്ധപ്പെടുത്തിയ 27 പേരടങ്ങുന്ന റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുകയും ചെയ്തിരുന്നു. പതിമൂന്ന് വർഷത്തോളമായി നിയമനം നടക്കാതിരുന്ന ടി തസ്തികയിലേക്ക് 4 പേർക്ക് മാത്രമേ നിയമന ഉത്തരവ് നൽകിയിട്ടുള്ളുവെന്നും എന്നാൽ ഇപ്പോഴും മുപ്പതോളം പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന അവിടെ ജോലി ചെയ്തുവരുന്നുണ്ടെന്നും എഴുത്തുപരീക്ഷയിലും പ്രായോഗിക പരീക്ഷയിലും ധാരാളം പിന്നോക്ക വിഭാഗക്കാരുണ്ടായിരുന്നുവെങ്കിലും മതിയായ പ്രാതിനിധ്യം ഉറപ്പുവരുത്താൻ യൂണിവേഴ്സിറ്റി ശ്രദ്ധിച്ചില്ലെന്നും സൂചിപ്പിച്ചിട്ടുണ്ട്. ഒ.ഇ.സി. വിഭാഗത്തിൽപ്പെട്ട ഹർജിക്കാരിക്ക് 38 വയസ്സായതിനാൽ വേറൊരു ജോലിക്ക് അപേക്ഷിക്കുവാൻപോലും സാധിക്കുകയില്ലെന്നും കുടുംബത്തിൽ മറ്റ് സ്ഥിരവരുമാനമാർഗ്ഗമൊന്നുമില്ലെന്നും ആകയാൽ സമിതി ഇതേക്കുറിച്ച് അന്വേഷണം നടത്തി നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും ഹർജിക്കാരിക്കും മറ്റ് പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും നിയമനം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം എന്ന് ഹർജിയിൽ ആവശ്യപ്പെട്ടിരുന്നു. 27-1-2010-ൽ കോട്ടയം കളക്ടറേറ്റിൽ ചേർന്ന സമിതിയോഗത്തിൽ സമർപ്പിക്കപ്പെട്ട പ്രസ്തുത ഹർജി പരിഗണിച്ച സമിതി ഹർജിക്കാരി ഉൾപ്പെടെ ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റിലുള്ളവർക്ക് മാനുഷിക പരിഗണന നൽകി നിയമനം ലഭ്യമാക്കുന്നതിന് ഈ വിവരം എം. ജി. യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിന്റെ ശ്രദ്ധയിൽ

പ്പെടുത്തണമെന്ന് പ്രസ്തുത യോഗത്തിൽ പങ്കെടുത്ത യൂണിവേഴ്സിറ്റി രജിസ്ട്രാർക്ക് സമിതി നിർദ്ദേശം നൽകിയിരുന്നു. തുടർന്ന്, സമിതി നിർദ്ദേശപ്രകാരം ഹർജിയിന്മേൽ സർക്കാരിൽനിന്ന് റിപ്പോർട്ടാവശ്യപ്പെട്ടു.

ഹർജിയിന്മേൽ ഉന്നതവിദ്യാഭ്യാസ (ബി) വകുപ്പിൽനിന്നും 28-10-2010-ലെ 14035/ബി4/10/ഉ.വി.വ. നമ്പർ കത്ത് മുഖേന ലഭിച്ച റിപ്പോർട്ട് ഇപ്രകാരമാണ്:

"പ്രസ്തുത ഹർജി മഹാത്മാ ഗാന്ധി സർവ്വകലാശാല രജിസ്ട്രാറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ പരിശോധിക്കുകയുണ്ടായി.

24-12-2009-ൽ എം. ജി. യൂണിവേഴ്സിറ്റി പ്രസിദ്ധീകരിച്ച എൽ. ഡി. ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റിൽ പരാതിക്കാരിയായ ശ്രീമതി ഷീന എം. പോൾ 21-ാമതായി റാങ്ക് ചെയ്യപ്പെട്ടിരുന്നതായും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചപ്പോൾ തന്നെ നിയമനത്തിനായി വിജ്ഞാപനം പുറപ്പെടുവിച്ച ദിവസം നിലവിലുണ്ടായിരുന്ന ഒഴിവുകളിൽ നിയമനം നടത്തുന്നതോടെ റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുമെന്ന് സർവ്വകലാശാല നിശ്ചയിച്ചിരുന്നതായും സംവരണതത്വങ്ങൾ പാലിച്ചുകൊണ്ട് 4 പേർക്ക് നിയമനം നൽകുകയും ഒ.ബി.സി.യുടെ ടേണിൽ ഉദ്യോഗാർത്ഥികൾ ഇല്ലാത്തതിനാൽ പ്രസ്തുത ഒഴിവ് തുടർനടപടികൾക്കായി നീക്കിവയ്ക്കുകയും ചെയ്തതായും മേൽ ഒഴിവുകളിൽ പരാതിക്കാരിയുടെ സമുദായം ഉൾപ്പെടാതിരുന്നതിനാലാണ് പരാതിക്കാരിക്ക് നിയമനം നൽകാതിരുന്നതെന്നും രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. നിലവിലുള്ള ഒഴിവുകളിൽ നിയമനം നൽകുന്നതിന് സർവ്വകലാശാലാധികൃതർ നിയമാനുസരണം നടപടികൾ സ്വീകരിച്ചിട്ടുള്ളതിനാൽ എൽ. ഡി. ടൈപ്പിസ്റ്റ് തസ്തികയിലെ നിയമനത്തിൽ പിന്നോക്ക വിഭാഗക്കാരെ ഒഴിവാക്കി നിയമനം നടത്തിയെന്ന ഹർജിക്കാരിയുടെ ആരോപണത്തിന് അടിസ്ഥാനമുള്ളതായി കാണുന്നില്ല".

പ്രസ്തുത റിപ്പോർട്ട് 11-1-2011-ലെ സമിതിയോഗം പരിഗണിക്കുകയും റിപ്പോർട്ട് തൃപ്തികരമല്ല എന്ന് അഭിപ്രായപ്പെടുകയും ഇക്കാര്യത്തിൽ വിശദവിവരം ആരായുന്നതിന് എം. ജി. സർവ്വകലാശാല രജിസ്ട്രാർ, ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി എന്നിവരിൽനിന്നും തെളിവെടുപ്പ് നടത്താൻ തീരുമാനിക്കുകയും ചെയ്തു.

തുടർന്ന്, ഈ ഫയലിൽ മറ്റ് തുടർനടപടികളൊന്നും സ്വീകരിക്കാതിരുന്ന സാഹചര്യത്തിൽ ഫയലിന്മേലുള്ള തുടർനടപടികൾ അവസാനിപ്പിക്കുവാൻ 27-8-2014-ലെ സമിതിയോഗം നിർദ്ദേശിച്ചതിൻപ്രകാരം ഫയൽ നടപടികൾ അവസാനിപ്പിച്ചു.

എം. ജി. സർവ്വകലാശാല ഉൾപ്പെടെ സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളിലെയും വിവിധ തസ്തികകളിലേക്ക് നടത്തുന്ന എഴുത്തുപരീക്ഷകളും പ്രായോഗിക പരീക്ഷകൾ വേണ്ടിവരുന്നപക്ഷം ആയവയും സമയബന്ധിതമായി നടത്തണമെന്നും സർവ്വകലാശാലകളിലേക്ക് നടത്തുന്ന നിയമനങ്ങളെല്ലാം കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്കും നിലവിലുള്ള സംവരണ വ്യവസ്ഥകൾക്കും വിധേയമായിട്ടായിരിക്കണമെന്നും സമിതി ശക്തമായി ശിപാർശ ചെയ്യുന്നു.

കൂടാതെ, എം.ജി. സർവ്വകലാശാലയിൽ 1-4-2011 മുതൽ 31-3-2015 വരെ നടത്തിയ നിയമനങ്ങളുടെ വിശദാംശം നിശ്ചിത പ്രൊ ഫോർമയിൽ ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

6. വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് സെക്രട്ടറി, വിശ്വബ്രഹ്മ വൈദിക വിദ്യാപീഠം പ്രസിഡന്റ് ശ്രീ. ആചാര്യ റ്റി.വി. രാജേന്ദ്രൻ സമർപ്പിച്ച ഹർജി സംബന്ധിച്ച്.

(ഫയൽ നമ്പർ 4783/ബി.സി.സി1/10/നി.സെ.)

വിശ്വകർമ്മ സമുദായത്തിലെ അഞ്ച് ഉപവിഭാഗങ്ങൾക്കും പ്രാതിനിധ്യം ലഭിക്കുന്നതിനായി ഓരോ ഉപവിഭാഗത്തിനും 2% വീതം സംവരണം ഏർപ്പെടുത്തുക; തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, നിയമസഭ, പാർലമെന്റ് എന്നിവിടങ്ങളിലെ തെരഞ്ഞെടുപ്പുകളിൽ സംവരണം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുക; പരമ്പരാഗത തൊഴിലാളികൾക്ക് നൽകുന്ന എല്ലാവിധ ആനുകൂല്യങ്ങളും വിശ്വകർമ്മ വിഭാഗങ്ങൾക്കുകൂടി ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുക എന്നിവയായിരുന്നു ഹർജിയിലെ ആവശ്യങ്ങൾ.

ഹർജിയിന്മേൽ പട്ടികജാതി/പട്ടികവർഗ്ഗ വികസന (എഫ്) വകുപ്പ് 7-4-2011-ലെ 6859/എഫ്2/11/പ.ജ.പ.വ.വി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി ഇപ്രകാരമാണ്:

"വിശ്വബ്രഹ്മസമാജ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് 2% പ്രൊഫഷണൽ കോഴ്സുകളിലേക്കുള്ള സീറ്റുകളിൽ സംവരണം കിട്ടാൻ ശിപാർശ ചെയ്യണമെന്നതാണ് ഹർജിയിലെ ആവശ്യം. വിശ്വബ്രഹ്മസമുദായം സംസ്ഥാന ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുന്ന തിനാൽ ഈ വിഭാഗങ്ങൾക്ക് നൽകിവരുന്ന എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും നിലവിൽ അവർക്ക് ലഭിക്കുന്നുണ്ട്. എന്നാൽ 2% പ്രൊഫഷണൽ കോഴ്സുകളിലെ സീറ്റുകളിൽ സംവരണം നൽകണമെന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല എന്നുള്ള വിവരം അറിയിക്കുന്നു".

തദ്ദേശസ്വയംഭരണ (ഇ.എം.) വകുപ്പ് 16-4-2011-ലെ 19352/ഇ.എം1/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി:

"ആവശ്യം: പഞ്ചായത്ത്, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, നിയമസഭ, പാർലമെന്റ് എന്നിവിടങ്ങളിലെ തെരഞ്ഞെടുപ്പിൽ സംവരണം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

നടപടി റിപ്പോർട്ട്: തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നേരിട്ടുള്ള തെരഞ്ഞെടുപ്പിലൂടെ നികത്തേണ്ടതായ സീറ്റുകളിൽ പട്ടികജാതി/പട്ടികവർഗ്ഗങ്ങൾക്കും വനിതകൾക്കുമുള്ള സംവരണം ഭരണഘടനയുടെ 243 ഡി, 243 റ്റി എന്നീ അനുച്ഛേദങ്ങളിൽ (യഥാക്രമം പഞ്ചായത്തുകളുടെയും മുനിസിപ്പൽ പ്രദേശങ്ങളുടെയും) ആണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് ജനസംഖ്യാനുപാതികമായ സംവരണമാണ് കേരള പഞ്ചായത്ത് രാജ് നിയമത്തിലും കേരള മുനിസിപ്പാലിറ്റി നിയമത്തിലും വ്യവസ്ഥ ചെയ്തിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് സീറ്റുകൾ സംവരണം ചെയ്തുകൊണ്ടുള്ള വ്യവസ്ഥകൾ പിന്നോക്കവിഭാഗങ്ങളിലെ ആളുകൾക്ക് സീറ്റുകൾ സംവരണം ചെയ്യുന്നതിന് സംസ്ഥാന നിയമസഭകളെ തടസ്സപ്പെടുത്തുന്നവയല്ല എന്ന് ഭരണഘടനയിൽത്തന്നെ [അനുച്ഛേദം 243 ഡി (6), 243 റ്റി (6)] വ്യക്തമാക്കിയിട്ടുണ്ടെങ്കിലും കേരള പഞ്ചായത്ത് രാജ് ആക്ടിലും കേരള മുനിസിപ്പാലിറ്റി ആക്ടിലും പിന്നോക്കവിഭാഗക്കാർക്ക് സീറ്റുകൾ സംവരണം ചെയ്യുന്നതിന് വ്യവസ്ഥ ചെയ്തിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വനിതകൾക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുമൊഴികെയുള്ള മറ്റ് പിന്നോക്കക്കാർക്ക് സംവരണം ഏർപ്പെടുത്തുന്ന കാര്യത്തിൽ തീരുമാനമെടുക്കേണ്ടതും അതിനായി കേരള പഞ്ചായത്ത് രാജ് ആക്ടിലും മുനിസിപ്പാലിറ്റി ആക്ടിലും ഭേദഗതി വരുത്തേണ്ടതുമുണ്ട്. അത്തരത്തിൽ ഒരു നിയമഭേദഗതി ഇപ്പോൾ പരിഗണനയിലില്ല".

തൊഴിലും പുനരധിവാസവും (ഡി) വകുപ്പ് 27-8-2011-ലെ 7529/ഡി2/11/തൊഴിൽ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി :

"ആവശ്യം: പരമ്പരാഗത തൊഴിലാളികൾക്ക് നൽകുന്ന എല്ലാവിധ ആനുകൂല്യങ്ങളും വിശ്വകർമ്മ വിഭാഗങ്ങൾക്കുകൂടി ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം.

നടപടി വിവരം: സംസ്ഥാനത്തെ എല്ലാ തൊഴിലാളികൾക്കും ജാതി, മതം, സമുദായം എന്നിവയ്ക്കതീതമായി അവർ ഏർപ്പെട്ടിരിക്കുന്ന തൊഴിലിന്റെ അടിസ്ഥാനത്തിൽ അവരുടെ ക്ഷേമനിധികളിൽ അംഗങ്ങളാകുവാനും ആനുകൂല്യങ്ങൾ ലഭിക്കുന്നതിനും അർഹതയുണ്ട്. അതനുസരിച്ച് ഒരുപരിധിവരെ അവരുടെ സാമൂഹ്യസുരക്ഷിതത്വവും ഉറപ്പാക്കിയിട്ടുണ്ട് എന്ന വിവരം അറിയിക്കുന്നു".

പ്രസ്തുത റിപ്പോർട്ടുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ഗവൺമെന്റ് മറുപടി ഹർജിക്കാരനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

7. ശ്രീനാരായണ മഹാസഭ, പാലക്കാട് ജില്ലാ കമ്മിറ്റി പ്രസിഡന്റ് സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 3107/ബി.സി.സി1/10/നി.സെ.)

പിന്നോക്ക സമുദായങ്ങൾക്ക് സംവരണത്തിലൂടെയും മെരിറ്റിലൂടെയും നിയമനങ്ങൾക്ക് അർഹതയുണ്ടെങ്കിലും സംവരണത്തിലൂടെ മാത്രമേ നിയമനങ്ങൾ ലഭിക്കുന്നുള്ളൂവെന്നും മെരിറ്റ് പ്രകാരം നിയമനം ലഭിക്കുന്നില്ല, ചട്ടങ്ങൾ ലംഘിച്ച് നിയമനം നടത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുക, പി. എസ്. സി. നിയമനങ്ങളിൽ ചട്ടങ്ങൾ ലംഘിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുക, സർക്കാർ

സർവ്വീസിൽ പിന്നോക്കക്കാരുടെ കുറവ് പരിഹരിക്കുന്നതിന് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുക, ന്യൂനപക്ഷ സമുദായങ്ങൾക്ക് നിലവിൽ ആവശ്യത്തിലധികം വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉള്ളതിനാൽ വീണ്ടും വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കരുത്, അവ കുറവുള്ള സമുദായങ്ങൾക്ക് അനുവദിക്കുക, സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഡെപ്പോസിറ്റ് തുക ഒരു ലക്ഷം രൂപയായി നിജപ്പെടുത്തുകയും ഡെപ്പോസിറ്റിനുള്ള തുകയ്ക്ക് ലോൺ അനുവദിക്കുകയും ചെയ്യുക, ക്ഷേത്രങ്ങളിൽ യോഗ്യതയുടെ അടിസ്ഥാനത്തിൽ ദേവസ്വം ബോർഡ് മുഖേന ശാന്തിക്കാരെ നിയമിക്കുക, മണ്ഡൽ കമ്മീഷൻ ശിപാർശകൾ നടപ്പിലാക്കുക, രാജ്ഭവനിലെ നിയമനങ്ങളിൽ സംവരണതത്വം പാലിക്കുക തുടങ്ങിയവയാണ് ഹർജിയിലെ ആവശ്യങ്ങൾ.

പാലക്കാട് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ 23-6-2010-ൽ ചേർന്ന സമിതിയോഗത്തിൽ സമർപ്പിക്കപ്പെട്ട പ്രസ്തുത ഹർജി സമിതി പരിഗണിക്കുകയും പി.എസ്.സി. നിയമനങ്ങൾ 20-ന്റെ യൂണിറ്റ് അടിസ്ഥാനമാക്കി റൊട്ടേഷൻ തയ്യാറാക്കുന്നതുമൂലം പിന്നോക്ക വിഭാഗങ്ങൾക്ക് മെരിറ്റ് പ്രകാരം നിയമനം ലഭിക്കുന്നില്ലെന്നുള്ള പരാതികൾ സമിതിയുടെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സമിതി ഇക്കാര്യം സംബന്ധിച്ച് ബന്ധപ്പെട്ട ഗവൺമെന്റ് സെക്രട്ടറിമാരുമായി ചർച്ച നടത്തിയിട്ടുണ്ടെന്നും കെ.എസ്. & എസ്.എസ്.ആർ.-ലെ 14 മുതൽ 17 വരെയുള്ള ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തി റൊട്ടേഷൻ പുനഃക്രമീകരിക്കണമെന്ന് സർക്കാരിലേക്ക് ശിപാർശ ചെയ്തിട്ടുണ്ടെന്നും നിലവിൽ എസ്.സി./എസ്.ടി. വിഭാഗത്തിന് മാത്രമേ സ്പെഷ്യൽ റിക്രൂട്ട്മെന്റിന് വ്യവസ്ഥ ചെയ്തിട്ടുള്ളുവെന്നും അതിനാൽ ഒ.ബി.സി. വിഭാഗത്തിലെ സംവരണനഷ്ടം പരിഹരിക്കുന്നതിന് സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഏർപ്പെടുത്തണമെന്ന ആവശ്യത്തിന്മേൽ തൽക്കാലം നടപടി സ്വീകരിക്കാൻ കഴിയില്ലെന്നും ദേവസ്വം ബോർഡിലെ നിയമനങ്ങൾ സമിതിയുടെ അധികാരപരിധിയിൽവരുന്ന വിഷയമല്ലെന്നും സമിതി നിർദ്ദേശപ്രകാരം ഹർജിക്കാരനെ അറിയിക്കുകയും ചെയ്തിരുന്നു. സാമ്പത്തികവും സാമൂഹികവും വിദ്യാഭ്യാസപരവുമായി പിന്നോക്കം നിൽക്കുന്ന ന്യൂനപക്ഷ സമുദായത്തിൽപ്പെട്ടവർക്ക് വിദ്യാഭ്യാസപരമായി ഉയർന്നുവരുവാൻ സാഹചര്യം സൃഷ്ടിക്കേണ്ടത് സർക്കാരിന്റെ ബാധ്യതയായതിനാൽ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് വിദ്യാഭ്യാസസ്ഥാപനങ്ങൾ അനുവദിക്കാൻ പാടില്ലെന്ന ആവശ്യം പരിഗണനാർഹമല്ലെന്ന് സമിതി അഭിപ്രായപ്പെടുകയും ഹർജിയിലെ മറ്റ് ആവശ്യങ്ങളിന്മേൽ സർക്കാരിൽനിന്നും റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുകയുമുണ്ടായി.

രാജ്ഭവനിലെ നിയമനം സംബന്ധിച്ച് പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ് 4-12-2010-ലെ 39561/പൊളിറ്റിക്കൽ3/2010/പൊ.ഭ.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ഇപ്രകാരമാണ്:

"രാജ്ഭവനിലെ നിയമനങ്ങൾ സംബന്ധിച്ച പ്രത്യേക ചട്ടങ്ങൾ (Special Rules) പുറപ്പെടുവിക്കുന്നതിന് പൊതുഭരണ വകുപ്പ് നടപടി സ്വീകരിക്കുന്നുണ്ട്. ഇപ്പോൾ ഇത്

സംബന്ധിച്ച ഫയൽ (നമ്പർ 63449/പൊളി.3/09/പൊ.ഭ.വ.) ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ പരിശോധനയിലാണ്. നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്."

പിന്നോക്കസമുദായക്കാരായ കുട്ടികൾക്ക് സൗജന്യ ഹോസ്റ്റൽ സൗകര്യം ലഭ്യമാക്കണമെന്ന മണ്ഡൽ കമ്മീഷൻ ശിപാർശയിന്മേൽ പട്ടികജാതി/പട്ടികവർഗ്ഗ വികസന (ബി) വകുപ്പ് 31-3-2011-ലെ 1442/ബി2/2011/പ.ജ.പ.വ.വി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ഇപ്രകാരമാണ്:

"പിന്നോക്കസമുദായക്കാരായ വിദ്യാർത്ഥികൾക്കായി പട്ടികജാതി വികസന വകുപ്പ് കോളേജ്/യൂണിവേഴ്സിറ്റിയോട് അനുബന്ധിച്ച് ഒ. ബി. സി. ഹോസ്റ്റലുകൾ 50% കേന്ദ്രസഹായത്തോടെ നിർമ്മിച്ചുവരുന്നു. പ്രസ്തുത ഹോസ്റ്റലുകൾ നിർമ്മിച്ച് അവ അതത് കോളേജ്/യൂണിവേഴ്സിറ്റികൾക്ക് കൈമാറുകയാണ് ചെയ്യുന്നത്. കൂടാതെ ബിരുദാനന്തര ബിരുദം/പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന 42,000 രൂപവരെ വാർഷിക വരുമാനപരിധി യുള്ള എസ്.ഇ.ബി.സി. വിദ്യാർത്ഥികളിലെ ഹോസ്റ്റൽ അന്തേവാസികൾക്ക് 250 രൂപ സ്റ്റൈപ്പന്റും 500 രൂപ ലംപ്സം ഗ്രാന്റും മുഴുവൻ ഫീസാനുകൂല്യവും പോളിടെക്നിക്ക് കോഴ്സുകൾക്ക് പഠിക്കുന്ന 42,000 രൂപവരെ വരുമാനപരിധിയുള്ള ഹോസ്റ്റൽ അന്തേവാസികൾക്ക് 150 രൂപ സ്റ്റൈപ്പന്റും 200 രൂപ ലംപ്സം ഗ്രാന്റും മുഴുവൻ ഫീസ് ആനുകൂല്യങ്ങളും നൽകിവരുന്നുണ്ട്.

പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ പിന്നോക്കവിഭാഗ വിദ്യാർത്ഥികൾക്ക് '10% മറ്റുള്ളവർ' എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി പ്രവേശനം നൽകിവരുന്നു. ഇപ്രകാരം പ്രവേശനം ലഭിക്കുന്ന പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സൗജന്യ ഹോസ്റ്റൽ സൗകര്യവും മെസ്സ് അലവൻസും ടി ഹോസ്റ്റലുകളിലെ മറ്റ് അന്തേവാസികൾക്ക് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും പട്ടികജാതി വികസന വകുപ്പ് നൽകിവരുന്നുണ്ട്."

ഹർജിയിലെ 'പി. എസ്. സി. നിയമനങ്ങൾ 20-ന്റെ യൂണിറ്റ് അടിസ്ഥാനമാക്കി റൊട്ടേഷൻ ചാർട്ട് തയ്യാറാക്കുന്നതുമൂലം പിന്നോക്ക വിഭാഗങ്ങൾക്ക് മെറിറ്റ് പ്രകാരം നിയമനം ലഭിക്കുന്നില്ല, ചട്ടങ്ങൾ ലംഘിച്ച് നിയമനം നടത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കുക' തുടങ്ങിയ ആവശ്യങ്ങളിന്മേൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര റൂൾസ് വകുപ്പ് 3-5-2011-ലെ 1287/ആർ1/11/ഉ.ഭ.പ.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി ഇപ്രകാരമാണ്:

'സംവരണതത്വം ബോധപൂർവ്വം ലംഘിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷണനടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

കേരളാ സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ റൂൾ പ്രകാരമുള്ള സംവരണക്രമം പാലിച്ചുകൊണ്ടാണ് കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ ലിസ്റ്റിൽനിന്നും നിയമനം നടത്തിവരുന്നത്. ഇതിൻപ്രകാരം 50% മെരിറ്റിലും 50% സംവരണത്തിലൂടെയും നിയമനം നടത്തിവരുന്നു. പിന്നോക്കസമുദായങ്ങൾക്ക് മെരിറ്റടിസ്ഥാനത്തിലും സംവരണത്തിലൂടെയും ജോലി ലഭിച്ചുവരുന്നു. എന്നാൽ മെരിറ്റടിസ്ഥാനത്തിൽ ജോലി ലഭിച്ചവരുടെ ജാതി തിരിച്ചുള്ള കണക്ക് സാധാരണ ഗതിയിൽ കമ്മീഷൻ നൽകാറില്ല എന്ന് അറിയിക്കുന്നു.'

പ്രസ്തുത റിപ്പോർട്ടുകൾ പരിഗണിച്ച സമിതിയോഗം മെരിറ്റടിസ്ഥാനത്തിൽ ജോലി ലഭിച്ചവരുടെ ജാതിതിരിച്ചുള്ള കണക്ക് സാധാരണ ഗതിയിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ നൽകാറില്ലെങ്കിലും നിയമനം നടത്തുന്നതിൽ സംവരണതത്വം പാലിക്കുന്നില്ല എന്ന പരാതി ഉയർന്നുവന്ന സാഹചര്യത്തിൽ മെരിറ്റടിസ്ഥാനത്തിൽ ജോലി ലഭിച്ചവരുടെ ജാതിതിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കാൻ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിനോട് ആവശ്യപ്പെടാൻ നിർദ്ദേശിക്കുകയുണ്ടായി. പിന്നോക്കസമുദായക്കാരായ വിദ്യാർത്ഥികൾക്കായി കോളേജ്/യൂണിവേഴ്സിറ്റിയോട് അനുബന്ധിച്ച് ഒ.ബി.സി. ഹോസ്റ്റലുകൾ 50% കേന്ദ്രസഹായത്തോടെ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് നിർമ്മിച്ചതിൽ ഇതുവരെ എത്ര ഒ.ബി.സി. ഹോസ്റ്റലുകളും പ്രീ മെട്രിക് ഹോസ്റ്റലുകളും നിർമ്മിച്ചുവെന്നും എത്ര കുട്ടികൾക്ക് ഇതുവരെയായി അഡ്മിഷൻ നൽകിയിട്ടുണ്ടെന്നും അഡ്മിഷൻ നൽകുന്നതിനുള്ള മാനദണ്ഡം എന്താണെന്നുമുള്ള റിപ്പോർട്ട് ബന്ധപ്പെട്ട വകുപ്പിനോട് ആവശ്യപ്പെടാനും സമിതി നിർദ്ദേശിക്കുകയുണ്ടായി. കൂടാതെ, രാജ്ഭവനിലെ നിയമനങ്ങൾക്കായി പ്രത്യേക ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായി എന്ന് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിനോട് ആരായാനും സമിതി നിർദ്ദേശിച്ചു.

രാജ്ഭവനിലെ നിയമനങ്ങൾ സംബന്ധിച്ച് സമിതി ആരാഞ്ഞ അധികവിവരങ്ങൾക്ക് പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ് 3-9-2012-ലെ 66151/പോൾ.3/2012/പൊ.ഭ.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി ഇപ്രകാരമാണ്:

"കേരള രാജ്ഭവൻ സർവ്വീസസിലെ നിയമനങ്ങൾക്കായി കരട് സ്പെഷ്യൽ റൂൾസ് സമർപ്പിക്കുവാൻ സർക്കാർ നിർദ്ദേശപ്രകാരം ഒരു സമിതിയെ നിയോഗിക്കുകയും പ്രസ്തുത സമിതി സ്പെഷ്യൽ റൂൾസിന്റെ കരട് സർക്കാരിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കരട് സ്പെഷ്യൽ റൂൾസിൽ നീതിയുക്തമല്ലാത്ത പല നിർദ്ദേശങ്ങളും അടങ്ങിയിട്ടുള്ളതായി ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പും നിയമ വകുപ്പും ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ ടി കരട് റൂൾസ് സർക്കാർ തലത്തിൽ വിശദമായി പരിശോധിച്ച് വരികയാണ്."

പി.എസ്.സി. വഴി ജോലി ലഭിച്ചവരുടെ വിശദവിവരങ്ങൾ സംബന്ധിച്ച് 11-1-2012-ലെ സമിതിയോഗം ആരാഞ്ഞ അധികവിവരങ്ങൾക്ക് ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) വകുപ്പ് 15-12-2012-ലെ 8774/ആർ1/12/ഉ.ഭ.പ.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി ഇപ്രകാരമാണ്.

"2009-10, 2010-11, 2011-12 സാമ്പത്തികവർഷങ്ങളിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ നൽകിയ നിയമന ശിപാർശകളുടെ ക്രോഡീകരിച്ച ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. മെരിറ്റ് ടേണിൽ ഏതെങ്കിലും സംവരണ സമുദായത്തിന് നിശ്ചിത വിഹിതം നിയമന ശിപാർശകൾ നൽകണമെന്ന് വ്യവസ്ഥയില്ലെന്നും അറിയിക്കുന്നു."

പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച 27-5-2013-ലെ സമിതിയോഗം കേരള രാജ്ഭവൻ സർവ്വീസിലെ നിയമനങ്ങൾക്കായുള്ള കരട് സ്പെഷ്യൽ റൂളിന്റെ പരിശോധന പുരോഗതി സംബന്ധിച്ചുള്ള വിശദവിവരങ്ങൾ പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പിനോട് ആരായുവാൻ നിർദ്ദേശിച്ചു.

2009-10, 2010-11, 2011-12 വർഷങ്ങളിൽ പി.എസ്.സി. വഴി നൽകിയ നിയമന ശിപാർശകളുടെ ക്രോഡീകരിച്ച ലിസ്റ്റിൽ സംവരണവിഭാഗത്തിൽ നിയമനം ലഭിക്കേണ്ട ഉദ്യോഗാർത്ഥികളുടെ എണ്ണം ആകെ നടത്തിയ അഡ്വൈസിന്റെ 50% വരുന്നില്ലായെന്ന് സമിതി കണ്ടെത്തുകയുണ്ടായി. സംവരണവിഭാഗങ്ങൾക്ക് സംവരണ ക്വാട്ടയിൽ ലഭിക്കേണ്ടിയിരുന്ന നിയമനങ്ങളിൽ ഇത്തരത്തിലുള്ള കുറവ് വരുന്നതിന്റെ വിശദീകരണം ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിനോട് ആരായുവാൻ സമിതി നിർദ്ദേശിച്ചു. പിന്നോക്ക വിഭാഗത്തിൽപ്പെട്ടവരുടെ നിയമനം സംബന്ധിച്ച പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി മുഖ്യമന്ത്രി, അദ്ധ്യക്ഷനായി രൂപീകരിക്കപ്പെട്ട കമ്മിറ്റി എത്ര പ്രാവശ്യം യോഗം ചേർന്നു, എന്തൊക്കെ തീരുമാനങ്ങൾ എടുത്തു എന്നിവ സംബന്ധിച്ചുള്ള വിശദാംശങ്ങളും പിന്നോക്കസമുദായ വികസന വകുപ്പിനോട് ആരായുവാൻ സമിതി നിർദ്ദേശിച്ചു.

പിന്നോക്ക വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്കായി കോളേജുകളോടും യൂണിവേഴ്സിറ്റികളോടും അനുബന്ധിച്ച് അൻപത് ശതമാനം കേന്ദ്രസഹായത്തോടെ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് നിർമ്മിച്ച ഹോസ്റ്റലുകളുടെയും പ്രീമെട്രിക് ഹോസ്റ്റലുകളുടെയും എണ്ണം, പ്രസ്തുത ഹോസ്റ്റലുകളിൽ പിന്നോക്ക വിഭാഗത്തിൽപ്പെട്ട എത്ര വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകി, പ്രവേശനം നൽകുന്നതിന്റെ മാനദണ്ഡം എന്നിവയെക്കുറിച്ച് സമിതി ആവശ്യപ്പെട്ട അധികവിവരങ്ങളിന്മേലുള്ള റിപ്പോർട്ട് ഇതുവരെയും ലഭ്യമാക്കാത്ത വകുപ്പിന്റെ നടപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തി. പ്രസ്തുത റിപ്പോർട്ട് എത്രയും വേഗം ലഭ്യമാക്കാൻ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിനോട് ആവശ്യപ്പെടാൻ സമിതി നിർദ്ദേശിച്ചു.

ഹർജിയിലെ 'മണ്ഡൽ കമ്മീഷൻ ശിപാർശകൾ നടപ്പിലാക്കുക' എന്ന ആവശ്യത്തിന്മേൽ ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട ആവശ്യങ്ങളിന്മേൽ പ്രസ്തുത വകുപ്പ് വിശദാംശം ആവശ്യപ്പെട്ടതനുസരിച്ച് പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് പ്രസ്തുത വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഹർജിക്കാരന് കത്തയച്ചുവെങ്കിലും Insufficient Address എന്ന് കാണിച്ച് തപാൽ വകുപ്പ് പ്രസ്തുത കത്ത് തിരിച്ചയയ്ക്കുകയുണ്ടായി. തുടർന്ന് ഹർജിക്കാരന്റെ

പൂർണ്ണമായ മേൽവിലാസവും ഫോൺനമ്പരും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 24-1-2011, 23-4-2011 തീയതികളിൽ ഹർജിയിൽ ലഭ്യമായ മേൽവിലാസത്തിൽ കത്തയച്ചുവെങ്കിലും ഹർജിക്കാരന്റെ വ്യക്തമായ മേൽവിലാസം ലഭ്യമായിട്ടില്ല.

വ്യക്തമായ മേൽവിലാസത്തിന്റെ അഭാവത്തിൽ ഹർജിക്കാരന് അയയ്ക്കുന്ന കത്തുകൾ മടങ്ങിവരുന്ന സാഹചര്യത്തിൽ അത്തരം ഫയലുകളിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതില്ലെന്ന സമിതിയുടെ 7-5-2014-ലെ യോഗതീരുമാനപ്രകാരം ടി ഫയൽ നടപടികൾ അവസാനിപ്പിച്ചു.

കേരള രാജ്ഭവൻ സർവ്വീസിലെ നിയമനങ്ങളിൽ സാമുദായിക സംവരണം നടപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പിന്നോക്ക വിഭാഗത്തിൽപ്പെട്ടവരുടെ നിയമനം സംബന്ധിച്ച പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി മുഖ്യമന്ത്രി അദ്ധ്യക്ഷനായി രൂപീകരിക്കപ്പെട്ട കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കണമെന്നും അവ കാലാകാലങ്ങളിൽ യോഗം ചേർന്ന് സർക്കാരിലേക്ക് വേണ്ട നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സമർപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

പിന്നോക്ക വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്കായി കേന്ദ്രസഹായത്തോടെ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് നിർമ്മിച്ച ഹോസ്റ്റലുകളിലെ പ്രവേശനത്തിന് പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മതിയായ പ്രാതിനിധ്യം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

8. എൻ.സി.എ. തസ്തികകളിലേക്കുള്ള നിയമനത്തിലെ സങ്കീർണ്ണത ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണം എന്നാവശ്യപ്പെട്ട് ശ്രീ. അബ്ദു റഹിമാൻ മച്ചിങ്ങൽ, ശ്രീ. മുഹമ്മദ് അഷ്റഫ്, പി.കെ. എന്നിവർ സമർപ്പിച്ച ഹർജികൾ.

(ഫയൽ നമ്പർ 121/ബി.സി.സി1/12/നി.സെ.)&

(ഫയൽ നമ്പർ 126/ബി.സി.സി1/12/നി.സെ.)

പിന്നോക്കസമുദായ ക്ഷേമ സമിതി (2011-14)-യുടെ 2011 ഡിസംബർ 14-ന് കാസർഗോഡ് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ ലഭ്യമായതാണ് ഹർജി.

പി. എസ്. സി.യുടെ നിയമനങ്ങളിൽ ജനറൽ സീറ്റിലെ നിയമനം കഴിഞ്ഞ് വരുന്ന സംവരണ സീറ്റുകളിൽ യോഗ്യതയുള്ളവരില്ലെങ്കിൽ പ്രസ്തുത വേക്കൻസികൾ ഒഴിച്ചിടുകയും എൻ.സി.എ. വിജ്ഞാപനം വഴി നിയമനം നടത്തുകയും ചെയ്യുന്ന രീതിയാണ്

ഇപ്പോഴുള്ളതെന്നും എന്നാൽ എൻ. സി. എ. വിജ്ഞാപനങ്ങൾ നടത്തിയിട്ടും മതിയായ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ ലഭിക്കാതെ വന്നാലും ലിസ്റ്റിലെ മറ്റുള്ളവർക്ക് നിയമനം നൽകാൻ നടപടി സ്വീകരിക്കാത്തത് കാരണം അവസരനഷ്ടമുണ്ടാകുന്നതായും ഇത് പരിഹരിക്കുവാൻ വേണ്ട നിയമനിർമ്മാണം നടത്താൻ നടപടി സ്വീകരിക്കണമെന്നും കാലാവധി തികഞ്ഞു വരുന്ന ലിസ്റ്റുകൾ നീട്ടിവയ്ക്കുന്നതിന് നടപടി സ്വീകരിക്കണമെന്നുമാണ് ഹർജിയിലെ ആവശ്യം.

ഹർജി പരിഗണിച്ച സമിതി യോഗം സർക്കാരിൽ നിന്ന് റിപ്പോർട്ടാവശ്യപ്പെടാൻ തീരുമാനിച്ചു. ഹർജിയിന്മേൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) വകുപ്പ് 10-5-2013-ലെ 2196/ആർ1/12/ഉ.ഭ.പ.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി ഇപ്രകാരമാണ്:

'ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 8-3-2006-ലെ ജി.ഒ. (പി)07/06/ഉ.ഭ.പ.വ. പ്രകാരം കെ.എസ്. & എസ്.എസ്.ആർ-ലെ സംവരണ ചട്ടങ്ങൾ ഭേദഗതി വരുത്തി ഉത്തരവായതുപ്രകാരമാണ് എൻ.സി.എ. ഒഴിവുകൾ നികത്താതെ ബന്ധപ്പെട്ട സമുദായത്തിനുവേണ്ടി പുനഃവിജ്ഞാപനം ചെയ്യുന്നത്. നിലവിലെ ചട്ടങ്ങൾ പ്രകാരം ഉദ്യോഗാർത്ഥികൾ ലഭ്യമാകാതെ വരുന്ന സംവരണ ഊഴങ്ങളിലേക്ക് രണ്ട് തവണയിൽ കുറയാതെ എൻ.സി.എ. വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കേണ്ടതാണ്. അതിനുശേഷം മാത്രമേ ലഭ്യമായ അടുത്ത ഊഴം പിന്നോക്കസമുദായത്തിലെ ഉദ്യോഗാർത്ഥിയെ പരിഗണിക്കാവൂ. ചട്ടങ്ങൾ പരിഷ്കരിക്കാതെ നിലവിലുള്ള നടപടിക്രമങ്ങളിൽ മാറ്റം വരുത്തുവാൻ കഴിയില്ല. ആയതിനാൽ എൻ.സി.എ. ഒഴിവുകൾ ജനറൽ കാറ്റഗറിയിലേക്ക് മാറ്റി നിയമന ശിപാർശ നൽകാൻ നിർവ്വാഹമില്ല. തുടർച്ചയായ എൻ.സി.എ. വിജ്ഞാപനങ്ങൾക്കുശേഷവും ഒഴിവുകൾ നിലനിൽക്കുന്ന സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് ചട്ടങ്ങളിൽ അനുയോജ്യമായ രീതിയിൽ ഭേദഗതി വരുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ് എന്നുമുള്ള വിവരവും സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.'

പ്രസ്തുത റിപ്പോർട്ട് 27-8-2013-ലെ സമിതി യോഗം പരിഗണിക്കുകയുണ്ടായി. എൻ.സി.എ. നിയമനങ്ങളിലെ കാലതാമസം പരിഹരിക്കുന്നത് സംബന്ധിച്ച് സമിതി (2011-2014)-യുടെ നാലാമത് റിപ്പോർട്ടിന്മേലുള്ള തുടർനടപടികൾ 2387/ബി.സി.സി1/13/നി.സെ. നമ്പർ ഫയലിൽ സ്വീകരിച്ചുവരുന്നതിനാൽ റിപ്പോർട്ടിന്റെ പകർപ്പ് ഹർജിക്കാരന് അയച്ചുകൊടുത്ത് ഫയൽ നടപടികൾ അവസാനിപ്പിക്കുകയുണ്ടായി.

9. എൻ.സി.എ. വേക്കൻസികൾ കാലതാമസം കൂടാതെ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. എം.കെ. അബ്ദുൾ വഹാബ് സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 4395/ബി.സി.സി1/12/നി.സെ.)

പിന്നോക്കസമുദായ ക്ഷേമ സമിതി (2011-2014)-യുടെ 24-8-2012-ലെ തൃശ്ശൂർ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിലാണ് പ്രസ്തുത ഹർജി സമർപ്പിക്കപ്പെട്ടത്. എൽ.പി., യു.പി., ഹൈസ്കൂൾ എന്നിവിടങ്ങളിൽ അർഹരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ വർഷങ്ങളായി ഒഴിഞ്ഞു കിടക്കുന്ന എൻ.സി.എ. വേക്കൻസികൾ, ജനറൽ കാറ്റഗറിയിലേക്ക് മാറ്റി വിജ്ഞാപനം ചെയ്യുക വഴി തസ്തികകൾ നഷ്ടപ്പെടാതെ നികത്തുന്നതിന് കഴിയുമെന്നും പ്രായപരിധി കഴിയാറായവർക്കും അവസരം ലഭ്യമാകുമെന്നും ആയതിനാൽ പ്രസ്തുത പ്രശ്നപരിഹാരത്തിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നുമാണ് ഹർജിയിലെ ആവശ്യം.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി സർക്കാരിലേക്ക് അയച്ചു കൊടുത്തു. ഹർജിയിന്മേൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിൽ നിന്നും 10-4-2013-ലെ 18283/ആർ1/2012/ഉ.ഭ.പ.വ. നമ്പർ കത്ത് പ്രകാരം ലഭിച്ച റിപ്പോർട്ട് ഇപ്രകാരമാണ്:

"ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 8-3-2006-ലെ ജി.ഒ.(പി)07/06/ഉ.ഭ.പ.വ. പ്രകാരം കെ.എസ്. &എസ്.എസ്.ആർ-ലെ സംവരണ ചട്ടങ്ങൾ ഭേദഗതി വരുത്തി ഉത്തരവായതുപ്രകാരമാണ് എൻ.സി.എ. ഒഴിവുകൾ നികത്താതെ ബന്ധപ്പെട്ട സമുദായത്തിനുവേണ്ടി പുനഃവിജ്ഞാപനം ചെയ്യുന്നത്. നിലവിലെ ചട്ടങ്ങൾ പ്രകാരം ഉദ്യോഗാർത്ഥികൾ ലഭ്യമാകാതെ വരുന്ന സംവരണ ഊഴങ്ങളിലേക്ക് രണ്ട് തവണയിൽ കുറയാതെ എൻ.സി.എ. വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കേണ്ടതാണ്. അതിനുശേഷം മാത്രമേ ലഭ്യമായ അടുത്ത ഊഴം പിന്നോക്കസമുദായത്തിലെ ഉദ്യോഗാർത്ഥിയെ പരിഗണിക്കാവൂ. ചട്ടങ്ങൾ പരിഷ്കരിക്കാതെ നിലവിലുള്ള നടപടിക്രമങ്ങളിൽ മാറ്റം വരുത്തുവാൻ കഴിയില്ല. ആയതിനാൽ അറബിക് ടീച്ചർ തസ്തികയിലെ എൻ.സി.എ. ഒഴിവുകൾ ജനറൽ കാറ്റഗറിയിലേക്ക് മാറ്റി നിയമന ശിപാർശ നൽകാൻ നിർവാഹമില്ല. തുടർച്ചയായ എൻ.സി.എ. വിജ്ഞാപനങ്ങൾക്കുശേഷവും ഒഴിവുകൾ നിലനിൽക്കുന്ന സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് ചട്ടങ്ങളിൽ അനുയോജ്യമായ രീതിയിൽ ഭേദഗതി വരുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്."

പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച 17-7-2013-ലെ സമിതിയോഗം റിപ്പോർട്ട് വിവരം പരാതിക്കാരനെ അറിയിക്കുന്നതിനും എൻ.സി.എ. നിയമനങ്ങളിലെ കാലതാമസം പരിഹരിക്കുന്നത് സംബന്ധിച്ച് സമിതി (2011-2014)-യുടെ നാലാമത് റിപ്പോർട്ടിന്റെ പകർപ്പ് ഹർജിക്കാരന് അയച്ചുകൊടുക്കുന്നതിനും ഫയൽ നടപടികൾ അവസാനിപ്പിക്കുന്നതിനും തീരുമാനിച്ചു.

10. <u>പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന്റെ എൻ.സി.എ. ഒഴിവുകളിൽ മറ്റുള്ളവരെ നിയമിക്കുന്നതിലുള്ള സാങ്കേതിക തടസ്സം ഒഴിവാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. മുഹമ്മദ്സജീർ, പി. സമർപ്പിച്ച ഹർജി.</u>

(ഫയൽ നമ്പർ 373/ബി.സി.സി1/12/നി.സെ.)

എച്ച്.എസ്.എസ്.ടി. ഉർദു (ജൂനിയർ) റാങ്ക് ഹോൾഡേഴ്സ് അസോസിയേഷൻ സെക്രട്ടറി ശ്രീ. മുഹമ്മദ് സജീർ, പി. സമർപ്പിച്ചതാണ് ഹർജി. 18-12-2006-ൽ നിലവിൽ വന്ന എച്ച്.എസ്.എസ്.ടി. ഉർദു (ജൂനിയർ) റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്നയാളാണ് ഹർജിക്കാരൻ. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള എൻ.സി.എ. ഒഴിവുകളിലേക്ക് പലപ്രാവശ്യം സ്പെഷ്യൽ നോട്ടിഫിക്കേഷൻ നടത്തിയിട്ടും യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭ്യമാകാഞ്ഞിട്ടും ഈ ഒഴിവുകളിലേക്ക് ലിസ്റ്റിലുള്ള മറ്റുള്ളവരെ പരിഗണിക്കാൻ സാധിക്കുകയില്ലെന്ന പി.എസ്.സി. നിലപാടുമൂലം മറ്റുള്ളവർക്ക് നിയമനം ലഭിക്കാതെ വന്നിരിക്കുകയാണെന്നും ഈ സാങ്കേതിക തടസ്സം പരിഹരിച്ച് നിയമനം നടത്താൻ നടപടി സ്വീകരിക്കണമെന്നതാണ് ഹർജിയിൽ ആവശ്യപ്പെട്ടിരിക്കുന്നത്.

23-2-2012-ലെ സമിതി യോഗം ഹർജി പരിഗണിക്കുകയും സർക്കാരിൽ നിന്ന് റിപ്പോർട്ടാവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു.

ഹർജിയിന്മേൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) വകുപ്പ് 17-4-2012-ലെ 4210/ആർ1/2012/ഉ.ഭ.പ.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി ഇപ്രകാരമാണ്:

"ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 8-3-2006-ലെ ജി.ഒ. (പി) 07/06/ഉ.ഭ.പ.വ. പ്രകാരം കേരളാ സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിൽ വരുത്തിയ ഭേദഗതി പ്രകാരമാണ് എൻ.സി.എ. നിയമനങ്ങൾ നടത്തി വരുന്നത്. 1958-ലെ കേരളാ സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ ചട്ടം 15 (എ) പ്രകാരം 14-ാം ചട്ടത്തിന്റെ (സി)യിൽ പറഞ്ഞിട്ടുള്ള റൊട്ടേഷനും 17-ാം ചട്ടത്തിലെ 2-ാം ഉപചട്ടത്തിലെ അനുബന്ധത്തിൽ പ്രത്യേകം പറഞ്ഞിട്ടുള്ള പ്രകാരവും ഏതെങ്കിലും സമുദായത്തിലോ സമുദായങ്ങളുടെ ഗ്രൂപ്പിലോ നിന്ന് അനുയോജ്യനായ ഉദ്യോഗാർത്ഥി ലഭ്യമല്ലാത്തപക്ഷം അങ്ങനെയുള്ള ഒഴിവ് നികത്താതെ വയ്ക്കേണ്ടതും ടി ഒഴിവ് ആ തെരഞ്ഞെടുപ്പ് വർഷത്തേക്ക് ആ സമുദായത്തിനോ സമുദായങ്ങളുടെ ഗ്രൂപ്പിനോവേണ്ടി പ്രത്യേകമായി വിജ്ഞാപനം ചെയ്യേണ്ടതും ആ സമുദായത്തിൽ നിന്നോ സമുദായങ്ങളുടെ ഗ്രൂപ്പിൽ നിന്നോ മാത്രം നേരിട്ടുള്ള റിക്രൂട്ട്മെന്റ് മുഖേന നികത്തേണ്ടതുമാണ്. കുറഞ്ഞത് രണ്ട് തവണയെങ്കിലും ആവർത്തിച്ച പുനർവിജ്ഞാപനം നടത്തിയതിനുശേഷവും അതത് സമുദായത്തിൽ നിന്നോ സമുദായങ്ങളുടെ ഗ്രൂപ്പിൽ നിന്നോ തെരഞ്ഞെടുക്കുന്നതിന് അനുയോജ്യരായ ഉദ്യോഗാർത്ഥികൾ ലഭ്യമല്ലാത്തപക്ഷം ലഭ്യമായ പിന്നോക്ക വിഭാഗക്കാരായ ഉദ്യോഗാർത്ഥികളിൽ നിന്നും തെരഞ്ഞെടുപ്പ് നടത്തേണ്ടതുമാണ്. മറ്റ് പിന്നോക്ക വിഭാഗക്കാരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ലഭ്യമായ പട്ടികജാതിക്കാരായ ഉദ്യോഗാർത്ഥികളിൽ നിന്നും തെരഞ്ഞെടുപ്പ് നടത്തേണ്ടതും അവരുടെയും അഭാവത്തിൽ ലഭ്യമായ പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളിൽ നിന്നും തെരഞ്ഞെടുപ്പ് നടത്തേണ്ടതുമാണ്.

ചട്ടം 15 ഉപചട്ടം (ബി) അനുസരിച്ച് അനുബന്ധത്തിൽ ചേർത്തിട്ടുള്ള പ്രകാരം പട്ടികജാതിക്കാർക്ക് അലോട്ട് ചെയ്തിട്ടുള്ള ഊഴത്തിലേക്ക് തെരഞ്ഞെടുക്കുന്നതിന് അനുയോജ്യനായ ഉദ്യോഗാർത്ഥി ലഭ്യമല്ലെങ്കിൽ പ്രസ്തുത ഗ്രൂപ്പിനെ പാസ് ഓവർ ചെയ്യേണ്ടതും പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നുള്ള അനുയോജ്യനായ ഒരു ഉദ്യോഗാർത്ഥിയെകൊണ്ട് ഈ ഒഴിവ് നികത്തേണ്ടതും ഇതുപോലെ തിരിച്ചും ചെയ്യേണ്ടതുമാണ്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ ടേൺ നിലവിലുള്ള വ്യവസ്ഥപ്രകാരം മറ്റ് വിഭാഗങ്ങൾക്ക് മാറ്റികൊടുക്കാവുന്നതല്ല.

ഒരു തസ്തികയിലെ നിയമനത്തിനായുള്ള റാങ്ക് ലിസ്റ്റിൽ മതിയായ ഒരു നിശ്ചിത സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ ലഭിക്കാതെ വരുന്ന സാഹചര്യത്തിൽ ആ സമുദായത്തിൽ നിന്ന് തന്നെ നേരിട്ടുള്ള നിയമനത്തിനായി രണ്ട് തവണയിൽ കുറയാതെ നോട്ടിഫൈ ചെയ്യണമെന്നല്ലാതെ കൃത്യമായി എത്ര തവണ നോട്ടിഫൈ ചെയ്യണമെന്നോ നോട്ടിഫിക്കേഷനുകൾ എത്ര കാലയളവിനുള്ളിലാവണമെന്നോ, എൻ. സി. എ. വിജ്ഞാപനങ്ങൾ നടത്തിയിട്ടും ഉദ്യോഗാർത്ഥികളെ ലഭിക്കാത്തപക്ഷം പ്രസ്തുത ഒഴിവുകൾ എപ്രകാരം നികത്തണമെന്നോ ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ല. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെ എൻ.സി.എ. ഒഴിവുകൾ പരസ്പരമല്ലാതെ മറ്റ് സമുദായങ്ങൾക്ക് മാറ്റി നൽകുവാൻ പാടില്ലായെന്ന് ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ല എങ്കിലും, ഈ ഒഴിവുകളിൽ മറ്റ് സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിനും ചട്ടത്തിൽ വ്യവസ്ഥ ചെയ്യുന്നില്ല.

തുടർച്ചയായുള്ള എൻ.സി.എ. വിജ്ഞാപനങ്ങൾക്കുശേഷവും ഉദ്യോഗാർത്ഥികളെ ലഭ്യമല്ലാതെ വന്നിട്ടുള്ള പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന്റെ നിരവധി എൻ.സി.എ. ഊഴങ്ങൾ നികത്തപ്പെടാതെ അവശേഷിക്കുന്ന സാഹചര്യം നിലവിലുള്ള വിവരം പബ്ലിക് സർവ്വീസ് കമ്മീഷൻ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം എൻ.സി.എ. ഒഴിവുകളിലേക്ക് രണ്ട് പ്രാവശ്യത്തിൽ കുറയാതെ പുനഃവിജ്ഞാപനം നടത്തിയിട്ടും നിശ്ചിത സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ ലഭിക്കാത്തപക്ഷം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുള്ള ഭേദഗതി നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നുണ്ട് എന്നുള്ള വിവരവും സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു."

എൻ.സി.എ. നിയമനങ്ങളിലെ കാലതാമസം പരിഹരിക്കുന്നത് സംബന്ധിച്ച് പിന്നോക്ക സമുദായ ക്ഷേമ സമിതി (2011-2014)-യുടെ നാലാമത് റിപ്പോർട്ട് 2013 ഏപ്രിൽ മാസം 10-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിന്മേലുള്ള തുടർനടപടികൾ 2387/ബി.സി.സി1/13/നി.സെ. ഫയലിൽ സ്വീകരിച്ചുവരുന്ന സാഹചര്യത്തിൽ റിപ്പോർട്ടിന്റെ അച്ചടിച്ച ഒരു പകർപ്പ് ഹർജിക്കാരന് അയച്ചുകൊടുത്ത് ഫയൽ നടപടികൾ അവസാനിപ്പിച്ചു.

11. <u>വിശ്വകർമ്മ സർവ്വീസ് സൊസൈറ്റി കണ്ണൂർ താലൂക്ക് യൂണിയൻ സെക്രട്ടറി ശ്രീ. വി.പി. സോമൻ സമർപ്പിച്ച ഹർജി.</u>

(ഫയൽ നമ്പർ 4447/ബി.സി.സി1/07/നി.സെ.)

വിശ്വകർമ്മ സർവ്വീസ് സൊസൈറ്റി കണ്ണൂർ താലൂക്ക് യൂണിയൻ സെക്രട്ടറി ശ്രീ. വി. പി. സോമൻ സമർപ്പിച്ച ഹർജിയിൽ കേരളത്തിലെ പിന്നോക്ക വിഭാഗങ്ങളിൽ പ്രബലരായ വിശ്വകർമ്മ വിഭാഗക്കാർ വിദ്യാഭ്യാസത്തിലെ പിന്നോക്കാവസ്ഥ കാരണം സർക്കാർ കാലാകാലങ്ങളായി പ്രഖ്യാപിക്കുന്ന ആനുകൂല്യങ്ങൾ പോലും പ്രയോജനപ്പെടുത്തുന്നില്ലെന്നും വിദ്യാഭ്യാസ, തൊഴിൽ മേഖലകളിലെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി ടി വിഭാഗക്കാരുടെ ചില ആവശ്യങ്ങൾ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തണമെന്നുമാണ് ഹർജിയിലെ ആവശ്യം.

ആവശ്യങ്ങൾ ഇവയാണ്:

(1) പ്ലസ് വൺ മുതലുള്ള ഉന്നതവിദ്യാഭ്യാസത്തിന് ടി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സംവരണം ഏർപ്പെടുത്തുക.

(2) പി.എസ്.സി. നിയമനങ്ങളിൽ ഓരോ ലിസ്റ്റ് അവസാനിക്കുന്നിടത്തുനിന്നും പുതിയ ലിസ്റ്റിലെ റൊട്ടേഷൻ ആരംഭിക്കുക.

(3) കേരള ഗസറ്റ് പ്രകാരം 'ആചാരി' എന്ന സമുദായം മറ്റ് പിന്നോക്ക വിഭാഗത്തിലില്ല എന്നതിനാൽ വിശ്വകർമ്മ സമുദായത്തിന്റെ ഉപവിഭാഗങ്ങളായ ആശാരി, മൂശാരി, തട്ടാൻ, കൊല്ലൻ എന്നിവയിൽ 'ആചാരി' എന്ന വിഭാഗത്തിന്റെ പേര് സ്കൂൾ സർട്ടിഫിക്കറ്റിൽ ഇംഗ്ലീഷിൽ എഴുതുമ്പോൾ 'ആചാരി' എന്നെഴുതുന്നത് തിരുത്താൻ ജില്ലാതലത്തിൽ അനുവാദം നൽകണം.

(4) മലബാർ ദേവസ്വം ബോർഡ് രൂപീകരിക്കുമ്പോൾ ഇവർക്ക് അർഹതപ്പെട്ട പ്രാതിനിധ്യം നൽകുക.

ഹർജിയിന്മേൽ പട്ടികജാതി പട്ടികവർഗ്ഗ വികസന (എഫ്) വകുപ്പ് 3-7-2009-ലെ 2928/എഫ്3/08/പ.ജ.പ.വ.വി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി ഇപ്രകാരമാണ്:

"<u>ആവശ്യം 2</u>: ഓരോ റാങ്ക് ലിസ്റ്റും അവസാനിക്കുമ്പോൾ റൊട്ടേഷൻ നിൽക്കുന്ന സ്ഥലത്ത് നിന്നു തന്നെയാണ് അതേ തസ്തികക്കു പുതിയ റാങ്ക് ലിസ്റ്റ് നിലവിൽ വരുമ്പോഴും റൊട്ടേഷൻ ആരംഭിക്കുന്നതെന്ന് പി.എസ്.സി. അറിയിച്ചിട്ടുണ്ട്.

<u>ആവശ്യം4</u>: മലബാർ ദേവസ്വം ബോർഡ് രൂപീകരിക്കുമ്പോൾ അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള വ്യക്തമായ നിർദ്ദേശങ്ങൾ മദ്രാസ് ഹിന്ദു റിലീജിയസ് ആന്റ് ചാരിറ്റബിൾ എൻഡോവ്മെന്റ് (അമെന്റ്മെന്റ്) ഓർഡിനൻസ് 2008-ൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ വിശ്വകർമ്മ സമുദായത്തിൽ സമുദായത്തിന്റെ പേരിൽ പ്രത്യേകം പ്രാതിനിധ്യം നൽകാൻ കഴിയുകയില്ലായെന്ന് റവന്യൂ (ദേവസ്വം) വകുപ്പ് അറിയിച്ചിരിക്കുകയാണ്."

ഹർജിയിലെ ഒന്നാമത് ആവശ്യത്തിന്മേൽ ഉന്നതവിദ്യാഭ്യാസ (ബി) വകുപ്പ് 9-12-2009-ലെ 39645/ബി1/09/ഉ.വി.വ. നമ്പർ കത്ത്പ്രകാരം ലഭ്യമാക്കിയ മറുപടി ഇപ്രകാരമാണ്.

"ഇപ്പോൾ തന്നെ സംവരണം 50% ആയതിനാൽ, ഉന്നതവിദ്യാഭ്യാസത്തിന് വിശ്വകർമ്മജർക്ക് പ്രത്യേക സംവരണം അനുവദിക്കണമെന്ന ആവശ്യം പരിഗണിക്കാൻ നിർവ്വാഹമില്ലെന്ന് പിന്നോക്കസമുദായ ക്ഷേമ സമിതിയെ അറിയിക്കുന്നു."

ഹർജിയിലെ മൂന്നാമത് ആവശ്യത്തിന്മേൽ പൊതുവിദ്യാഭ്യാസ (ജി) വകുപ്പ് 4-9-2013-ലെ 68402/ജി3/09/പൊ.വി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ഇപ്രകാരമാണ്:

"മേൽപരാമർശിച്ച ഹർജി പട്ടികജാതി പട്ടികവർഗ്ഗ വികസന (എഫ്) വകുപ്പ് മുഖേന 17-11-2009-ൽ ഈ വകുപ്പിൽ ലഭിച്ചു. സ്കൂൾ സർട്ടിഫിക്കറ്റുകളിൽ ഇംഗ്ലീഷിൽ എഴുതുമ്പോൾ ACHARI എന്ന് എഴുതിയത് തിരുത്തുവാൻ ജില്ലാതലത്തിൽ അനുവാദം നൽകുവാൻ ഉത്തരവ് പുറപ്പെടുവിക്കുക എന്നതായിരുന്നു ഹർജിയിലെ ആവശ്യം. വിദ്യാർത്ഥിയുടെ പേര്, മേൽവിലാസം, മതം, ജനനതീയതി തുടങ്ങിയവയിലെ പിശകുകൾ തിരുത്തുന്നതിനുള്ള അധികാരം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് നൽകികൊണ്ടുള്ള കേരള ഗസറ്റ് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്."

പ്രസ്തുത ഗവൺമെന്റ് റിപ്പോർട്ടുകൾ ഹർജിക്കാരനെ അറിയിച്ചിട്ടുണ്ട്.

12. <u>വിവിധ കോഴ്സുകളിലെ പ്രവേശന മാനദണ്ഡങ്ങളിൽ മറ്റ് പിന്നോക്ക ജാതിക്കാർക്ക് മാർക്കിളവ് അനുവദിക്കുന്നത് സംബന്ധിച്ച് മെക്ക സമർപ്പിച്ച ഹർജി.</u>

(ഫയൽ നമ്പർ 4370/ബി.സി.സി1/12/നി.സെ.)

കേരളത്തിലെ സർവ്വകലാശാലകളിലെ വിവിധ കോഴ്സുകൾക്ക് ചേരുന്നതിന് ഒ.ബി.സി. വിഭാഗത്തിൽപ്പെട്ടവർക്ക് മാർക്കിളവ് അനുവദിക്കുന്നുണ്ടെങ്കിലും മൂന്ന് വർഷത്തെ എൽ.എൽ.ബി. കോഴ്സിന് ചേരുന്നതിന് നിലവിൽ പിന്നോക്ക വിഭാഗക്കാർക്ക് മാർക്കിളവ് അനുവദിക്കുന്നില്ലെന്നും ആയതിനാൽ പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്ക് ഡിഗ്രി/പി.ജി. കോഴ്സുകളിൽ 45% മാർക്ക് നിഷ്കർഷിക്കുകയോ ഡിഗ്രി കോഴ്സിന്റെ മാർക്കിൽ 2% ഇളവ് അനുവദിക്കുകയോ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നതാണ് മെക്ക സമർപ്പിച്ച ഹർജിയിലെ ആവശ്യം.

ഹർജിയിന്മേൽ ഉന്നതവിദ്യാഭ്യാസ (സി) വകുപ്പ് 22-4-2013-ലെ 34362/സി1/12/ ഉ.വി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

"കേരള നിയമസഭയുടെ പിന്നോക്കസമുദായ ക്ഷേമ സമിതി (2011-2014) മുമ്പാകെ, മുസ്ലീം എംപ്ലോയീസ് കൾച്ചറൽ അസോസിയേഷൻ സ്റ്റേറ്റ് വൈസ്-പ്രസിഡന്റ് സമർപ്പിച്ച നിവേദനത്തിന്മേലുള്ള റിപ്പോർട്ട് സർക്കാർ പരിശോധിച്ചു. Advocate Act 1961, ആയതിന്റെ ഭേദഗതികൾ എന്നിവയുടെ അടിസ്ഥാനത്തിൽ Bar Council of India-യാണ് ലീഗൽ വിദ്യാഭ്യാസം ഇൻഡ്യയിൽ നടപ്പിലാക്കിയിട്ടുള്ളത്. Bar Council of India നിഷ്കർഷിക്കുന്ന

യോഗ്യതാ മാനദണ്ഡങ്ങൾക്കനുസരിച്ചാണ് എൽ. എൽ. ബി. പഠനപ്രവേശനത്തിന് യോഗ്യതാ മാർക്ക് നിശ്ചയിച്ചിരിക്കുന്നത്. ആയതിനാൽ സംസ്ഥാന സർക്കാരിന് ഇതിൽ മാർക്കിളവ് അനുവദിക്കുവാൻ നിർവ്വാഹമില്ല. ഈ വിഷയത്തിൽ Bar Council of India അധികൃതരാണ് നടപടി സ്വീകരിക്കേണ്ടത്. ആയതിനാൽ നിവേദനം സമർപ്പിച്ച മുസ്ലിം എംപ്ലോയീസ് കൾച്ചറൽ അസോസിയേഷൻ സ്റ്റേറ്റ് വൈസ് -പ്രസിഡന്റിനെ ഇക്കാര്യം അറിയിച്ചിട്ടുണ്ട്."

പ്രസ്തുത റിപ്പോർട്ട് സമിതി യോഗം പരിഗണിക്കുകയും ഗവൺമെന്റ് റിപ്പോർട്ട് ഹർജിക്കാരനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

13. <u>തീരദേശ പരിപാലന നിയമത്തിൽ തീരദേശവാസികളായ കയർ-കർഷക-കള്ള് ചെത്ത് തൊഴിലാളികൾക്കും ഇളവ് അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീ.രാജേന്ദ്ര പ്രസാദ് സമർപ്പിച്ച ഹർജി സംബന്ധിച്ച്</u>

(ഫയൽ നമ്പർ 5477/ബി.സി.സി1/12/നി.സെ.)

കേന്ദ്ര സർക്കാരിന്റെ തീരദേശപരിപാലന നിയമപ്രകാരം തീരത്തോട് ചേർന്ന് 100 മീറ്റർ പരിധിയിൽ ഗൃഹനിർമ്മാണം അനുവദനീയമല്ല. ഈ നിയമം തീരദേശത്ത് താമസിക്കുന്നവരും കള്ള് ചെത്ത്, കയർ, കൃഷി മേഖലയിൽ പ്രവർത്തിക്കുന്നവരും നാമമാത്ര ഭൂമി കൈവശമുള്ള ബി.പി.എൽ. കുടുംബക്കാരുമായ ഈഴവ സമുദായംഗങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നതായും ആയതിനാൽ പരമ്പരാഗത തൊഴിൽ സമൂഹമെന്നനിലയിൽ മത്സ്യത്തൊഴിലാളികൾക്ക് ഇളവ് അനുവദിച്ചിട്ടുള്ളതുപോലെ കയർ-കർഷക-കള്ള് ചെത്ത് തൊഴിലാളികൾക്കും ഇളവ് നൽകണമെന്നതാണ് ഹർജിയിലെ ആവശ്യം.

സമിതിയുടെ 6-11-2012-ലെ ആലപ്പുഴ ജില്ലാ കളക്ടറേറ്റ് യോഗത്തിലാണ് പ്രസ്തുത ഹർജി സമർപ്പിക്കപ്പെട്ടത്. സമിതി നിർദ്ദേശപ്രകാരം ഹർജിയിന്മേൽ സർക്കാരിൽ നിന്ന് റിപ്പോർട്ട് ആവശ്യപ്പെടുകയുണ്ടായി.

ശാസ്ത്രസാങ്കേതിക വകുപ്പ് 2-8-2013-ലെ 2253/എ 3/2012/KCZMA/S&TD നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി ഇപ്രകാരമാണ്:

"തീരദേശ മേഖലയിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്കും മറ്റ് പ്രാദേശിക സമൂഹത്തിനും സുരക്ഷിതമായ ജീവിതമാർഗ്ഗം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് തീരദേശ നിയന്ത്രണ മേഖല വിജ്ഞാപനം വിഭാവനം ചെയ്യുന്നത്. തീരദേശ വിജ്ഞാപന പ്രകാരം തീരമേഖലകൾ CRZ I (പരിസ്ഥിതിപരമായി പ്രാധാന്യമുള്ള മേഖല), CRZ II (നിർമ്മിതികൾ ഉള്ള മേഖല), CRZ III (ഗ്രാമീണമേഖല), CRZ IV (ജലമേഖല) എന്നായി തരംതിരിച്ചിരിക്കുന്നു.

CRZ III-ൽപ്പെടുന്ന പ്രദേശങ്ങളിൽ കായലിന്റെ വേലിയേറ്റരേഖയിൽ നിന്നും കരയിലേക്ക് 100 മീറ്റർ വികസനരഹിത മേഖലയാണ്. ഇത് കായലിലെ ദ്വീപുകളിൽ 50 മീറ്ററുമാണ്. ഇവിടങ്ങളിൽ നിലവിലുള്ള (1991) അംഗീകൃത നിർമ്മിതികളുടെ അറ്റകുറ്റപ്പണികളോ, പുനർനിർമ്മാണമോ നിലവിലുള്ള തറ വിസ്തൃത സൂചിക, സ്തംഭപാദം, സാന്ദ്രത എന്നിവയ്ക്ക് മാറ്റമില്ലാതെ അനുവദിക്കാമെങ്കിലും പുതിയ നിർമ്മിതികൾ അനുവദനീയമല്ല. എന്നാൽ കുളിമുറി അടക്കമുള്ള പൊതു സൗകര്യങ്ങൾക്ക് നിയന്ത്രണങ്ങളിൽ ഇളവ് നൽകാവുന്നതാണ്. [CRZ Notification 2011, Para 8 IIIA (iii)j]. ഇതിനായി സംസ്ഥാന തീരദേശ അതോറിറ്റിയെ പഞ്ചായത്തുകൾക്ക് സമീപിക്കാവുന്നതുമാണ്.

മേൽവിവരിച്ച നിയന്ത്രണങ്ങളുടെ അടിസ്ഥാനത്തിൽ ശ്രീ. പി. രാജേന്ദ്ര പ്രസാദിന്റെ നിവേദനം പരിശോധിക്കുകയും പരാതിയിൽ ഉന്നയിച്ചിരിക്കുന്ന വിഷയം പരിഗണനാർഹമെന്ന് കണ്ടെത്തുകയും ചെയ്തതിനെതുടർന്ന് പ്രസ്തുത നിവേദനത്തിലെ കാര്യത്തിൽ CRZ-ൽ പ്രത്യേക പരിഗണന ഏർപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് 11-3-2013-ന് കത്തയച്ചിട്ടുണ്ട്."

പ്രസ്തുത റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും റിപ്പോർട്ട് വിവരം ഹർജിക്കാരനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

14. <u>കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിലെ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിലെ നിയമനത്തിലെ ക്രമക്കേട്—ശ്രീ. സെബാസ്റ്റ്യൻ എം. ആലപ്പുഴ സമർപ്പിച്ച ഹർജി സംബന്ധിച്ച്.</u>

(ഫയൽ നമ്പർ 5456/ബി.സി.സി1/12/നി.സെ.)

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിലെ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന ഹർജിക്കാരൻ, ബോർഡ് പി. എസ്. സി.ക്ക് ആദ്യം റിപ്പോർട്ട് ചെയ്തിരുന്ന 18 ഒഴിവുകളിൽ ലാറ്റിൻ ക്രിസ്ത്യൻ കാറ്റഗറിയിൽ നിയമനം ലഭിക്കേണ്ട ആളായിരുന്നുവെന്നും എന്നാൽ ബോർഡ് പിന്നീട് ഒഴിവുകളുടെ എണ്ണം 12 ആയി കുറയ്ക്കുകയും ബാക്കി 6 ഒഴിവുകളിലേക്ക് പ്രസ്തുത ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പോൾ നിശ്ചിത യോഗ്യത നേടാതിരുന്ന ഖാദി ബോർഡിലെ ജീവനക്കാർക്ക് പ്രൊമോഷൻ നൽകി നിയമിക്കുകയും ചെയ്തതായി ഹർജിയിൽ പരാമർശിച്ചിരുന്നു. പ്രസ്തുത നിയമനം നിലവിലുള്ള സർക്കാർ ഉത്തരവിന് വിരുദ്ധമാണെന്നും ഇത് സംബന്ധിച്ച് മനുഷ്യാവകാശ കമ്മീഷന് ഹർജിക്കാരൻ നൽകിയ പരാതിയിൽ കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിൽ ഖാദി ബോർഡ് സെക്രട്ടറി നിയമനത്തിൽ ഗുരുതരമായ ക്രമക്കേട് നടത്തിയതായി കണ്ടെത്തിയിരുന്നുവെങ്കിലും പ്രസ്തുത ഉത്തരവിന്മേൽ ബോർഡ് നടപടി

സ്വീകരിക്കാതിരുന്നതുമൂലം ഹർജിക്കാരൻ ഹൈക്കോടതിയിൽ റിട്ട് സമർപ്പിച്ചിരിക്കുകയാണെന്നും എന്നാൽ ഇത് സംബന്ധിച്ച് കോടതിയിൽ സത്യവാങ്മൂലം പോലും ഖാദി ബോർഡ് സെക്രട്ടറി സമർപ്പിച്ചിട്ടില്ലായെന്നും ആയതിനാൽ ഇക്കാര്യത്തിൽ നീതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്നതാണ് ഹർജിയിലെ ആവശ്യം.

ഹർജിയിന്മേൽ സർക്കാരിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെടുകയുണ്ടായി. ആയതിൻപ്രകാരം വ്യവസായ (കെ) വകുപ്പ് 27-6-2013-ലെ 352/കെ1/2012/വ്യവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ഇപ്രകാരമാണ്:

"ശ്രീ. എം. സെബാസ്റ്റ്യൻ ജൂനിയർ സഹകരണ ഇൻസ്പെക്ടർ തസ്തികയിൽ പി. എസ്. സി. വഴി 2-8-1996-ൽ ബോർഡ് സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള ആളാണ്. ബോർഡിലെ സ്പെഷ്യൽ റൂൾ പ്രകാരം ജൂനിയർ സഹകരണ ഇൻസ്പെക്ടർ തസ്തികയിലേക്ക് 40% തസ്തികകൾ ബോർഡ് സർവ്വീസിലുള്ള ജീവനക്കാർക്ക് സംവരണം ചെയ്യപ്പെട്ടിട്ടുള്ളതാണ്. ഈ ക്വാട്ടപ്രകാരം നിയമനം നടത്തിയപ്പോൾ സെബാസ്റ്റ്യന് നിയമനം ലഭിച്ചില്ല എന്ന വിവരം കളവായി രേഖപ്പെടുത്തിയതും തെറ്റിദ്ധാരണജനകവും ആണ് എന്നാണ് കേരള ഖാദി ഗ്രാമ വ്യവസായ സെക്രട്ടറി അറിയിച്ചിരിക്കുന്നത്. ഇതു സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ശ്രീ. എം. സെബാസ്റ്റ്യൻ ഫയൽ ചെയ്തിട്ടുള്ള ഹർജിയിൽ ബോർഡ് യഥാസമയം എതിർ സത്യവാങ്മൂലം നൽകിയിട്ടുണ്ട്. 1985-ലെ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിലെ സ്പെഷ്യൽ റൂൾസ് (ക്ലാസിഫിക്കേഷൻ ആന്റ് കണ്ടീഷൻസ് ഓഫ് റിക്രൂട്ട്മെന്റ് ഓഫ് സ്റ്റാഫ് റഗുലേഷൻസ്) പ്രകാരം ആകെ ജൂനിയർ സഹകരണ ഇൻസ്പെക്ടർ തസ്തികയിൽ 60% ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷൻ വഴിയും 40% ഒഴിവുകൾ ബോർഡിലെ യോഗ്യതയുള്ള ജീവനക്കാരിൽ നിന്നും തസ്തികമാറ്റം വഴിയുമാണ് നടത്തേണ്ടത്. ബോർഡിൽ ആകെ അനുവദിച്ചിട്ടുള്ള ജൂനിയർ സഹകരണ ഇൻസ്പെക്ടർ തസ്തികകളുടെ എണ്ണം 36 ആണ്. ഇതിൽ 22 എണ്ണം പബ്ലിക് സർവ്വീസ് കമ്മീഷൻ വഴിയും 14 എണ്ണം തസ്തികമാറ്റം വഴിയുമാണ് നിയമിക്കേണ്ടത്. എന്നാൽ ജൂനിയർ സഹകരണ ഇൻസ്പെക്ടർ തസ്തികയിൽ ഉണ്ടായ 18 ഒഴിവുകൾ 18-7-1994-ൽ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തത് തസ്തികമാറ്റം വഴി നിയമിക്കപ്പെടേണ്ട 6 ഒഴിവുകൾ കൂടി ഉൾപ്പെടുത്തിയാണ്. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടപ്പോൾ 3-9-1994-ൽ പ്രസ്തുത വിവരം പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിക്കുകയും റിപ്പോർട്ട് ചെയ്ത 18 ഒഴിവുകളിൽ 6 എണ്ണം തിരിച്ചുവിളിയ്ക്കുകയും ചെയ്തു. പിന്നീട് ഒഴിവുകൾ ഉണ്ടായമുറയ്ക്ക് 6 ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുകയും ശ്രീ. സെബാസ്റ്റ്യൻ ഉൾപ്പെടെയുള്ളവർ നിയമിതരാകുകയും ചെയ്തിട്ടുള്ളതാണ്. ഈ വിഷയം ചൂണ്ടിക്കാട്ടി പരാതിക്കാരൻ ബഹു. ഹൈക്കോടതിയിൽ W.P.(c)2743/12 നമ്പരായി പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസിന്റെ വിധിക്കനുസൃതമായി ഈ വിഷയത്തിൽ തുടർനടപടികൾ കൈക്കൊള്ളാവുന്നതാണെന്ന് ഖാദി ബോർഡ് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്."

പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച സമിതി യോഗം ഹർജിയിലെ ആവശ്യം കോടതിയുടെ പരിഗണനയിലുള്ള വിഷയമായതിനാൽ ഈ ഘട്ടത്തിൽ വിഷയത്തിൽ ഇടപെടേണ്ടെന്ന് തീരുമാനിക്കുകയും റിപ്പോർട്ട് വിവരം ഹർജിക്കാരനെ അറിയിച്ച് ഫയൽ നടപടികൾ അവസാനിപ്പിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

15. <u>സർവ്വകലാശാലകളിലെ ലക്ചറർ, റീഡർ തസ്തികയിലെ നിയമന മാനദണ്ഡങ്ങൾ സംബന്ധിച്ച്.</u>

(ഫയൽ നമ്പർ 5884/ബി.സി.സി1/12/നി.സെ.)

2012 നവംബർ മാസം 14-ന് ചേർന്ന പിന്നോക്കസമുദായ ക്ഷേമ സമിതിയുടെ യോഗം സർവ്വകലാശാലകളിലെ ലക്ചറർ, റീഡർ തസ്തികയിലെ നിലവിലുള്ള നിയമന രീതിയിൽ മാറ്റം വരുത്തിക്കൊണ്ട് ഉത്തരവായതായ പത്രവാർത്തയെക്കുറിച്ച് ചർച്ച ചെയ്യുകയുണ്ടായി. പ്രസ്തുത ഉത്തരവ് പ്രകാരം സർവ്വകലാശാലകളുടെയും അതിന്റെ കീഴിൽ വരുന്ന സ്ഥാപനങ്ങളിലെയും ഒറ്റ ഒഴിവിലേക്കുള്ള തസ്തികയിലേക്ക് നിയമനം നടത്തുമ്പോൾ സംവരണ മാനദണ്ഡങ്ങൾ പാലിക്കേണ്ടതില്ലായെന്ന് നിർദ്ദേശമുള്ളതായി അറിയാൻ കഴിഞ്ഞുവെന്നും ഇത് സംവരണ വിഭാഗങ്ങളുടെ അവസരങ്ങളെ പ്രതികൂലമായി ബാധിക്കുന്ന വിഷയമായതിനാൽ ഇപ്രകാരം ഉത്തരവിറക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും പ്രസ്തുത ഉത്തരവിന്റെ പകർപ്പും സമിതിക്ക് ലഭ്യമാക്കുവാൻ ബന്ധപ്പെട്ട വകുപ്പിന് നിർദ്ദേശം നൽകുന്നതിന് സമിതി തീരുമാനിക്കുകയുണ്ടായി.

സമിതി നിർദ്ദേശപ്രകാരം ഇക്കാര്യങ്ങളിന്മേൽ സർക്കാരിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെടുകയുണ്ടായി. ആയതിൻപ്രകാരം ഉന്നതവിദ്യാഭ്യാസ (ബി) വകുപ്പ് 28-11-2013-ലെ 43802/ബി1/2013/ഉ.വി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി ഇപ്രകാരമാണ്:

"സർവ്വകലാശാലയിലെ പഠന വകുപ്പുകളിലെ ലക്ചറർ, റീഡർ, പ്രൊഫസർ തസ്തികകളിലെ നിയമനങ്ങളിൽ നിലവിലുള്ള രീതി തന്നെയാണ് പിൻതുടരുന്നത്. എന്നാൽ ചില വകുപ്പുകളിലെ തസ്തികകൾ ഒറ്റ തസ്തികയായാണ് നിലവിൽ ഉള്ളത്. അതിനാൽ ഇത്തരം ഒറ്റ തസ്തികകൾ ഓപ്പണായി വിജ്ഞാപനം ചെയ്യും. മുൻകാലങ്ങളിൽ വിജ്ഞാപനം നടത്തിയ പ്രൊഫസർ (ഒപ്റ്റോ ഇലക്ട്രോണിക്സ്), പ്രൊഫസർ (ഐ.എം.കെ.) എന്നിവ ഒറ്റ തസ്തികകളായിരുന്നുവെങ്കിലും സംവരണക്രമമനുസരിച്ച് ഈഴവ സമുദായത്തിനാണ് വിജ്ഞാപനം നടത്തിയത്. എന്നാൽ ചില ഉദ്യോഗാർത്ഥികൾ ഈ തസ്തികകൾ ഓപ്പണായി വിജ്ഞാപനപ്പെടുത്തണം എന്ന് കാണിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിക്കുകയുണ്ടായി. ഇതിന്മേലുള്ള ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവും (ഡബ്ല്യു.പി.(സി) നമ്പർ 34599/04 ഡിടിഡി 25-1-2006, ഡബ്ല്യു.പി.(സി) നമ്പർ 10527/04

ഡിടിഡി 27-5-2005) ഇതേ സ്വഭാവമുള്ള പല വിഷയങ്ങളിലായി ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഉത്തരവുകളും കൂടാതെ സർവ്വകലാശാലയിലെ പഠന വകുപ്പുകളിലെ അദ്ധ്യാപകരുടെ ഒഴിവുകളിലെ ഒറ്റ തസ്തികകളെല്ലാം ഓപ്പണായി വിജ്ഞാപനപ്പെടുത്തിയത്.

പുതിയ വിജ്ഞാപനപ്രകാരം സർവ്വകലാശാലയിലെ പഠന വകുപ്പുകളിലേക്ക് അൻപത് തസ്തികകളിലേക്ക് അപേക്ഷ ക്ഷണിക്കുകയുണ്ടായി. ഇതിലെ എട്ട് തസ്തികകൾ (പ്രൊഫസർ-ഒന്ന്, റീഡർ-ഏഴ്) ഒറ്റ തസ്തികകളായതിനാൽ ഓപ്പണായി വിജ്ഞാപനപ്പെടുത്തിയത് 27-9-2012-ലെ സിൻഡിക്കേറ്റ് മീറ്റിംഗിൽ റിപ്പോർട്ട് ചെയ്യുകയും സിൻഡിക്കേറ്റ് അത് അംഗീകരിക്കുകയും ചെയ്തു. ഈ തസ്തികകളിലേക്ക് അപേക്ഷ സ്വീകരിച്ചു എന്നല്ലാതെ നിയമനങ്ങൾ ഒന്നും നടന്നിട്ടില്ല."

പ്രസ്തുത റിപ്പോർട്ട് 27-8-2014-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

16. <u>എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിയിൽ സിവിൽ എഞ്ചിനീയറിംഗ് നിയമനം സംബന്ധിച്ച്.</u>

(ഫയൽ നമ്പർ 1626/ബി.സി.സി1/13/നി.സെ.)

എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിയിൽ സിവിൽ എഞ്ചിനീയറിംഗ് വിഭാഗം ലക്ചറർ പോസ്റ്റിലെ നിയമനത്തിനായി 31-12-2011-ന് നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽ 12-ാം റാങ്ക്കാരിയായ തന്റെ മകൾ നിഷാ നന്ദൻ ഹിന്ദു-ഈഴവ വിഭാഗത്തിൽപ്പെടുന്ന ആദ്യ ഉദ്യോഗാർത്ഥിയാണെന്നും പ്രസ്തുത തസ്തികയിലെ നോട്ടിഫിക്കേഷനിൽ പറഞ്ഞിരുന്ന 7 ഒഴിവുകളിലേക്കും നിയമനം നടത്തിയാൽ തന്റെ മകൾക്കും നിയമനം ലഭിക്കുമെന്നും എന്നാൽ നാളിതുവരെ 5 ഒഴിവുകൾ മാത്രമാണ് നികത്തിയതെന്നും റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ 2 പേർ കരാറടിസ്ഥാനത്തിലും 6 പേർ ഗസ്റ്റ് ലക്ചററായും നിലവിൽ സിവിൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ജോലി ചെയ്തു വരികയാണെന്നും ആയതിനാൽ നിലവിലുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നതിന് മുൻപ് തന്റെ മകൾക്ക് അർഹതപ്പെട്ട നിയമനം നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ഹർജിയിൽ ആവശ്യപ്പെട്ടിരിക്കുന്നത്.

ഹർജിയിന്മേൽ സർക്കാരിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെടുകയുണ്ടായി. അതിൻപ്രകാരം ഉന്നതവിദ്യാഭ്യാസ (ജെ) വകുപ്പിൽ നിന്നും 6-9-2013-ലെ 25815/ജെ1/13/ഉ.വി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി ഇപ്രകാരമാണ്:

"ശ്രീ. എസ്. ശിവനന്ദന്റെ മകളായ ശ്രീമതി നിഷാ നന്ദന് സിവിൽ എഞ്ചിനീയറിംഗ് വിഭാഗം ലക്ചറർ നിയമനത്തിനുവേണ്ടി നിലവിലുള്ള റാങ്ക് ലിസ്റ്റിൽ പന്ത്രണ്ടാം റാങ്ക്

ഉണ്ടെന്നും വിജ്ഞാപനപ്രകാരം ഏഴ് ഒഴിവുകൾ ഉണ്ടായിരുന്നുവെങ്കിലും മുസ്ലീം വിഭാഗത്തിന്റെ ടേണിലും എൽ.സി/എ 1 ടേണിലും യോഗ്യത നേടിയവർ ഇല്ലാത്തതിനാൽ ആ രണ്ട് ഒഴിവുകൾ ഒഴിവാക്കിയാണ് നിയമന ഉത്തരവ് നൽകിയിട്ടുള്ളതെന്നും റൊട്ടേഷൻ പ്രകാരമുള്ള നിയമനം അനുവദിക്കേണ്ടത് നമ്പർ MRI6M-നായിരുന്നുവെന്നും എൽ.ബി.എസ്. ഡയറക്ടർ അറിയിക്കുകയുണ്ടായി. മേൽ 5 ഒഴിവുകളിലേക്ക് നിയമന ഉത്തരവ് നൽകിയെങ്കിലും 9 ഒ.സി., 11 ഒ. സി., 13 ഒ. സി. ടേണുകളിൽ ഉള്ളവർ ജോലിയിൽ പ്രവേശിച്ചിരുന്നില്ലെന്നും ആയതിനാൽ ഒ.സി. ടേണുകളിലുണ്ടായ എൻ.ജെ.ഡി. ഒഴിവുകളിലേക്ക് നിയമന ഉത്തരവ് നൽകിയെങ്കിലും അവരും ഇതുവരെ ജോലിയിൽ പ്രവേശിക്കാത്ത സാഹചര്യത്തിൽ ഇപ്പോൾ നിലവിലുള്ള 3 ഒ. സി. ടേണുകളിലേക്കുള്ള എൻ. ജെ. ഡി. ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിനുള്ള നടപടികൾ നടന്നുവരികയാണെന്നും ആയതിലേക്കുള്ള ശിപാർശ പട്ടികയിൽ ശ്രീമതി നിഷാ നന്ദൻ ഉൾപ്പെടുകയില്ലെന്നും എൽ.ബി.എസ്. ഡയറക്ടർ അറിയിക്കുകയുണ്ടായി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാരിൽ നിന്നും ശ്രീ. എസ്. ശിവനന്ദന് മറുപടി നൽകുകയും ചെയ്തു."

പ്രസ്തുത റിപ്പോർട്ട് സമിതി യോഗം പരിഗണിക്കുകയും റിപ്പോർട്ട് ഹർജിക്കാരനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

17. <u>കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസിലെ ഹോസ്പിറ്റൽ അറ്റൻഡന്റ് തസ്തികയിലെ നിയമനത്തിലെ ക്രമക്കേട് സംബന്ധിച്ച് ശ്രീമതി സജിനി ഫെർണാണ്ടസ് സമർപ്പിച്ച ഹർജി.</u>

(ഫയൽ നമ്പർ3665/ബി.സി.സി1/2012/നി.സെ.)

കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസർക്ക് അറ്റൻഡർ ഗ്രേഡ് II തസ്തികയിലെ നിയമനത്തിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും അയച്ചുകൊടുത്ത ലിസ്റ്റിൽ ലാറ്റിൻ കാത്തലിക് വിഭാഗത്തിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥിയാണ് ഹർജിക്കാരി. എന്നാൽ പ്രസ്തുത തസ്തികയിലേക്ക് നിയമനം ലഭിച്ച ശ്രീ. വിനോദ് എന്നയാൾ യഥാർത്ഥത്തിൽ തിരുപുരം വില്ലേജിൽ സ്ഥിരതാമസക്കാരനും നാടാർ സമുദായംഗവുമാണെന്നും ടിയാൻ പെരിന്തൽമണ്ണ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ വ്യാജവിലാസം ഉപയോഗിച്ച് പേര് രജിസ്റ്റർ ചെയ്തതാണെന്നും പാലക്കാട് മുതൽ കാസർഗോഡ് വരെയുള്ള റീജിയണിൽ സ്ഥിരതാമസക്കാരായ ഉദ്യോഗാർത്ഥികളെ മാത്രമേ നിയമനത്തിന് പരിഗണിക്കാവൂ എന്നിരിക്കെ വ്യാജരേഖ ചമച്ച് ജോലി നേടിയ വിനോദിനെതിരെയും ഇപ്രകാരം ക്രമവിരുദ്ധ നിയമനം നടത്തിയതിനെതിരെയും സമഗ്രഅന്വേഷണം നടത്തണമെന്നും ഈ തസ്തികയിൽ വീണ്ടും ഇന്റർവ്യൂ നടത്തി ലത്തീൻ കത്തോലിക്ക വിഭാഗത്തിൽപ്പെട്ടവർക്ക് നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നതാണ് ഹർജിയിലെ ആവശ്യം.

ഹർജിയിന്മേൽ സർക്കാരിൽനിന്ന് റിപ്പോർട്ടാവശ്യപ്പെടുകയുണ്ടായി. തൊഴിലും പുനരധിവാസവും (ജി) വകുപ്പ് 14-3-2013-ലെ 19446/ജി2/2012/തൊഴിൽ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി ഇപ്രകാരമാണ്:

"കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസിൽ ഹോസ്പിറ്റൽ അറ്റന്റന്റ് നിയമനത്തിലെ ക്രമക്കേട് സംബന്ധിച്ച് ശ്രീമതി സജിനി ഫെർണാണ്ടസ്, സി.എം.ഹൗസ്, എമ്പേറ്റ് പി.ഒ., പരിയാരം, കണ്ണൂർ എന്ന ഉദ്യോഗാർത്ഥി കേരള നിയമസഭ പിന്നോക്കസമുദായ ക്ഷേമ സമിതി മുമ്പാകെ സമർപ്പിച്ച ഹർജി പരിശോധിച്ചതിൽ ശ്രീ. വിനോദ് എന്ന ഉദ്യോഗാർത്ഥി 195/05 രജിസ്ട്രേഷൻ നമ്പരായി 10-3-2005-ൽ പത്താംതരം തോറ്റ സർട്ടിഫിക്കറ്റ് ഹാജരാക്കി പെരിന്തൽമണ്ണ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളതും തുടർന്ന് യഥാസമയം രജിസ്ട്രേഷൻ പുതുക്കാത്തതിനാൽ 02/09-ൽ രജിസ്ട്രേഷൻ റദ്ദാവുകയും സർക്കാർ ഉത്തരവ് പ്രകാരം 25-9-2010-ൽ ടിയാന് രജിസ്ട്രേഷൻ സീനിയോറിറ്റി പുനഃസ്ഥാപിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. ജീസസ് ഭവനം, പുല്ലൂർഷങ്ങാട്ടിൽ, അങ്ങാടിപ്പുറം പി.ഒ., പെരിന്തൽമണ്ണ എന്ന വിലാസത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ടിയാന്റെ ജനനതീയതി 2-5-1982 ആകുന്നു. ലാറ്റിൻ കത്തോലിക്ക വിഭാഗത്തിൽപ്പെട്ട ടിയാൻ നെയ്യാറ്റിൻകര തഹസിൽദാർ നൽകിയ ബിലോ ക്രീമിലെയർ സർട്ടിഫിക്കറ്റ് രജിസ്ട്രേഷൻ രേഖകളിൽ ചേർത്തിട്ടുണ്ട്.

കണ്ണൂർ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ അറിയിച്ച ഹോസ്പിറ്റൽ അറ്റന്റർ ഗ്രേഡ് II-ന്റെ 24 സ്ഥിരം ഒഴിവുകളിൽ LC/A1 നോൺ പ്രയോറിറ്റി വിഭാഗത്തിന് സംവരണം ചെയ്ത ഒഴിവിലേക്ക് ശ്രീ. വിനോദിനെ നാമനിർദ്ദേശം ചെയ്തിരുന്നതായും ഇതു സംബന്ധിച്ച ലിസ്റ്റ് 6-7-2011-ൽ കണ്ണൂർ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. ശ്രീമതി സജിനി ഫെർണാണ്ടസിന്റെ പരാതിയിൽ ശ്രീ. വിനോദ് വ്യാജ മേൽവിലാസമുപയോഗിച്ച് ജോലി നേടിയെടുത്തു എന്ന ആരോപണത്തിന്, ടിയാൻ പെരിന്തൽമണ്ണ താലൂക്കിലെ മേൽവിലാസത്തിൽ തന്നെയാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും എംപ്ലോയ്മെന്റ് ഡയറക്ടറുടെ 30-7-1999-ലെ ക്യു1/9882/99 നമ്പർ കത്തിൽ നിഷ്കർഷിച്ച പ്രകാരം ശ്രീ. വിനോദ് വീട്ട് അഡ്രസ്സിൽതന്നെയാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും കൂടാതെ 25-1-1999-ലെ ക്യു1/21203/98 നമ്പർ കത്ത് പ്രകാരം മറ്റ് ജില്ലകളിൽ/താലൂക്കുകളിൽനിന്നും ഹാജരാക്കുന്ന ക്രീമിലെയർ സർട്ടിഫിക്കറ്റുകൾ അംഗീകരിക്കാവുന്നതാണെന്നും ടി സർട്ടിഫിക്കറ്റുകൾ ചേർത്ത് നിയമാനുസൃതമായി ജോലിക്ക് പരിഗണിക്കാവുന്നതാണെന്നും എംപ്ലോയ്മെന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ച ഹോസ്പിറ്റൽ അറ്റന്റർ ഗ്രേഡ് II-ന്റെ 24 സ്ഥിരം ഒഴിവുകൾക്ക് കോഴിക്കോട് മേഖലാ തലത്തിൽ ചട്ടപ്രകാരം സർക്കുലേഷൻ നടത്തുകയും തുടർന്ന് ലഭ്യമായ ലിസ്റ്റുകൾ കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസർക്ക് നൽകിയിട്ടുള്ളതുമാണ്. എൽ. സി. നോൺ പ്രയോറിറ്റി വിഭാഗത്തിന് സംവരണം ചെയ്ത ഒഴിവിലേക്ക് ശ്രീ. വിനോദിനെ പെരിന്തൽമണ്ണ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ശ്രീമതി സജിനി ഫെർണാണ്ടസിനെ തളിപ്പറമ്പ് ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും നാമനിർദ്ദേശം ചെയ്യുകയും LC/A1 നോൺ പ്രയോറിറ്റി വിഭാഗത്തിന് സംവരണം ചെയ്യപ്പെട്ട ഒരു ഒഴിവിലേക്ക് ശ്രീ. വിനോദ്, പി. എന്ന ഉദ്യോഗാർത്ഥിയെയാണ് ഉദ്യോഗദായകൻ തെരഞ്ഞെടുത്തിട്ടുള്ളത്.

ശ്രീ. വിനോദ് ഹാജരാക്കിയ NCL-ന്റെ നിജസ്ഥിതി അറിയുന്നതിലേക്ക് കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസറിൽനിന്നുള്ള റിപ്പോർട്ട് തേടിയതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച റിപ്പോർട്ടിൽ ടിയാൻ ഇന്റർവ്യൂ സമയത്ത് നൽകിയ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റും പ്രസ്തുത സർട്ടിഫിക്കറ്റിൽ പരാമർശിച്ചിട്ടുള്ള വിനോദും എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിൽ പരാമർശിച്ചിട്ടുള്ള വിനോദും ഒരാളാണെന്ന് തെളിയിക്കുന്ന അങ്ങാടിപ്പുറം വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രവും ഹാജരാക്കിയിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ശ്രീ. വിനോദിനെ പെരിന്തൽമണ്ണ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും നിലവിലുള്ള നിയമമനുസരിച്ചാണ് നാമനിർദ്ദേശം ചെയ്തിട്ടുള്ളത് എന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു".

ഹർജിയിന്മേൽ ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പ് 8-7-2013-ലെ 36791/എഫ്2/12/ആകുവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ഇപ്രകാരമാണ്:

"കണ്ണൂർ ജില്ലാ മെഡിക്കൽ ആഫീസിൽ 25-4-2012-ന് നടത്തിയ ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് II തസ്തികയിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയ നിയമനത്തിൽ ക്രമക്കേട് നടന്നുവെന്നും ലാറ്റിൻ കത്തോലിക്ക വിഭാഗത്തിൽപ്പെടുത്തി അയച്ചുകൊടുത്ത ലിസ്റ്റ് പ്രകാരം ഇന്റർവ്യൂ നടത്തിയെങ്കിലും ക്രമവിരുദ്ധമായി തിരുവനന്തപുരം സ്വദേശിയായ ശ്രീ. വിനോദിന് നിയമനം നൽകിയെന്നും ആരോപിച്ച് ശ്രീമതി സജിനി ഫെർണാണ്ടസ്, പിന്നോക്കസമുദായ ക്ഷേമ സമിതി (2011-2014) മുമ്പാകെ സമർപ്പിച്ച ഹർജി ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന വിശദമായി പരിശോധിച്ചതിൽ താഴെപ്പറയുന്ന കാര്യങ്ങൾ വെളിവായിട്ടുണ്ട്:

കണ്ണൂർ ജില്ലയിൽ ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് II-ന്റെ തസ്തികകൾ നികത്തുന്നതിനുവേണ്ടി ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് സമർപ്പിക്കുവാൻ കണ്ണൂർ ജില്ലാ മെഡിക്കൽ ആഫീസർ കണ്ണൂർ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസറോട് ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലാ എംപ്ലോയ്മെന്റ് ആഫീസർ 640 ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് സമർപ്പിച്ചിരുന്നു. പ്രസ്തുത ലിസ്റ്റിൽ കത്തോലിക്കൻ/ആംഗ്ലോ ഇന്ത്യൻ മുൻഗണനാ വിഭാഗത്തിൽ 24 പേരുടെയും മുൻഗണന ഇല്ലാത്ത വിഭാഗത്തിൽ 24 പേരുടെയും ലിസ്റ്റ് ഉൾപ്പെടുത്തിയിരുന്നു. ഈ ലിസ്റ്റിൽ ലത്തീൻ കത്തോലിക്കൻ/ആംഗ്ലോ ഇന്ത്യൻ മുൻഗണന ഇല്ലാത്ത വിഭാഗത്തിൽ പെരിന്തൽമണ്ണ ടൗൺ എംപ്ലോയ്മെന്റ് ഓഫീസിൽ രജിസ്റ്റർ ചെയ്ത ശ്രീ. വിനോദ്, പി., ജീസസ് ഭവൻ, അങ്ങാടിപ്പുറം പി. ഒ., എന്നയാളുടെ പേരും നിർദ്ദേശിച്ചിരുന്നു. പ്രസ്തുത ലിസ്റ്റിൽ നാടാർ (ഹിന്ദു നാടാരും എസ്. ഐ. യു. സിയിൽപ്പെട്ട നാടാരും) വിഭാഗത്തിൽ ആരുടെയും പേര് നിർദ്ദേശിച്ചിരുന്നില്ല.

മേൽ ലിസ്റ്റിൽപ്പെട്ട 640 ഉദ്യോഗാർത്ഥികളെയും 2012 ജനുവരി മാസം 18, 19, 20, 21 തീയതികളിൽ കൂടിക്കാഴ്ചയ്ക്ക് ക്ഷണിക്കുകയും ആയതിൽ ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ

ഓരോ വിഭാഗത്തിലും നിയമനം നടത്തുകയും ചെയ്തു. ലത്തീൻ കത്തോലിക്കൻ മുൻഗണന ഇല്ലാത്തവരുടെ വിഭാഗത്തിൽനിന്നും ഉയർന്ന മാർക്ക് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ. വിനോദ്, പി., ജീസസ് ഭവൻ, അങ്ങാടിപ്പുറം പി. ഒ. എന്നയാൾക്ക് തലശ്ശേരി ജനറൽ ആശുപത്രിയിൽ നിയമനം നൽകുകയും ചെയ്തു. ടിയാൻ സമർപ്പിച്ച നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് തിരുവനന്തപുരം ജില്ലയിലെ തിരുപുറം വില്ലേജ് ഓഫീസറുടെയാണ് എന്ന് കാണിച്ച് തലശ്ശേരി ജനറൽ ആശുപത്രി സൂപ്രണ്ട് തിരിച്ചയയ്ക്കുകയും ചെയ്തു. ആയത് ജില്ലാ മെഡിക്കൽ ഓഫീസർ പരിശോധന നടത്തിയ അവസരത്തിൽ മേൽ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റിലെ വ്യക്തിയും പെരിന്തൽമണ്ണ ടൗൺ എംപ്ലോയ്മെന്റ് ഓഫീസർ നൽകിയ അഡ്രസിലെ വ്യക്തിയും ഒരാളുതന്നെയാണ് എന്ന് ടിയാൻ ഇപ്പോൾ താമസിക്കുന്ന സ്ഥലമായ അങ്ങാടിപ്പുറം വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം ടിയാൻ ഹാജരാക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ടിയാനെ ജോലിയിൽ പ്രവേശിക്കാൻ അനുമതി നൽകി".

പ്രസ്തുത റിപ്പോർട്ടുകൾ സമിതി അംഗീകരിക്കുകയും ഗവ. റിപ്പോർട്ടുകൾ ഹർജിക്കാരിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

18. <u>പി.എസ്.സി. വഴി നിയമനങ്ങൾ നടപ്പിലാക്കാതിരിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ചുള്ള പഠനം.</u>

(ഫയൽ നമ്പർ 2237/ബി.സി.സി2/2008/ലെജി.)

5-2-2008-ൽ ചേർന്ന പിന്നോക്കസമുദായ ക്ഷേമ സമിതി യോഗം സംസ്ഥാനത്തെ പൊതുമേഖലാസ്ഥാപനങ്ങളിലെ നിയമനം പി. എസ്. സി. മുഖാന്തിരം നടത്താതിരിക്കുന്നതായും നിയമനങ്ങളിൽ സംവരണതത്വം പാലിക്കാതിരിക്കുന്നതായും വിലയിരുത്തുകയും ഈ വിഷയത്തിൽ ഒരു പഠനം നടത്താൻ തീരുമാനിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിലാണ് ഈ ഫയൽ രൂപംകൊണ്ടിട്ടുള്ളത്. പ്രസ്തുത ഫയലിൽ ലഭ്യമായിട്ടുള്ള റിപ്പോർട്ടുകളുടെയും ഈ വിഷയത്തിൽ നടന്ന തെളിവെടുപ്പ് യോഗത്തിൽ സമർപ്പിക്കപ്പെട്ട വിശദാംശങ്ങളുടെയും അടിസ്ഥാനത്തിൽ പിന്നോക്കസമുദായ ക്ഷേമ സമിതി (2014-2016) 'പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ സംവരണം പാലിക്കുന്നത് സംബന്ധിച്ച് ' സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് 2014 ജൂലൈ 10-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. വിശദമായ റിപ്പോർട്ട് സഭയിൽ സമർപ്പിക്കുകയും റിപ്പോർട്ടിലെ ശിപാർശകളിന്മേൽ തുടർനടപടികൾ നടന്നുവരുന്നതിന്റെയും അടിസ്ഥാനത്തിൽ ഈ ഫയലിലെ നടപടികൾ അവസാനിപ്പിക്കുകയും ചെയ്തു.

19. നായിഡു സമുദായത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് നായിഡു ഫാമിലി വെൽഫെയർ അസോസിയേഷൻ സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 2275/ബി.സി.സി2/2008/ലെജി.

,, 4384/ബി.സി.സി2/2014/ലെജി.)

നായിഡു വിഭാഗത്തിന് ലഭിച്ചുകൊണ്ടിരുന്ന ഒ.ബി.സി. ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കണമെന്നാവശ്യപ്പെട്ട്, ഇതുമായി ബന്ധപ്പെട്ട് നടന്ന കിർത്താഡ്സിന്റെ പഠനത്തിന്റെയും നടപടിക്രമങ്ങളുടെയും വിവിധഘട്ടങ്ങളിൽ, നായിഡു ഫാമിലി വെൽഫെയർ അസോസിയേഷൻ ഹർജികൾ സമർപ്പിച്ചിരുന്നു. പ്രസ്തുത ഹർജികളിന്മേൽ പിന്നോക്കസമുദായ വികസന (എ) വകുപ്പിൽനിന്നും 4-4-2014-ലെ 214/എ 3/2012/പി.സ.വി.വ. നമ്പർ കത്ത് പ്രകാരം ലഭിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"സംസ്ഥാനത്ത് നടന്നുവരുന്ന സാമൂഹിക സാമ്പത്തിക ജാതി സെൻസസിന്റെ വിശദവിവരങ്ങൾ ലഭിച്ചതിനുശേഷം, സംസ്ഥാന പിന്നോക്കവിഭാഗ കമ്മീഷന്റെ റിപ്പോർട്ടുകൂടി കണക്കിലെടുത്ത് മാത്രമേ നായിഡു വിഭാഗത്തെ സംസ്ഥാന ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ".

പ്രസ്തുത റിപ്പോർട്ട് 28-5-2014-ൽ ചേർന്ന സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും സമിതി നിർദ്ദേശപ്രകാരം റിപ്പോർട്ടുവിവരം ഹർജിക്കാരനെ അറിയിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കുകയും ചെയ്തു.

20. കോഴിക്കോട് സർവ്വകലാശാലയിലെ അദ്ധ്യാപക നിയമനങ്ങൾ ഒറ്റ യൂണിറ്റായി കണക്കാക്കി നിയമനം നൽകണമെന്നാവശ്യപ്പെട്ട് 'മെക്ക' സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 7036/ബി.സി.സി2/08/നി.സെ.)

കോഴിക്കോട് സർവ്വകലാശാലയിലെ അദ്ധ്യാപക നിയമനങ്ങളിൽ സംവരണതത്വം പാലിക്കുന്നില്ലെന്നും ആകെയുള്ള 12 ഡിപ്പാർട്ട്മെന്റുകളിൽ ഓരോ ഡിപ്പാർട്ട്മെന്റിലേയും നിയമനങ്ങൾ പ്രത്യേകമായി കണക്കാക്കി നിയമനം നൽകുന്നതുമൂലം മുസ്ലീം ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കുന്നില്ലെന്നും ആയതിനാൽ അദ്ധ്യാപക നിയമനങ്ങൾ ഒരുമിച്ച് ഒറ്റയൂണിറ്റായി കണക്കാക്കി നിയമനം നടത്താൻ നടപടി സ്വീകരിക്കണമെന്നതാണ് ഹർജിയിലെ ആവശ്യം. പ്രസ്തുത ഹർജിയിന്മേൽ ഉന്നതവിദ്യാഭ്യാസ (ബി) വകുപ്പിൽ നിന്നും 20-5-2009-ലെ 5260/ബി1/09/ഉ.വി.വ. നമ്പർ കത്ത് പ്രകാരം ലഭിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"കോഴിക്കോട് സർവ്വകലാശാലയിലെ അദ്ധ്യാപക നിയമനത്തിൽ സർവ്വകലാശാലാ ആക്ടിലേയും സ്റ്റാറ്റ്യൂട്ടിലേയും കേരളാ സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിലേയും ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരമുള്ള സംവരണമാണ് നൽകിവരുന്നത്. നിലവിൽ മുസ്ലീങ്ങൾക്ക് ആനുപാതിക പ്രാതിനിധ്യം നൽകിയിട്ടുണ്ട്. നിലവിലുള്ള 51 പ്രൊഫസർമാരിൽ 7 പേർ മുസ്ലീങ്ങളാണ്. 60 റീഡർമാരിൽ പതിനൊന്നും 59 ലക്ചറർമാരിൽ 13-ഉം മുസ്ലീം വിഭാഗത്തിൽപ്പെടുന്നവരാണ്. നിലവിലുള്ള ഒഴിവുകൾ നികത്തപ്പെടുമ്പോൾ ആനുപാതികമായ പ്രാതിനിധ്യം നൽകിവരുന്നുണ്ട്.

മറ്റ് സർവ്വകലാശാലകളിലേതുപോലെ കോഴിക്കോട് സർവ്വകലാശാലയിലും വിവിധ പഠന വകുപ്പുകളിൽ കാറ്റഗറി രീതിയിലാണ് (ലക്ചറർ, റീഡർ, പ്രൊഫസർ) സംവരണം നൽകുന്നത്. മൂന്ന് കാറ്റഗറിയും വ്യത്യസ്ത കേഡറായി കണക്കാക്കി ഓരോ കേഡറിലും അതത് വകുപ്പുകളിൽ വ്യത്യസ്ത പിന്നോക്ക വിഭാഗങ്ങൾക്ക് അർഹമായ സംവരണം ഏർപ്പെടുത്തുന്നു. വകുപ്പുകളും തസ്തികകളും ക്ലബ് ചെയ്യുന്ന രീതി കോഴിക്കോട് സർവ്വകലാശാലാ നിയമമനുസരിച്ച് സാധ്യമല്ല. ആയതിനാൽ വ്യത്യസ്ത വകുപ്പുകളിലെ വ്യത്യസ്ത തസ്തികകൾ യോജിപ്പിച്ച് സംവരണം ഏർപ്പെടുത്താൻ നിലവിലുള്ള നിയമമനുസരിച്ച് കഴിയുകയില്ല.

കോഴിക്കോട് സർവ്വകലാശാലയിലെ ആക്ടും സ്റ്റാറ്റ്യൂട്ടും അനുസരിച്ച് ഡിപ്പാർട്ട്മെന്റുകളിലെ അദ്ധ്യാപക നിയമനങ്ങളിലും സർവ്വകലാശാലയിലെ അനദ്ധ്യാപക നിയമനങ്ങളിലും കേരളാ സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾ 14-ലെ എ, ബി, സി എന്നീ വകുപ്പുകളും റൂൾ 15, 16, 17 വകുപ്പുകളും പാലിക്കപ്പെടേണ്ടതാണ്. കാലാകാലങ്ങളിൽ സംസ്ഥാന സർക്കാർ ഇതിൽ വരുത്തുന്ന മാറ്റങ്ങൾ സർവ്വകലാശാലയ്ക്കും ബാധകമാണ്.

കോഴിക്കോട് സർവ്വകലാശാലയിലെ ആക്ട് സംസ്ഥാന നിയമസഭയുടെ സൃഷ്ടിയാണ്. ഇതിൽ വല്ല ഭേദഗതിയും വേണമെങ്കിൽ സംസ്ഥാന നിയമസഭയുടെ അംഗീകാരം വേണം. നിലവിൽ ആക്ടും സ്റ്റാറ്റ്യൂട്ടും കേരളാ സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസും പാലിച്ചുകൊണ്ടാണ് സർവ്വകലാശാലയിൽ നിയമനങ്ങൾ നടത്തുന്നത് എന്നും മെക്കാ പ്രസിഡന്റ് സമർപ്പിച്ച പരാതി വസ്തുനിഷ്ഠമല്ല എന്നും കോഴിക്കോട് സർവ്വകലാശാല രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്".

പ്രസ്തുത റിപ്പോർട്ട് 11-11-2009-ൽ ചേർന്ന സമിതിയോഗം പരിഗണിക്കുകയും കോഴിക്കോട് സർവ്വകലാശാലയിലെ വ്യത്യസ്ത വകുപ്പുകളിലെ അദ്ധ്യാപക തസ്തികകൾ യോജിപ്പിച്ച് സംവരണം ഏർപ്പെടുത്താൻ സാധിക്കുകയില്ല എന്ന പ്രസ്തുത റിപ്പോർട്ടിലെ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ മറ്റ് സർവ്വകലാശാലകളിലെ നിയമനരീതി എപ്രകാരമാണ് എന്നാരായുവാനും വ്യത്യസ്ത പഠന വകുപ്പുകളിലെ അദ്ധ്യാപക തസ്തികകൾ യോജിപ്പിച്ച് സംവരണം ഏർപ്പെടുത്തുന്നതിന് തടസ്സമായി നിൽക്കുന്ന നിയമവ്യവസ്ഥ സംബന്ധിച്ച് നിയമ വകുപ്പിന്റെ അഭിപ്രായം ലഭ്യമാക്കാനും നിർദ്ദേശിച്ചിരുന്നു.

പ്രസ്തുത നിർദ്ദേശത്തിന്മേൽ 11-3-2011-ലെ 5260/ബി1/09/ഉ.വി.വ. നമ്പർ കത്തുപ്രകാരം ഉന്നതവിദ്യാഭ്യാസ (ബി) വകുപ്പ് ലഭ്യമാക്കിയ ഇടക്കാല മറുപടി ചുവടെ ചേർക്കുന്നു:

"കോഴിക്കോട് സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിലെ അദ്ധ്യാപക തസ്തികകൾ യോജിപ്പിച്ചുള്ള സംവരണത്തെക്കുറിച്ച് വിശദമായി പഠിക്കാൻ 20-5-2010-ൽ ചേർന്ന കോഴിക്കോട് സർവ്വകലാശാല സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചതായി സർവ്വകലാശാല രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്".

തുടർന്ന് വിഷയത്തിൽ സമിതി നടത്തിയ ഇടപെടലുകളുടേയും കത്തിടപാടുകളുടേയും അടിസ്ഥാനത്തിൽ 27-11-2013-ൽ ഉന്നത വിദ്യാഭ്യാസ (ബി) വകുപ്പ് 5260/ബി1/09/ഉ.വി.വ. നമ്പർ കത്തുമുഖേന താഴെപ്പറയുംപ്രകാരം അന്തിമ റിപ്പോർട്ട് ലഭ്യമാകുകയുണ്ടായി:

"വകുപ്പുകളും തസ്തികകളും ക്ലബ് ചെയ്യുന്ന രീതി കോഴിക്കോട് സർവ്വകലാശാല നിയമമനുസരിച്ച് സാധ്യമല്ലാത്തതിനാൽ ഇത്തരത്തിൽ സംവരണം ഏർപ്പെടുത്തുന്നതിന് സർവ്വകലാശാല നിയമത്തിൽ ഭേദഗതി വരുത്തേണ്ടതുണ്ടായിരുന്നു.

19-9-2013-ലെ The University Laws (Amendment) Ordinance 2013, Ordinance No. 49/2013 മുഖേന കേരള, കോഴിക്കോട്, മഹാത്മാ ഗാന്ധി, ശ്രീ ശങ്കരാചാര്യ, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് ലീഗൽ സ്റ്റഡീസ് എന്നീ സർവ്വകലാശാലകളിലെയും 2013-ലെ 50-ാം നമ്പർ ഓർഡിനൻസ് പ്രകാരം കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാലയിലെയും തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാലയിലെയും അദ്ധ്യാപക അനദ്ധ്യാപക നിയമനങ്ങൾക്ക് എല്ലാ വകുപ്പുകളെയും ഒറ്റയൂണിറ്റായി കണക്കാക്കി കാറ്റഗറി തിരിച്ച് സംവരണം ഏർപ്പെടുത്തുന്നതിന് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു) [അനുബന്ധം 1(എ)].

കണ്ണൂർ സർവ്വകലാശാലയിൽ എല്ലാ പഠന വകുപ്പുകളും ഒറ്റയൂണിറ്റായി കണക്കാക്കി കാറ്റഗറി തിരിച്ചുള്ള സംവരണ വ്യവസ്ഥയാണ് നിലനിൽക്കുന്നത്".

പ്രസ്തുത അന്തിമ റിപ്പോർട്ട് 7-5-2014-ൽ ചേർന്ന സമിതിയോഗം പരിഗണിച്ച് അംഗീകരിക്കുകയും റിപ്പോർട്ടുവിവരം ഹർജിക്കാരനെ അറിയിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കുകയും ചെയ്തു.

21. <u>ചേർത്തല താലൂക്ക് സേനൈ തലൈവർ ജനസംഘം സമർപ്പിച്ച ഹർജി.</u>

(ഫയൽ നമ്പർ 5478/ബി.സി.സി2/12/നി.സെ.)

വിദ്യാഭ്യാസം, ജോലി, പിന്നോക്ക വിഭാഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ എന്നിവ സേനൈ തലൈവർ/ഇലവാണിയർ സമുദായത്തിനുകൂടി ലഭ്യമാക്കണമെന്നതാണ് ഹർജിയിലെ ആവശ്യം. പ്രസ്തുത ഹർജിയിന്മേൽ പിന്നോക്കസമുദായ വികസന (എ) വകുപ്പിൽ നിന്നും 13-3-2013-ലെ 2202/എ 3/2012/പി.സ.വി.വ. നമ്പർ കത്തുപ്രകാരം ലഭിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"സേനൈ തലൈവർ/ഇലവാണിയർ എന്ന സമുദായം സംസ്ഥാന ഒ.ബി.സി. ലിസ്റ്റിൽ 63-ാം നമ്പരായും മണ്ഡൽ ലിസ്റ്റിൽ 176-ാമതായും ഉൾപ്പെട്ടിട്ടുള്ള സമുദായമാണ്. ഈ സമുദായത്തിന് തൊഴിൽസംവരണം KS&SSR പ്രകാരം ലഭ്യമാകുന്നുണ്ട്. OBC-ക്കാർക്കുള്ള 3% സംവരണവും ഈ സമുദായത്തിന് ലഭിക്കുന്നുണ്ട്. സേനൈ തലൈവർ/ഇലവാണിയർ എന്ന

സമുദായം SEBC ലിസ്റ്റിൽ OBH വിഭാഗത്തിൽ 62-ാമതായി ഉൾപ്പെടുന്നതിനാൽ പ്രൊഫഷണൽ കോളേജുകളിലുൾപ്പെടെയുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കും 3% സീറ്റ് സംവരണത്തിനും അർഹരാണ്. ആയതിനാൽ, പിന്നോക്ക സമുദായങ്ങൾക്ക് നൽകുന്ന എല്ലാ ആനുകൂല്യങ്ങൾക്കും ഈ സമുദായത്തിന് അർഹതയുണ്ട്. OBC വിഭാഗങ്ങൾക്ക് നൽകുന്ന ആനുകൂല്യങ്ങൾക്ക്, ഈ സമുദായത്തിൽപ്പെട്ടവർ രേഖാമൂലം അപേക്ഷിച്ചിട്ടും ചട്ടപ്രകാരമല്ലാതെ ആനുകൂല്യങ്ങൾ നിരസിക്കപ്പെട്ട സംഭവങ്ങൾ തെളിവുകൾസഹിതം ചൂണ്ടിക്കാട്ടിയാൽ നടപടി സ്വീകരിക്കുന്നതാണ് ".

പ്രസ്തുത റിപ്പോർട്ട് സമിതി പരിഗണിച്ച് അംഗീകരിക്കുകയും റിപ്പോർട്ട് വിവരം ഹർജിക്കാരനെ അറിയിച്ച് ഫയൽ നടപടികൾ അവസാനിപ്പിക്കുകയും ചെയ്തു.

22. <u>വിമാനത്താവള നിർമ്മാണത്തിന് തുച്ഛവിലയ്ക്ക് ഭൂമി വിട്ടുകൊടുത്തതിന് പകരമായി കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ടിൽ ജോലി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി ടി. എൻ. ഗീത സമർപ്പിച്ച ഹർജി.</u>

(ഫയൽ നമ്പർ 4804/ബിസിസി3/2010/നി.സെ.)

1996-ൽ കൊച്ചി വിമാനത്താവള നിർമ്മാണത്തിനായി 3 ഏക്കർ കൃഷിഭൂമി തുച്ഛവിലയ്ക്ക് വിട്ടുകൊടുത്തെന്നും വിമാനത്താവളത്തിൽ ഒരു ജോലി ലഭ്യമാക്കുമെന്ന് വാഗ്ദാനം നൽകിയിരുന്നുവെന്നും 2009-ൽ ജോലിക്ക് പ്രൊവിഷണൽ ഉത്തരവ് നൽകിയെന്നും പ്രസ്തുത ഉത്തരവിൽ രണ്ട് പരീക്ഷകൾകൂടി പാസാകണമെന്ന വ്യവസ്ഥയുണ്ടായിരുന്നെന്നും രണ്ടാമത്തെ പരീക്ഷയിൽ മാർക്ക് കുറഞ്ഞതുകാരണം നിയമനം നൽകിയില്ലെന്നും ആയതിനാൽ കൃഷിഭൂമിയും വീടും നഷ്ടപ്പെട്ട തനിക്ക് കൊച്ചി ഇന്റർനാഷണൽ എയർപോർട്ടിൽ ജോലി ലഭ്യമാക്കണമെന്നാവശ്യപ്പെട്ടാണ് ശ്രീമതി ടി. എൻ. ഗീത പിന്നോക്കസമുദായ ക്ഷേമ സമിതി മുൻപാകെ ഹർജി സമർപ്പിച്ചത്.

പ്രസ്തുത ഹർജി സമിതി പരിഗണിക്കുകയും ഗതാഗത (ഡി) വകുപ്പിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തു. ഗതാഗത (ഡി) വകുപ്പിന്റെ 16-5-2011-ലെ 2867/ഡി2/2011/ഗതാ. നമ്പർ കത്തുപ്രകാരം ലഭിച്ച മറുപടി ഇപ്രകാരമാണ്:

"ശ്രീമതി ടി. എൻ. ഗീതയെ കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിലെ അസിസ്റ്റന്റ് (സെക്യൂരിറ്റി) ട്രെയിനിയായി ബേസിക് ഏവിയേഷൻ സെക്യൂരിറ്റി കോഴ്സും എക്സ്-റേ സ്ക്രീനേഴ്സ് സർട്ടിഫിക്കേഷൻ ടെസ്റ്റും പാസാകണമെന്ന വ്യവസ്ഥയോടെ തെരഞ്ഞെടുക്കുകയും എന്നാൽ സ്ക്രീനേഴ്സ് ടെസ്റ്റിൽ പരാജയപ്പെടുകയും എന്നിരുന്നാലും പ്രസ്തുത പരീക്ഷയിൽ പരാജയപ്പെട്ട എല്ലാ ഉദ്യോഗാർത്ഥികൾക്കും രണ്ടാമത് അവസരം നൽകുകയും പ്രസ്തുത പരീക്ഷയിൽ ഗീത വിജയിക്കുകയും ചെയ്തിട്ടുണ്ട്. ഒന്നാം ക്ലാസ്സ് ബിരുദം അടിസ്ഥാനയോഗ്യത വേണ്ടസ്ഥാനത്ത് മൂന്നാം ക്ലാസ് ബിരുദം പരിഗണിച്ചുകൊണ്ടും പ്രായപരിധിയിൽ ഇളവ് അനുവദിച്ചുകൊണ്ടും

അഭിമുഖത്തിനായുള്ള മിനിമം മാർക്കിലും ഇളവ് അനുവദിച്ചതുകൊണ്ടും മാത്രമാണ് റാങ്ക് ലിസ്റ്റിൽ ടിയാൻ ഇടം നേടിയിട്ടുള്ളതെന്നും സ്ക്രീനേജ് ടെസ്റ്റ് രണ്ടാമത്തെ അവസരത്തിൽ പാസായ ശ്രീമതി ഗീത ഉൾപ്പെടെയുള്ള ഉദ്യോഗാർത്ഥികളെ നിയമനത്തിനായി പരിഗണിക്കുന്ന കാര്യം കമ്പനി മാനേജ്മെന്റ്, ബന്ധപ്പെട്ട വകുപ്പിന്റെ ആവശ്യകതയനുസരിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണെന്ന് 'സിയാൽ' മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്".

പ്രസ്തുത മറുപടി റിപ്പോർട്ട് 6-6-2012-ലെ സമിതിയോഗം പരിഗണിക്കുകയും ഉദ്യോഗാർത്ഥികളുടെ നിയമനത്തിനായി കമ്പനി മാനേജ്മെന്റ് ബന്ധപ്പെട്ട വകുപ്പിന്റെ ആവശ്യകത അനുസരിച്ച് ഉചിതമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോയെന്ന് ഗതാഗത (ഡി) വകുപ്പിനോട് ആരായാൻ തീരുമാനിക്കുകയും ചെയ്തു.

ഗതാഗത (ഡി) വകുപ്പിന്റെ 1-10-2012-ലെ 11247/ഡി2/2012/ഗതാ. നമ്പർ കത്തുപ്രകാരം ലഭിച്ച റിപ്പോർട്ട് ഇപ്രകാരമാണ്:

"ബന്ധപ്പെട്ട വകുപ്പിൽ പിന്നീട് കൂടുതലായി ജീവനക്കാരുടെ ആവശ്യം വന്നിട്ടില്ലാത്തതിനാൽ തുടർന്ന് പ്രസ്തുത വിഭാഗത്തിൽ നിയമനങ്ങൾ കമ്പനി നടത്തിയിട്ടില്ലെന്ന് കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്".

പ്രസ്തുത റിപ്പോർട്ട് സമിതി പരിഗണിച്ച് അംഗീകരിക്കുകയും സമിതി നിർദ്ദേശാനുസരണം റിപ്പോർട്ട് വിവരം ഹർജിക്കാരിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

23. <u>കേരള അറബിക് ടീച്ചേഴ്സ് ഫെഡറേഷൻ മലപ്പുറം ജില്ലാക്കമ്മിറ്റി ജനറൽ സെക്രട്ടറി ശ്രീ. ടി. എ. കബീർ സമർപ്പിച്ച ഹർജി.</u>

(ഫയൽ നമ്പർ 5611/ബിസിസി3/2010/നി.സെ.)

ന്യൂനപക്ഷ ഭാഷാ നിയമനങ്ങളിൽ നരേന്ദ്രൻ പാക്കേജിൽ ചില ഭേദഗതികൾ വരുത്തി എൻ. സി. എ. നിയമനങ്ങൾ ഒരു വർഷത്തിനുള്ളിൽ പൂർത്തിയാക്കുക, ഒരു വർഷത്തിനുള്ളിൽ എൻ.സി.എ. വിജ്ഞാപന പ്രകാരം ഉദ്യോഗാർത്ഥികളെ ലഭിക്കുന്നില്ലെങ്കിൽ മെയിൻ ലിസ്റ്റിൽ നിന്നും നിയമനം നടത്തുക എന്നിവയാണ് ശ്രീ. ടി. എ. കബീർ സമർപ്പിച്ച ഹർജിയിലെ ആവശ്യങ്ങൾ. ഹർജിയിന്മേൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെടുകയുണ്ടായി. ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) വകുപ്പിന്റെ 5-7-2013-ലെ 6082/ആർ1/11/ ഉ.ഭ.പ.വ. നമ്പർ കത്തുപ്രകാരം ലഭിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 8-3-2006-ലെ ജി.ഒ.(പി)07/06/ഉ.ഭ.പ.വ. പ്രകാരം കെ.എസ്. & എസ്.എസ്.ആർ.-ലെ സംവരണ ചട്ടങ്ങൾ ഭേദഗതി വരുത്തി ഉത്തരവായതുപ്രകാരമാണ് എൻ.സി.എ. ഒഴിവുകൾ നികത്താതെ ബന്ധപ്പെട്ട സമുദായത്തിനു വേണ്ടി പുനഃവിജ്ഞാപനം ചെയ്യുന്നത്. നിലവിലെ ചട്ടങ്ങൾ പ്രകാരം

ഉദ്യോഗാർത്ഥികൾ ലഭ്യമാകാതെവരുന്ന സംവരണ ഊഴങ്ങളിലേക്ക് രണ്ടുതവണയിൽ കുറയാതെ എൻ.സി.എ. വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കേണ്ടതാണ്, അതിനുശേഷം മാത്രമേ ലഭ്യമായ അടുത്ത ഊഴം പിന്നോക്കസമുദായത്തിലെ ഉദ്യോഗാർത്ഥിയെ പരിഗണിക്കാനാവൂ. ചട്ടങ്ങൾ പരിഷ്കരിക്കാതെ നിലവിലുള്ള നടപടിക്രമങ്ങളിൽ മാറ്റംവരുത്തുവാൻ കഴിയില്ല. ആയതിനാൽ എൻ.സി.എ. ഒഴിവുകൾ ജനറൽ കാറ്റഗറിയിലേക്ക് മാറ്റി നിയമന ശിപാർശ നൽകാൻ നിർവ്വാഹമില്ല. തുടർച്ചയായ എൻ.സി.എ. വിജ്ഞാപനങ്ങൾക്കുശേഷവും ഒഴിവുകൾ നിലനിൽക്കുന്ന സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എൻ. സി. എ. നിയമനവുമായി ബന്ധപ്പെട്ട സങ്കീർണ്ണതകൾ പരിശോധിച്ച് ചട്ടങ്ങളിൽ അനുയോജ്യമായ ഭേദഗതി വരുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്".

പ്രസ്തുത റിപ്പോർട്ട് സമിതി പരിഗണിച്ച് അംഗീകരിക്കുകയും റിപ്പോർട്ട് വിവരം ഹർജിക്കാരനെ അറിയിക്കുകയും ചെയ്തു.

24. <u>പി. എസ്. സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ആവശ്യപ്പെട്ട് ശ്രീമതി കെ. എം. ഷീജാ ബീഗം സമർപ്പിച്ച ഹർജി.</u>

(ഫയൽ നമ്പർ 4504/ബിസിസി3/2011/നി.സെ.)

കാസർഗോഡ് ജില്ലയിൽ 11-8-2009-ൽ നിലവിൽവന്ന പി. എസ്. സി. എച്ച്. എസ്. എ. (നാച്ചുറൽ സയൻസ്) റാങ്ക് ലിസ്റ്റിലെ മുസ്ലീം ഉദ്യോഗാർത്ഥിയായ ശ്രീമതി കെ. എം. ഷീജാ ബീഗം സമർപ്പിച്ച ഹർജിയിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ പരവനടുക്കത്തിൽ നാച്ചുറൽ സയൻസിന്റെ ഒരൊഴിവ് ഉണ്ടെന്നും പ്രസ്തുത ഒഴിവിലേക്ക് നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കണം എന്നും ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത ഹർജിയിന്മേൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെടുകയുണ്ടായി. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പിന്റെ 13-12-2011-ലെ 21851/ആർ1/2011/ഉ.ഭ.പ.വ. നമ്പർ കത്തുപ്രകാരം ലഭിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"ഓരോ തസ്തികയിലേക്കുമുള്ള ഒഴിവുകൾ അതത് വകുപ്പമേധാവികൾ പി. എസ്. സി.ക്ക് റിപ്പോർട്ട് ചെയ്യുന്നമുറയ്ക്ക്, 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസിലെ ചട്ടം 14 മുതൽ 17 വരെയുള്ള സംവരണതത്വങ്ങൾ പാലിച്ചുകൊണ്ടാണ് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകുന്നത്. പി.എസ്.സി.വഴി നിയമനം നടത്തുന്നതിലേക്കായി നീക്കിവച്ചിട്ടുള്ള എല്ലാ ഒഴിവുകളും സമയബന്ധിതമായി കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യാൻ എല്ലാ നിയമന അധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്".

സംസ്ഥാനത്തെ മോഡൽ റസിഡൻഷ്യൽ സ്കൂളിൽ സ്ഥലംമാറ്റം മുഖേന അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള ഇന്റർവ്യൂ 17-12-2011-ന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽവച്ച്

നടത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും അതിനുശേഷവും ഒഴിവുകൾ നിലനിൽക്കുന്നുവെങ്കിൽ പ്രസ്തുത ഒഴിവുകൾ പി. എസ്. സി. മുഖേന നികത്താനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്".

പ്രസ്തുത റിപ്പോർട്ട് സമിതിയുടെ 14-12-2011-ൽ ചേർന്ന തെളിവെടുപ്പ് യോഗത്തിൽ പരിഗണിക്കുകയും എച്ച്.എസ്.എ.(നാച്ചുറൽ സയൻസ്) തസ്തികയിലെ ഒഴിവുകൾ, 17-12-2011-ലെ സ്ഥലംമാറ്റം മുഖേന അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള അഭിമുഖത്തിനുശേഷം പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നതാണെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് ഉദ്യോഗസ്ഥർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ (ആർ) വകുപ്പിനോട് അധികവിവരം ആവശ്യപ്പെടുകയും ചെയ്തു. പൊതുവിദ്യാഭ്യാസ (ആർ) വകുപ്പിന്റെ 30-5-2013-ലെ 6811/ആർ3/13/പൊ.വി.വ. നമ്പർ കത്തുപ്രകാരം ലഭിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലേക്ക് സ്ഥലംമാറ്റം മുഖേന അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള പാനൽ രൂപീകരിക്കുന്നതിനായി 17-12-2011-ന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽവച്ച് നടന്ന കൂടിക്കാഴ്ചയിൽ കാസർഗോഡ് ജില്ലയിലെ പരവനടുക്കം മോഡൽ റസിഡൻഷ്യൽ സ്കൂളിലെ എച്ച്. എസ്. എ. (നാച്ചുറൽ സയൻസ്) തസ്തികയിലേക്ക് അപേക്ഷകരാരും ഇല്ലാതിരുന്നതിനാൽ പ്രസ്തുത ഒഴിവ് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നിർദ്ദേശപ്രകാരം കാസർഗോഡ് വിദ്യാഭ്യാസ ഉപഡയറക്ടർ പി. എസ്. സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കുന്നു".

പ്രസ്തുത അധികവിവര റിപ്പോർട്ട് സമിതി പരിഗണിച്ച് അംഗീകരിക്കുകയും സമിതി നിർദ്ദേശാനുസരണം റിപ്പോർട്ട് വിവരം ഹർജിക്കാരിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

25. <u>പി. എസ്. സി.യുടെ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II/ഓവർസിയർ (സിവിൽ) തസ്തികയിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും നിയമനം ആവശ്യപ്പെട്ട് ശ്രീമതി സായൂജകുമാരി, ടി. സമർപ്പിച്ച ഹർജി.</u>

(ഫയൽ നമ്പർ 6283/ബി.സി.സി3/2011/നി.സെ.)

20-10-2008-ൽ നിലവിൽവന്ന ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II/ഓവർസിയർ (സിവിൽ) തസ്തികയുടെ റാങ്ക് ലിസ്റ്റിൽ ഈഴവ സപ്ലിമെന്ററി വിഭാഗത്തിൽ ഉൾപ്പെട്ട ശ്രീമതി സായൂജകുമാരിക്ക് നിയമനം നൽകണമെന്നതാണ് ഹർജിയിലെ ആവശ്യം. ഹർജി പരിഗണിച്ച സമിതി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) വകുപ്പിൽനിന്നും റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തു. ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) വകുപ്പിന്റെ 25-10-2012-ലെ 23192/ആർ1/11/ഉഭപവ. നമ്പർ കത്തുപ്രകാരം ലഭിച്ച റിപ്പോർട്ട് ഇപ്രകാരമാണ്:

"പൊതുമരാമത്ത്/ജലസേചന വകുപ്പിലെ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II/ഓവർസിയർ (സിവിൽ) തസ്തികയുടെ റാങ്ക് ലിസ്റ്റ് 21-10-2008-ലാണ് നിലവിൽ വന്നത്. പ്രസ്തുത റാങ്ക് ലിസ്റ്റിലെ മെയിൻ ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാ ഉദ്യോഗാർത്ഥികളെയും നിയമനത്തിന് ശിപാർശ ചെയ്തതിനാൽ റാങ്ക് ലിസ്റ്റ് 25-1-2012-ൽ കാലഹരണപ്പെട്ടു. മുഖ്യപട്ടികയിൽ ഉദ്യോഗാർത്ഥികൾ ശേഷിക്കുന്നില്ല

എങ്കിൽ തുടർന്ന് റാങ്ക് ലിസ്റ്റിലെ സപ്ലിമെന്ററി ലിസ്റ്റിന് നിലനിൽപ്പില്ല. ലിസ്റ്റിന്റെ കാലാവധികളിൽ, ഈഴവ സപ്ലിമെന്ററി പട്ടികയിൽ ആദ്യത്തെ രണ്ട് റാങ്കുകാർ മാത്രമേ നിയമന ശിപാർശ ചെയ്യപ്പെട്ടിരുന്നുള്ളൂ. ആയതിനാലാണ്, ഈഴവ സപ്ലിമെന്ററി പട്ടികയിൽ അഞ്ചാം റാങ്കായി ഉൾപ്പെട്ടിരുന്ന ശ്രീമതി സായൂജകുമാരിക്ക് നിയമനം നൽകാൻ കഴിയാത്തത്".

പ്രസ്തുത റിപ്പോർട്ട് സമിതി പരിഗണിച്ച് അംഗീകരിക്കുകയും റിപ്പോർട്ട് വിവരം ഹർജിക്കാരിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

26. <u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ജോലി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി എം. ജമീല, കാസർഗോഡ് സമർപ്പിച്ച ഹർജി.</u>

(ഫയൽ നമ്പർ 62/ബി.സി.സി3/2012/നി.സെ.)

കാസർഗോഡ് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ 1992-ൽ പേര് രജിസ്റ്റർ ചെയ്ത ഹർജിക്കാരിയായ ശ്രീമതി എം. ജമീലയ്ക്ക് താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ലഭ്യമാക്കണമെന്നതാണ് ഹർജിയിലെ ആവശ്യം.

പ്രസ്തുത ഹർജി സമിതി പരിഗണിക്കുകയും തൊഴിലും പുനരധിവാസവും വകുപ്പിൽനിന്ന് റിപ്പോർട്ട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു. തൊഴിലും പുനരധിവാസവും (ജി) വകുപ്പിന്റെ 13-6-2013-ലെ 5866/ജി2/2012/തൊഴിൽ നമ്പർ കത്തുപ്രകാരം ലഭിച്ച മറുപടി ചുവടെ ചേർക്കും പ്രകാരമായിരുന്നു:

"എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ജോലി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി ജമീല സമർപ്പിച്ച ഹർജി സർക്കാർ വിശദമായി പരിശോധിച്ചു. ശ്രീമതി ജമീലയുടെ രജിസ്ട്രേഷൻ W/2186/00 രജിസ്റ്റർ നമ്പരിലും 3320.10 തൊഴിൽ നമ്പരിലുമായി കാസർഗോഡ് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിലവിലുണ്ട്. ശ്രീമതി ജമീല എസ്. എസ്. എൽ. സി., പി.ഡി.സി. യോഗ്യതയോടെ 6-2-1992-ലാണ് പേര് രജിസ്റ്റർ ചെയ്തിട്ടുള്ളത്. തുടർന്ന് 10-7-2000-ൽ എൻ.റ്റി.സി., 2-1-2001-ൽ ബി. എ. (ഇക്കണോമിക്സ്) 5-7-2007-ൽ പി. ജി. ഡി. സി. എ. (Pvt.) എന്നീ സർട്ടിഫിക്കറ്റുകൾകൂടി രേഖകളിൽ ചേർക്കുകയുണ്ടായി. ഇസ്ലാം/മുസ്ലീം സമുദായത്തിൽപ്പെടുന്ന ടിയാളുടെ ജനനതീയതി 8-5-1971-ലാണ്. 2/95-ലെ പുതുക്കൽ യഥാസമയം നടത്താതെ 8/95-ൽ രജിസ്ട്രേഷൻ റദ്ദാക്കുകയും 10-7-2000-ൽ വീണ്ടും രജിസ്റ്റർ ചെയ്യുകയും ചെയ്തു. സർക്കാരിന്റെ പ്രത്യേക ഉത്തരവനുസരിച്ച് 10-11-2010-ൽ സീനിയോറിറ്റി പുനഃസ്ഥാപിച്ചിട്ടുള്ളതാണ്.

25-3-2008-ൽ കണ്ണൂർ യൂണിവേഴ്സിറ്റിയിൽ ഓഫീസ് സെക്രട്ടറിഷിപ്പ് തസ്തികയിലും 3-6-2009-ൽ ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ ഇൻവെസ്റ്റിഗേറ്റർ തസ്തികയിലും 24-10-2009-ൽ ചെമ്മനാട് ഗ്രാമപഞ്ചായത്തിൽ എൽ.ഡി.സി. തസ്തികയിലും ടിയാനെ താൽക്കാലികമായി നാമനിർദ്ദേശം ചെയ്തിട്ടുണ്ട്. കൂടാതെ 12-10-2011-ൽ കാസർഗോഡ് ജില്ലാ ജഡ്ജിന്റെ ഓഫീസിൽ പി.റ്റി. സ്വീപ്പറിന്റെ സ്ഥിരം ഒഴിവിലേക്കും നാമനിർദ്ദേശം ചെയ്തിട്ടുണ്ട്.

ഫുൾ-ടൈം ഒഴിവുകൾക്ക് പരിഗണിക്കാനുള്ള നിശ്ചിത പ്രായപരിധി കഴിഞ്ഞിരിക്കുന്ന ടിയാളെ തുടർന്ന് 50 വയസ്സുവരെ പരിഗണിക്കാൻ കഴിയുന്നത് പാർട്ട്-ടൈം കണ്ടിൻജന്റ് ഒഴിവുകളിലേക്കാണ്. 2011-2013 കാലയളവിലേക്ക് ക്ലാസ്-4 ഒഴിവുകൾക്ക് പരിഗണിക്കുന്നതിന് തയ്യാറാക്കിയിട്ടുള്ള സീനിയോറിറ്റി ലിസ്റ്റിൽ പേര് 1648 (എ) എന്ന ക്രമനമ്പരിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

അനുയോജ്യമായ ഒഴിവുകൾ അറിയിക്കപ്പെടുന്നതനുസരിച്ച് നിലവിലുള്ള നിയമങ്ങളുടെയും അർഹതയുടെയും അടിസ്ഥാനത്തിൽ ശ്രീമതി ജമീലയെ പരിഗണിക്കുന്നതാണെന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു".

പ്രസ്തുത റിപ്പോർട്ട് സമിതി പരിഗണിച്ച് അംഗീകരിക്കുകയും പ്രസ്തുത വിവരം ഹർജിക്കാരിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

27. <u>മകളുടെ വിവാഹ വായ്പ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി സി. നാരായണി സമർപ്പിച്ച ഹർജി.</u>

(ഫയൽ നമ്പർ 198/ബി.സി.സി3/2012/നി.സെ.)

കാസർഗോഡ് പിന്നോക്ക വിഭാഗ കോർപ്പറേഷൻ ഓഫീസിൽ മകളുടെ വിവാഹ വായ്പയ്ക്ക് അപേക്ഷ നൽകിയിരുന്നുവെങ്കിലും അപേക്ഷ നിരസിച്ചുവെന്നും ആയതിനാൽ വിവാഹ വായ്പ അനുവദിച്ച് നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നുമാണ് ശ്രീമതി നാരായണി സമർപ്പിച്ച ഹർജിയിലെ ആവശ്യം. ഹർജി സംബന്ധിച്ച് പിന്നോക്കസമുദായ വികസന വകുപ്പിൽ നിന്നും വിശദാംശങ്ങൾ ആരായുകയുണ്ടായി. പിന്നോക്കസമുദായ വികസന (എ) വകുപ്പിന്റെ 27-9-2012-ലെ 1119/എ 1/2012/പിസവിവ. നമ്പർ കത്ത് പ്രകാരം ലഭിച്ച മറുപടി ചുവടെ ചേർക്കുന്നു:

"ശ്രീമതി സി. നാരായണിയുടെ മകൾ ശ്രീമതി ശ്രുതിലയ 23-11-2011-ന് കേരള സംസ്ഥാന പിന്നോക്ക വിഭാഗ കോർപ്പറേഷൻ കാസർഗോഡ് ജില്ലാ ഓഫീസിൽ 1 ലക്ഷം രൂപയുടെ വിവാഹ വായ്പയ്ക്ക് അപേക്ഷിച്ചിരുന്നു. അപേക്ഷയോടൊപ്പം ഈടായി നൽകിയ രേഖകളിലെ വസ്തുവിന്റെ ആധാരവും അനുബന്ധരേഖകളും നിയമപരിശോധനയ്ക്ക് വിധേയമാക്കിയപ്പോൾ, ആധാരം സർട്ടിഫൈഡ് കോപ്പിയാണെന്നും അസ്സൽ ആധാരം ഹാജരാക്കിയാൽ മാത്രമേ വസ്തുജാമ്യം പരിഗണിക്കാൻ കഴിയുകയുള്ളൂ എന്ന് നിയമോപദേശകൻ റിപ്പോർട്ട് ചെയ്തു. വായ്പയ്ക്ക് അസ്സൽ ആധാരമോ അല്ലെങ്കിൽ മറ്റ് ജാമ്യമോ ഹാജരാക്കണമെന്ന് അറിയിപ്പ് നൽകിക്കൊണ്ട് ബന്ധപ്പെട്ട രേഖകൾ കേരള സംസ്ഥാന പിന്നോക്ക വികസന കോർപ്പറേഷൻ അപേക്ഷകയ്ക്ക് തിരികെ നൽകിയിട്ടുണ്ട്".

പ്രസ്തുത റിപ്പോർട്ട് സമിതി പരിഗണിച്ച് അംഗീകരിക്കുകയും സമിതി നിർദ്ദേശാനുസരണം റിപ്പോർട്ട് വിവരം ഹർജിക്കാരിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

28. ഒ. ബി. സി. പ്രീ മെട്രിക് സ്കോളർഷിപ്പ്, അംഗീകൃത എയ്ഡഡ് സ്കൂൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നത് സംബന്ധിച്ച് ശ്രീ. മുഹമ്മദ്, പി. സി. സമർപ്പിച്ച ഹർജി

(ഫയൽ നമ്പർ 2821/ബി.സി.സി3/2012 നി.സെ.)

2011-12 അദ്ധ്യയനവർഷം ആരംഭിച്ച ഒ.ബി.സി. പ്രീ മെട്രിക് സ്കോളർഷിപ്പ് അംഗീകൃത സ്കൂൾ വിദ്യാർത്ഥികൾക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടാണ് ശ്രീ. മുഹമ്മദ്, പി. സി. 22-5-2012-ൽ സമിതി മുൻപാകെ ഹർജി സമർപ്പിച്ചത്.

ഹർജിയിന്മേൽ പിന്നോക്കസമുദായ വികസന വകുപ്പിൽനിന്നും സമിതി റിപ്പോർട്ട് ആവശ്യപ്പെടുകയുണ്ടായി. പിന്നോക്കസമുദായ വികസന (എ) വകുപ്പിന്റെ 27-9-2012-ലെ 668/എ 2/2012/പി.സ.വി.വ. നമ്പർ കത്ത് പ്രകാരം ലഭിച്ച റിപ്പോർട്ട് ചുവടെ ചേർക്കും പ്രകാരമായിരുന്നു:

"50% കേന്ദ്രസഹായത്തോടെ നടപ്പാക്കേണ്ട ഒ.ബി.സി. പ്രീ മെട്രിക് സ്കോളർഷിപ്പ്, സംസ്ഥാനത്ത് ആദ്യമായി നടപ്പാക്കിത്തുടങ്ങിയ 2011-12-ൽ സംസ്ഥാന സർക്കാർ ഈ ഇനത്തിലേക്കായി 50.25 കോടി രൂപ അനുവദിച്ചുവെങ്കിലും കേന്ദ്രസഹായമായി 1.25 കോടി രൂപ മാത്രമാണ് ലഭിച്ചിട്ടുള്ളത്. സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 10 വരെ ക്ലാസ്സുകളിലെ അർഹരായ മുഴുവൻ കുട്ടികൾക്കും സ്കോളർഷിപ്പ് നൽകുന്നതിന് ഏകദേശം 100 കോടി രൂപ ആവശ്യമായിവരും. ടി സ്കോളർഷിപ്പിന് സർക്കാർ അംഗീകൃത അൺഎയ്ഡഡ്/സി. ബി. എസ്. ഇ., ഐ. സി. എസ്. ഇ. സ്കൂളുകളിലെ കുട്ടികൾക്ക് കൂടി നൽകുന്നതിന് ആവശ്യമായ ഫണ്ട് ലഭ്യമല്ലാത്തതിനാൽ തൽക്കാലം അനുവദിക്കുന്നതിന് കഴിയില്ല".

പ്രസ്തുത റിപ്പോർട്ട് സമിതി പരിഗണിച്ച് അംഗീകരിക്കുകയും റിപ്പോർട്ട് വിവരം ഹർജിക്കാരനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

29. കോഴിക്കോട് ഒളവണ്ണ ബൊട്ടാണിക്കൽ ഗാർഡനിൽ സംവരണതത്വങ്ങൾ പാലിക്കാതെ നിയമനം നടത്തുന്നതിനെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി എം. സലീന സമർപ്പിച്ച ഹർജി സംബന്ധിച്ച്

(ഫയൽ നമ്പർ 2827/ബി.സി.സി3/2012/നി.സെ.)

ശാസ്ത്രസാങ്കേതിക വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന കോഴിക്കോട് ഒളവണ്ണ ബൊട്ടാണിക്കൽ ഗാർഡനിലെ വിവിധ വകുപ്പുകളിലെ നിയമനങ്ങളിൽ സംവരണതത്വങ്ങൾ പാലിക്കുന്നില്ലെന്നും അതിനെതിരെ നടപടി സ്വീകരിക്കണമെന്നുമാണ് ശ്രീമതി എം. സലീന സമർപ്പിച്ച ഹർജിയിലെ ആവശ്യം.

പ്രസ്തുത ഹർജി പരിഗണിച്ച സമിതി, ശാസ്ത്രസാങ്കേതിക (എ) വകുപ്പിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെടുകയുണ്ടായി. ശാസ്ത്രസാങ്കേതിക (എ) വകുപ്പിന്റെ 13-2-2013-ലെ 1316/എ 1/2012/ശാ.സാ.വ. നമ്പർ കത്ത് പ്രകാരം ലഭിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"മലബാർ ബൊട്ടാണിക്കൽ ഗാർഡനിൽ മാനേജിംഗ് ഡയറക്ടർ, ഓഫീസ് ജീവനക്കാർ, റിസർച്ച് ഫെല്ലോസ്, പ്രോജക്ട് സ്റ്റാഫ്, ഫീൽഡ് ഗൈഡ് എന്നിവയിലായി ആകെ 15 ജീവനക്കാരാണുള്ളത്. ഇതിൽ മാനേജിംഗ് ഡയറക്ടർ തസ്തികയിൽ കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിലെ ജോയിന്റ് ഡയറക്ടർക്ക് അധികചുമതല നൽകിയിട്ടുള്ളതാണ്. മറ്റ് ജീവനക്കാരുടെ ജാതിതിരിച്ചുള്ള വിവരം താഴെ കൊടുക്കുന്നു:

1. ഒ.ബി.സി. .. 6 എണ്ണം
2. എസ്.സി. .. 4 എണ്ണം
3. വികലാംഗർ .. 1 എണ്ണം
4. ജനറൽ .. 3 എണ്ണം

ആകെ .. 14 എണ്ണം

മേൽപ്പറഞ്ഞ ജീവനക്കാരുടെ തസ്തികതിരിച്ചുള്ള വിവരം താഴെ കൊടുക്കുന്നു:

1. ഓഫീസ് ജീവനക്കാർ

ഒ.ബി.സി. .. തിയ്യ—1

ഗോൾഡ്സ്മിത്ത് .. 1

എസ്.സി. ചെറുമൻ .. 1

സാംബവ .. 1

ജനറൽ .. നായർ 1

2. റിസർച്ച് ഫെല്ലോസ്

ഒ.ബി.സി. .. തിയ്യ—1

എസ്.സി. .. ചെറുമൻ—1

3. പ്രോജക്ട് സ്റ്റാഫ്

ഒ.ബി.സി. .. ഇസ്ലാം മാപ്പിള—1

എസ്.സി. .. പരവൻ—1, പെരുമണ്ണാൻ—1

ജനറൽ .. നമ്പീശൻ—1

4. <u>ഫീൽഡ് ഗൈഡ്</u>

ഒ.ബി.സി. .. കമ്മാള—1, തിയ്യ—1,

ജനറൽ .. മുസത്—1

മേൽപ്പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ആകെയുള്ള 14 താൽക്കാലിക ജീവനക്കാരിൽ 11 പേരും പിന്നോക്കസമുദായത്തിൽ നിന്നുള്ളവരാണെന്ന് കാണാം. ആയതിനാൽ, നിവേദനത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ പൂർണ്ണമായും അടിസ്ഥാനരഹിതമാണെന്ന് അറിയിക്കുന്നു".

പ്രസ്തുത റിപ്പോർട്ട് സമിതി പരിഗണിച്ച് അംഗീകരിക്കുകയും പ്രസ്തുത വിവരം ഹർജിക്കാരിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

30. <u>ആരോഗ്യ വകുപ്പിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II, നിയമനവുമായി ബന്ധപ്പെട്ട് ശ്രീമതി ചിത്ര, ആർ. വി., ശ്രീമതി കവിത, എസ്. ആർ. എന്നിവർ സമർപ്പിച്ച നിവേദനം സംബന്ധിച്ച്</u>

(ഫയൽ നമ്പർ 3291/ബി.സി.സി3/2012/നി.സെ.)

ആരോഗ്യ വകുപ്പിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II തസ്തികയിൽ 3-2-2010-ൽ നിലവിൽവന്ന പി. എസ്. സി. റാങ്ക് ലിസ്റ്റിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകൾ മുസ്ലീം സമുദായത്തിനുള്ള എൻ. സി. എ. ഒഴിവുകൾ ആയി മാറ്റിവച്ചിരിക്കുകയാണെന്നും പ്രസ്തുത റാങ്ക് ലിസ്റ്റിൽ മുസ്ലീം സമുദായത്തിലുള്ളവർ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ മാറ്റിവച്ചിരിക്കുന്ന ഒഴിവുകൾ മറ്റ് പിന്നോക്കസമുദായാംഗങ്ങൾക്ക് നൽകണമെന്നാണ് ശ്രീമതി ചിത്ര, ആർ. വി., ശ്രീമതി കവിത, എസ്. ആർ. എന്നിവർ സമർപ്പിച്ച ഹർജിയിലെ ആവശ്യം. പ്രസ്തുത ഹർജി സംബന്ധിച്ച് സമിതി ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിൽനിന്നും റിപ്പോർട്ട് ആരായുകയുണ്ടായി. ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) വകുപ്പിന്റെ 22-5-2013-ലെ 12993/ആർ1/12/ഉ.ഭ.പ.വ. നമ്പർ കത്ത് പ്രകാരം ലഭിച്ച റിപ്പോർട്ട് ചുവടെ ചേർക്കും പ്രകാരമായിരുന്നു:

"കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസിലെ പാർട്ട് II-ലെ ചട്ടം 14 മുതൽ 17 വരെയുള്ള സംവരണ വ്യവസ്ഥകൾ പാലിച്ചാണ് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഓരോ തസ്തികയിലേക്കുമുള്ള നിയമന ശിപാർശകൾ തയ്യാറാക്കുന്നത്. പ്രസ്തുത ചട്ടങ്ങൾ പാലിച്ചുതന്നെയാണ് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II തസ്തികയുടെ റാങ്ക് ലിസ്റ്റിൽനിന്നും നിയമന ശിപാർശകൾ നൽകിയിരിക്കുന്നത്.

തിരുവനന്തപുരം ജില്ലയിൽ ആരോഗ്യ വകുപ്പിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II തസ്തികയുടെ റാങ്ക് പട്ടിക 3-2-2010-ൽ നിലവിൽ വരുമ്പോൾ 57 എൻ. സി. എ. ഊഴങ്ങൾ കോമ്പൻസേറ്റ് ചെയ്യാനായി ഉണ്ടായിരുന്നു. മുൻകാലങ്ങളിലെ നിയമന ശിപാർശകളിൽ മുസ്ലീം,

ധീവര, വിശ്വകർമ്മ എന്നീ സമുദായങ്ങളുടെ ടേണുകൾ ഈഴവ, എസ്.സി. എന്നീ വിഭാഗങ്ങൾക്ക് അധികമായി ലഭിച്ചതുമൂലമുണ്ടായ എൻ.സി.എ. ടേണുകളാണ് 3-2-2010-ൽ നിലവിൽവന്ന റാങ്ക് ലിസ്റ്റിൽനിന്നും തിരികെ നൽകിയിട്ടുള്ളത്. പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും നാളിതുവരെ 156 നിയമന ശിപാർശകൾ നടത്തുകയും അതിൻപ്രകാരം 44 എൻ.സി.എ. ഊഴങ്ങൾ കോമ്പൻസേറ്റ് ചെയ്തിട്ടുമുണ്ട്. ഇനി 13 എൻ. സി. എ. ഊഴങ്ങൾകൂടി കോമ്പൻസേറ്റ് ചെയ്യാനായി അവശേഷിക്കുന്നുണ്ട്. ആയവ കോമ്പൻസേറ്റ് ചെയ്തതിനുശേഷം മാത്രമേ ഈഴവ, എസ്.സി. എന്നീ സമുദായങ്ങളിൽപ്പെടുന്ന ഉദ്യോഗാർത്ഥികളെ, അവർക്കായി നീക്കിവയ്ക്കപ്പെട്ട സംവരണ ഊഴങ്ങളിൽ നിയമന ശിപാർശ ചെയ്യുവാൻ സാധിക്കുകയുള്ളൂ".

പ്രസ്തുത റിപ്പോർട്ട് സമിതി പരിഗണിച്ച് അംഗീകരിക്കുകയും റിപ്പോർട്ട് വിവരം ഹർജിക്കാരെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

31. <u>പി.എസ്.സി.യുടെ 'എഫക്ടീവ് അഡ്വൈസ് ഡേറ്റ് ' പ്രകാരം സർവ്വീസും മറ്റ് ആനുകൂല്യങ്ങളും ലഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ഇ. വി. ബാബു സമർപ്പിച്ച ഹർജി</u>

(ഫയൽ നമ്പർ 3560/ബി.സി.സി3/2012/നി.സെ.)

ശ്രീ. ഇ. വി. ബാബു ലാൻഡ് റവന്യൂ വകുപ്പിൽ വില്ലേജ്മാൻ തസ്തികയിൽ 23-8-1993-ൽ ജോലിയിൽ പ്രവേശിക്കുകയുണ്ടായെന്നും 30-4-1992-ൽ വില്ലേജ്മാൻ തസ്തികയിൽ ഹർജിക്കാരനെ നിയമിക്കുന്നതിനുപകരം അർഹതയില്ലാത്ത മറ്റൊരാൾക്ക് നിയമനം നൽകുകയും ഹർജിക്കാരന് അർഹതപ്പെട്ട ജാതി സംവരണ റൊട്ടേഷൻ ടേൺ ആനുകൂല്യം ലഭ്യമായില്ലെന്നും തുടർന്ന് ഹർജിക്കാരന്റെ പരാതിയെത്തുടർന്ന് പി.എസ്.സി. ഹർജിക്കാരന് 30-4-1992 പ്രാബല്യത്തിൽ എഫക്ടീവ് അഡ്വൈസ് നൽകുകയുണ്ടായെന്നും എന്നാൽ എഫക്ടീവ് അഡ്വൈസ് ഡേറ്റ് മുതൽ യഥാർത്ഥ നിയമനം ലഭിച്ച 23-8-1993 വരെയുള്ള കാലയളവിലെ സർവ്വീസ് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ഹർജിയിലെ ആവശ്യം.

ഹർജി സമിതി പരിഗണിക്കുകയും ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) വകുപ്പിൽനിന്നും വിശദാംശങ്ങൾ ആരായുകയുമുണ്ടായി. ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) വകുപ്പിന്റെ 10-5-2013-ലെ 14585/ആർ1/12/ ഉ.ഭ.പ.വ. നമ്പർ കത്ത് പ്രകാരം ലഭിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയുള്ള നിയമനങ്ങളിൽ അഡ്വൈസ് ഡേറ്റ് പ്രകാരമാണ് സീനിയോറിറ്റി നിശ്ചയിക്കുന്നത്. എന്നാൽ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും സർവ്വീസിൽ പ്രവേശിക്കുന്ന തീയതി മുതൽക്കേ ലഭിക്കുന്നതിന് വ്യവസ്ഥയുള്ളൂ. ശ്രീ. ഇ.വി. ബാബുവിന്റെ എഫക്ടീവ് അഡ്വൈസ് തീയതിയായ 30-4-1992 മുതൽ ടിയാൻ യഥാർത്ഥത്തിൽ ജോലിയിൽ പ്രവേശിച്ച 23-8-1993 വരെയുള്ള കാലയളവ് സീനിയോറിറ്റിക്കായി പരിഗണിക്കാവുന്നതാണ്. എന്നാൽ പ്രസ്തുത കാലയളവിലെ ശമ്പളവും ആനുകൂല്യങ്ങളും നൽകുന്നതിനും സേവന കാലാവധി നീട്ടിക്കൊടുക്കുന്നതിനും നിയമപരമായി നിർവ്വാഹമില്ലാത്തതാണ്. ആയതിനാൽ, ഹർജിക്കാരന് നിയമന ശിപാർശ ലഭിച്ച

തീയതി മുതൽക്കുള്ള ശമ്പളവും മറ്റ് സേവന ആനുകൂല്യങ്ങളും ലഭ്യമാക്കണമെന്ന ആവശ്യം നിയമപരമായി നിലനിൽക്കുന്നതല്ല എന്നും നിയമന ഉത്തരവിനെ തുടർന്ന് ജോലിയിൽ പ്രവേശിച്ച തീയതി മുതൽക്കുള്ള ശമ്പളവും മറ്റ് അനുബന്ധ ആനുകൂല്യങ്ങളുമാണ് ശ്രീ. ഇ. വി. ബാബുവിന് അർഹതപ്പെട്ടത്".

പ്രസ്തുത റിപ്പോർട്ട് സമിതി പരിഗണിച്ച് അംഗീകരിക്കുകയും റിപ്പോർട്ട് വിവരം ഹർജിക്കാരനെ അറിയിക്കുകയും ചെയ്തു.

32. സർക്കാർ അംഗീകൃത എയ്ഡഡ് അറബിക് കോളേജ് അദ്ധ്യാപകർക്ക് യു.ജി.സി. പാക്കേജ് നടപ്പിലാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ഡോ. ഹുസൈൻ മടവൂർ സമർപ്പിച്ച ഹർജി

(ഫയൽ നമ്പർ 3652/ബി.സി.സി3/2012/നി.സെ.)

1990-ൽ കേരളത്തിലെ ആർട്സ് & സയൻസ് കോളേജുകളിൽ യു. ജി. സി. സ്കീം പ്രകാരം സേവന-വേതന പരിഷ്കരണം നടപ്പിലാക്കിയപ്പോൾ തുല്യജോലി ചെയ്യുന്ന അറബിക് കോളേജ് അദ്ധ്യാപകർക്ക് അത് നടപ്പിലാക്കിയില്ലെന്നും സർവ്വകലാശാലയുടെ മുഴുവൻ നിയമങ്ങളും ബാധകമായിട്ടുള്ള കോഴിക്കോട്, കണ്ണൂർ സർവ്വകലാശാലകൾക്ക് കീഴിലുള്ള 11 എയ്ഡഡ് അറബിക് കോളേജുകളിലായി 119 അറബി അദ്ധ്യാപകർ ജോലി ചെയ്യുന്നുണ്ടെന്നും യു.ജി.സി.യുടെ 2 എഫ്, 12 ബി അംഗീകാരവും അതനുസരിച്ചുള്ള ഗ്രാന്റുകളും ലഭിക്കുന്നുണ്ടെങ്കിലും അദ്ധ്യാപകർക്ക് യു.ജി.സി. നിരക്കിൽ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ലഭിക്കുന്നില്ലെന്നും പ്രസ്തുത ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കണമെന്നാവശ്യപ്പെട്ടാണ് കേരള സ്റ്റേറ്റ് അറബിക് കോളേജ് പ്രിൻസിപ്പൽസ് ആന്റ് മാനേജ്മെന്റ് അസോസിയേഷൻ ജനറൽ സെക്രട്ടറി ഡോ. ഹുസൈൻ മടവൂർ ഹർജി സമർപ്പിച്ചത്.

പ്രസ്തുത ഹർജി സമിതി പരിഗണിക്കുകയും ഉന്നതവിദ്യാഭ്യാസ വകുപ്പിൽനിന്ന് റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തു. ഉന്നതവിദ്യാഭ്യാസ (സി) വകുപ്പിന്റെ 5-6-2013-ലെ 28747/സി3/12/ഉ.വി.വ. നമ്പർ കത്ത് പ്രകാരം ലഭിച്ച റിപ്പോർട്ട് ഇപ്രകാരമാണ്:

"അറബിക് കോളേജ് അദ്ധ്യാപകർക്ക് യു.ജി.സി. പാക്കേജ് നടപ്പിലാക്കുന്നത് സംബന്ധിച്ച് സർക്കാർ നടപടി സ്വീകരിക്കുകയും സംസ്ഥാനത്തെ 11 അറബിക് കോളേജുകളിലെ അദ്ധ്യാപകർക്ക് മുൻകാല പ്രാബല്യമില്ലാതെ 1-4-2013-ൽ യു.ജി.സി. സ്കീം നടപ്പിലാക്കി 27-4-2013-ലെ സ.ഉ. (എംഎസ്.) നമ്പർ 109/2013/ ഉ.വി.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്." [അനുബന്ധം I (ബി)]

പ്രസ്തുത റിപ്പോർട്ട് സമിതി പരിഗണിച്ച് അംഗീകരിക്കുകയും റിപ്പോർട്ട് വിവരം ഹർജിക്കാരനെ അറിയിക്കുകയും ചെയ്തു.

സി. മമ്മൂട്ടി,<br>
*അദ്ധ്യക്ഷൻ,*<br>
*പിന്നോക്കസമുദായ ക്ഷേമ സമിതി.*

തിരുവനന്തപുരം,<br>
2015 ഡിസംബർ 1.

അനുബന്ധം 1 (എ)

©
Government of Kerala
കേരള സർക്കാർ
2013

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. രജി. നമ്പർ
KL/TV(N)/634/2012-14

# KERALA GAZETTE
# കേരള ഗസറ്റ്
## EXTRAORDINARY
അസാധാരണം

**PUBLISHED BY AUTHORITY**

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | |
|---|---|---|---|
| Vol. II<br>വാല്യം 2 | Thiruvananthapuram, Thursday<br>തിരുവനന്തപുരം, വ്യാഴം | 19th September 2013<br>2013 സെപ്റ്റംബർ 19<br>28th Bhadra 1935<br>1935 ഭാദ്രം 28 | No.<br>നമ്പർ 2732 |

GOVERNMENT OF KERALA

**Law (Legislation-G) Department**

NOTIFICATION

No. 20614/Leg. G2/2013/Law. *Dated, Thiruvananthapuram, 19th September, 2013*
*28th Bhadra, 1935.*

The following Ordinance promulgated by the Governor of Kerala on the 17th day of September, 2013 is hereby published for general information.

By order of the Governor,

C. P. Ramaraja Prema Prasad,
*Law Secretary.*

1264/2015.

## ORDINANCE No. 49 OF 2013

### THE UNIVERSITY LAWS (AMENDMENT) ORDINANCE, 2013

Promulgated by the Governor of Kerala in the Sixty-fourth Year of the Republic of India.

*AN*

*ORDINANCE*

*further to amend the Kerala University Act, 1974, the Calicut University Act, 1975, the Mahatma Gandhi University Act, 1985, the Sree Sankaracharya University of Sanskrit Act, 1994 and the National University of Advanced Legal Studies Act, 2005.*

*Preamble.*—WHEREAS, it is expedient further to amend the Kerala University Act, 1974, the Calicut University Act, 1975, the Mahatma Gandhi University Act, 1985, the Sree Sankaracharya University of Sanskrit Act, 1994 and the National University of Advanced Legal Studies Act, 2005 for the purposes hereinafter appearing;

AND WHEREAS, the Legislative Assembly of the State of Kerala is not in session and the Governor of Kerala is statisfied that circumstances exist which render it necessary for him to take immediate action;

NOW, THEREFORE, in exercise of the powers conferred by clause (1) of article 213 of the Constitution of India, the Governor of Kerala is pleased to promulgate the following Ordinance:—

1. *Short title and commencement.*—(1) This Ordinance may be called the University Laws (Amendment) Ordinance, 2013.

(2) It shall come into force at once.

2. *Acts 17 of 1974, 5 of 1975, 12 of 1985, 5 of 1994 and 27 of 2005 to be temporarily amended.*—During the period of operation of this Ordinance, the Kerala University Act, 1974, the Calicut University Act, 1975, the Mahatma Gandhi University Act, 1985, the Sree Sankaracharya University of Sanskrit Act, 1994 and the National University of Advanced Legal Studies Act, 2005 shall have effect subject to the amendments specified in sections 3 to 7 respectively.

3. *Amendment of Act 17 of 1974.*—In section 6 of the Kerala University Act, 1974 (17 of 1974), for sub-section (2), the following sub-section shall be substituted, namely:—

"(2) In making appointments to the teaching and non-teaching posts, the University shall, *mutatis mutandis*, observe the provisions of clauses (a), (b) and (c) of rule 14 and the provisions of rules 15, 16, 17 and 17A of the Kerala State and Subordinate Services Rules, 1958, as amended from time to time, and communal rotation shall be followed category-wise treating all the departments as one unit.".

4. *Amendment of Act 5 of 1975.*—In section 6 of the Calicut University Act, 1975 (5 of 1975), for sub-section (2), the following sub-section shall be substituted, namely:—

"(2) In making appointments to the teaching and non-teaching posts, the University shall, *mutatis mutandis*, observe the provisions of clauses (a), (b) and (c) of rule 14 and the provisions of rules 15, 16, 17 and 17A of the Kerala State and Subordinate Services Rules, 1958, as amended from time to time, and communal rotation shall be followed category-wise treating all the departments as one unit.".

5. *Amendment of Act 12 of 1985.*—In the Mahatma Gandhi University Act, 1985 (12 of 1985), for section 78, the following section shall be substituted, namely:—

"78 *Reservation of appointments.*—In making appointments to the teaching and non-teaching posts, the University shall, *mutatis mutandis*, observe the provisions of clauses (a), (b) and (c) of rule 14 and the provisions of rules 15, 16, 17 and 17A of the Kerala State and Subordinate Services Rules, 1958, as amended from time to time, and communal rotation shall be followed category-wise treating all the departments as one unit.".

6. *Amendment of Act 5 of 1994.*—In the Sree Sankaracharya University of Sanskrit Act, 1994 (5 of 1994), for section 32, the following section shall be substituted, namely:—

"32. *Reservation of appointments.*—In making appointments to the teaching and non-teaching posts, the University shall, *mutatis mutandis*, observe the provisions of clauses (a), (b) and (c) of rule 14 and the provisions of rules 15, 16, 17 and 17A of the Kerala State and Subordinate Services Rules, 1958, as amended from time to time, and communal rotation shall be followed category-wise treating all the departments as one unit.".

7. ***Amendment of Act 27 of 2005.***—In section 4 of the National University of Advanced Legal Studies Act, 2005 (27 of 2005), for sub-section (3), the following sub-section shall be substituted, namely:—

"(3) In making appointments to the teaching and non-teaching posts, the University shall, *mutatis mutandis*, observe the provisions of clauses (a), (b) and (c) of rule 14 and the provisions of rules 15, 16, 17 and 17A of the Kerala State and Subordinate Services Rules, 1958, as amended from time to time, and communal rotation shall be followed category-wise treating all the departments as one unit.".

NIKHIL KUMAR,
*GOVERNOR.*

©
Government of Kerala
കേരള സർക്കാർ
2013

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. രജി. നമ്പർ
KL/TV(N)/634/2012-14

# KERALA GAZETTE
# കേരള ഗസറ്റ്
## EXTRAORDINARY
അസാധാരണം
## PUBLISHED BY AUTHORITY
ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | |
|---|---|---|---|
| Vol. II<br>വാല്യം 2 | Thiruvananthapuram, Thursday<br>തിരുവനന്തപുരം, വ്യാഴം | 19th September 2013<br>2013 സെപ്റ്റംബർ 19<br>28th Bhadra 1935<br>1935 ഭാദ്രം 28 | No.<br>നമ്പർ 2733 |

## കേരള സർക്കാർ

നിയമ (നിയമ നിർമ്മാണം-ജി) വകുപ്പ്

### വിജ്ഞാപനം

നമ്പർ 20614/ലെഗ്.ജി2/2013/നിയമം.

*തിരുവനന്തപുരം, 2013 സെപ്റ്റംബർ 19*
*1935 ഭാദ്രം 28.*

2013 സെപ്റ്റംബർ 17-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയ ഇനി പറയുന്ന ഓർഡിനൻസ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

സി. പി. രാമരാജ പ്രേമ പ്രസാദ്,
*നിയമ വകുപ്പ് സെക്രട്ടറി.*

**2013-ലെ 50-ാം നമ്പർ ഓർഡിനൻസ്**

# 2013-ലെ സർവ്വകലാശാല നിയമങ്ങൾ (രണ്ടാം ഭേദഗതി) ഓർഡിനൻസ്

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിനാലാം സംവത്സരത്തിൽ കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയത്.

## 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റ്, 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റ് എന്നിവ വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള ഒരു ഓർഡിനൻസ്

പീഠിക.—1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റും 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റും ഇനി പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാലും;

കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാത്തതിനാലും താൻ സത്വര നടപടി എടുക്കേണ്ടത് ആവശ്യമാകുന്ന സാഹചര്യങ്ങൾ നിലവിലുണ്ടെന്ന് കേരള ഗവർണ്ണർക്ക് ബോദ്ധ്യമായിരിക്കുന്നതിനാലും;

ഇപ്പോൾ, അതിനാൽ, ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള ഗവർണ്ണർ താഴെ പറയുന്ന ഓർഡിനൻസ് വിളംബരപ്പെടുത്തുന്നു:—

1. <u>ചുരുക്കപ്പേരും പ്രാരംഭവും.</u>—(1) ഈ ഓർഡിനൻസിന് 2013-ലെ സർവ്വകലാശാല നിയമങ്ങൾ (രണ്ടാം ഭേദഗതി) ഓർഡിനൻസ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 1986-ലെ 31-ാം ആക്റ്റും 2013-ലെ 24-ാം ആക്റ്റും താൽക്കാലികമായി ഭേദഗതി ചെയ്യപ്പെടേണ്ടതാണെന്ന്.—ഈ ഓർഡിനൻസ് നിലവിലിരിക്കുന്ന കാലത്ത്, 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റിനും (1986-ലെ 31) 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റിനും (2013-ലെ 24) 3-ഉം 4-ഉം വകുപ്പുകളിൽ പരാമർശിക്കുന്ന ഭേദഗതികൾക്ക് വിധേയമായി പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

3. 1986-ലെ 31-ാം ആക്റ്റിന്റെ ഭേദഗതി.—1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ (1986-ലെ 31), 7-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2) അദ്ധ്യാപക, അനദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനങ്ങൾ നടത്തുന്നതിൽ, സർവ്വകലാശാല, 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ 14-ാം ചട്ടത്തിലെ (എ), (ബി), (സി) എന്നീ ഖണ്ഡങ്ങളിലെ വ്യവസ്ഥകളും 15, 16, 17, 17എ എന്നീ ചട്ടങ്ങളിലെ വ്യവസ്ഥകളും, അതതു സമയങ്ങളിൽ ഭേദഗതി ചെയ്ത പ്രകാരം, ആവശ്യമായ മാറ്റങ്ങളോടെ, പാലിക്കേണ്ടതും എല്ലാ വകുപ്പുകളും ഒരു യൂണിറ്റ് ആയി പരിഗണിച്ച് കാറ്റഗറി തിരിച്ച് സാമുദായിക ക്രമം തുടരേണ്ടതുമാണ്.".

4. 2013-ലെ 24-ാം ആക്റ്റിന്റെ ഭേദഗതി.—2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റിൽ (2013-ലെ 24), 40-ാം വകുപ്പിനു പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"40. നിയമനങ്ങളുടെ സംവരണം.—അദ്ധ്യാപക, അനദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനങ്ങൾ നടത്തുന്നതിൽ, സർവ്വകലാശാല, 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ 14-ാം ചട്ടത്തിലെ (എ), (ബി), (സി) എന്നീ ഖണ്ഡങ്ങളിലെ വ്യവസ്ഥകളും 15, 16, 17, 17എ എന്നീ ചട്ടങ്ങളിലെ വ്യവസ്ഥകളും, അതതു സമയങ്ങളിൽ ഭേദഗതി ചെയ്ത പ്രകാരം, ആവശ്യമായ മാറ്റങ്ങളോടെ, പാലിക്കേണ്ടതും എല്ലാ വകുപ്പുകളും ഒരു യൂണിറ്റ് ആയി പരിഗണിച്ച് കാറ്റഗറി തിരിച്ച് സാമുദായിക ക്രമം തുടരേണ്ടതുമാണ്.".

നിഖിൽ കുമാർ,

*ഗവർണ്ണർ.*

GOVERNMENT OF KERALA

**Law (Legislation-G) Department**

NOTIFICATION

No. 20614/Leg. G2/2013/Law. *Dated, Thiruvananthapuram,* *19th September, 2013*
*28th Bhadra, 1935.*

In pursuance of clause (3) of Article 348 of the Constitution of India, the Governor of Kerala is pleased to authorise the publication in the Gazette of the following translation in the English language of the University Laws (Second Amendment) Ordinance, 2013 (50 of 2013).

By order of the Governor,

C. P. Ramaraja Prema Prasad,
*Law Secretary.*

[Translation in English of "2013-ലെ സർവ്വകലാശാല നിയമങ്ങൾ (രണ്ടാം ഭേദഗതി) ഓർഡിനൻസ്" published under the authority of the Governor.]

# ORDINANCE No. 50 OF 2013

# THE UNIVERSITY LAWS (SECOND AMENDMENT) ORDINANCE, 2013

Promulgated by the Governor of Kerala in the Sixty-fourth Year of the Republic of India.

*AN*

*ORDINANCE*

*further to amend the Cochin University of Science and Technology Act, 1986 and the Thunchath Ezhuthachan Malayala University Act, 2013.*

*Preamble.*—WHEREAS, it is expedient further to amend the Cochin University of Science and Technology Act, 1986 and the Thunchath Ezhuthachan Malayala University Act, 2013 for the purposes hereinafter appearing;

AND WHEREAS, the Legislative Assembly of the State of Kerala is not in session and the Governor of Kerala is statisfied that circumstances exist which render it necessary for him to take immediate action;

NOW, THEREFORE, in exercise of the powers conferred by clause (1) of article 213 of the Constitution of India, the Governor of Kerala is pleased to promulgate the following Ordinance:—

1. *Short title and commencement.*—(1) This Ordinance may be called the University Laws (Second Amendment) Ordinance, 2013.

(2) It shall come into force at once.

2. *Act 31 of 1986 and Act 24 of 2013 to be temporarily amended.*—During the period of operation of this Ordinance, the Cochin University of Science and Technology Act, 1986 (31 of 1986) and the Thunchath Ezhuthachan Malayala University Act, 2013 (24 of 2013) shall have effect subject to the amendments specified in sections 3 and 4.

3. *Amendment of Act 31 of 1986.*—In the Cochin University of Science and Technology Act, 1986 (31 of 1986), in section 7, for sub-section (2), the following sub-section shall be substituted, namely:—

"(2) In making appointments to the teaching and non-teaching posts, the University shall, *mutatis mutandis*, observe the provisions of clauses (a), (b) and (c) of rule 14 and the provisions of rules 15, 16, 17 and 17A of the Kerala State and Subordinate Services Rules, 1958, as amended from time to time, and communal rotation shall be followed category-wise treating all the departments as one unit".

4. *Amendment of Act 24 of 2013.*—In the Thunchath Ezhuthachan Malayala University Act, 2013 (24 of 2013), for section 40, the following section shall be substituted, namely:—

"40. *Reservation of appointments.*—In making appointments to the teaching and non-teaching posts, the University shall, *mutatis mutandis*, observe the provisions of clauses (a), (b) and (c) of rule 14 and the provisions of rules 15, 16, 17 and 17A of the Kerala State and Subordinate Services Rules, 1958, as amended from time to time, and communal rotation shall be followed category-wise treating all the departments as one unit".

NIKHIL KUMAR,

*GOVERNOR.*

അനുബന്ധം 1 (ബി)

GOVERNMENT OF KERALA

**Abstract**

Higher Education Department - Extension of UGC Scale of Pay and Scheme benefits to Arabic College teachers - Orders issued.

---

**HIGHER EDUCATION (C) DEPARTMENT**

G.O.(Ms)No.109 /2013/ H.Edn. Dated, Thiruvananthapuram, 27.4.2013.

Read - 1. G.O.(Ms) No. 66/90/H.Edn.dated 13.3.1990.
2. G.O.(Ms)No.76/90/H.Edn dated 23/3/1990
3. G.O.(P) No.79/90/H.Edn. Dated 27.3.1990.
4. G.O.(P) No.171/99/H.Edn. Dated 21.12.1999.
5. G.O.(P) No.58/2010//H.Edn. Dated 27.3.2010.
6. Letter No.UGC Cell(3)53687/2011/Coll.Edn dated 27.12.2011 from the Director of Collegiate Education, Thiruvananthapuram.

**ORDER**

In the Government orders read above, Government have issued orders implementing the UGC Scheme including revision of scale of pay of teachers in Universities & affiliated colleges in the State. The aided Arabic College teachers are so far not included under the UGC package even though these colleges have received accreditation under section 2 (f)&12(B) of the UGC Act, 1956. Implementation of UGC Scheme & salary to Arabic College teachers is a major demand of the service organizations before Government for a long time.

Government, after considering the proposal furnished by the Director of Collegiate Education in this regard, are pleased to issue the following orders extending the UGC Scheme & scale of pay to the teachers of the 11 aided Arabic Colleges in the State with effect from 1.4.2013. The UGC scheme benefits will be available only for those teachers who are appointed on a regular basis against permanent vacancies and posts which come under the work load of Degree

and PG Courses. The posts which come under the UGC scheme as on 1.4.2013 will be identified and notified separately.

The existing teachers appointed for the preliminary course of Afsal -Ul-Ulama will be retained in the respective Arabic Colleges as a separate wing. Those who are having the prescribed qualification and appointed in this category up to 31.3.2013 will be considered for coming over to the UGC Scheme as and when vacancies arise. These teachers will be placed into the respective grade of posts by considering the length of service and the post they occupy before coming over to the UGC scheme and will be given the UGC scale of pay. The existing post of the lecturer in English in these colleges will be made use for the preliminary course & Degree courses.

The revised UGC scale of Pay as ordered in the Government Order read as 5th above will be sanctioned from the month of April 2013. The nomenclature of the existing posts in Arabic colleges will be changed as prescribed in the above Government Order. The scale of pay, academic grade pay, date of annual increment, rate of increment & incentives etc. will be the same as mentioned in the said Government order & its subsequent clarification orders.

Government orders on fixation of pay, relaxation of eligibility criteria and

selection to the UGC scheme posts will be issued separately. The Director of Collegiate Education will submit necessary proposals in this regard forthwith.

**(BY ORDER OF THE GOVERNOR)**
**Dr.K.M.ABRAHAM**
**ADDITIONAL CHIEF SECRETARY.**

To

The Director of Collegiate Education, Thiruvananthapuram.
The Registrar of all Universities.
The Secretary,University Grants Commission, Bahadur Shah Zafar, New Delhi-2.
The Member Secretary, Kerala State Higher Education Council, Thiruvananthapuram.
All Regional Deputy Directors of Collegiate Education.
The Principal Accountant General (Audit), Kerala, Thiruvananthapram.
The Accountant General (A&E), Kerala, Thiruvananthapuram/ Kottayam.
The General Administration (SC) Department-( vide item no.3411 of the proceedings of the Council of Ministers dated 24.4.2013. )
Finance Department.
The District Treasury Officers concerned.
Stock File/ Office copy.

Forwarded/By order
Section Officer

Copy to :

The PS to Minister for Education.
The PA to Additional Chief Secretary, Higher Education.

അനുബന്ധം II

സർക്കാരിൽ നിന്നും അന്തിമ റിപ്പോർട്ട് ലഭ്യമാക്കാത്തതിനാൽ തീരുമാനമാകാത്ത ഫയലുകളുടെ ലിസ്റ്റ്

## 1. പിന്നോക്കസമുദായ വികസന വകുപ്പ്

| ക്രമ നമ്പർ | ഫയൽ നമ്പർ | വിഷയം | സർക്കാരിലേക്ക് അയച്ച തീയതി | സർക്കാർ റഫറൻസ് നമ്പർ | റിമാർക്സ് |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | 6465/ബി. സി.സി1/ 05/നി.സെ. | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. എം. രാമചന്ദ്രൻ ചെട്ടിയാർ, സെക്രട്ടറി, കേരള വണിക വൈശ്യ സംഘം കൊല്ലം ജില്ലാ കമ്മിറ്റി സമർപ്പിച്ച ഹർജി സംബന്ധിച്ച് | 17-2-2005 (പജ.പവ.വിവ.) 3-5-2013 | 4272/എഫ്3/05 (പജ.പവ.വിവ.) 28-7-2007 | അധിക വിവര റിപ്പോർട്ട് ലഭിക്കാനുണ്ട് |
| 2 | 579/ബി. സി.സി1/ 08/നി.സെ. | അഖില കേരള എഴുത്തച്ഛൻ സമാജം സംസ്ഥാന പ്രതിനിധികൾ സമർപ്പിച്ച ഹർജി—അധികവിവരം ആരായുന്നത് സംബന്ധിച്ച് | 27-3-2008 (പജ.പവ.വിവ.) 16-5-2013 | 453/എ 2/2012/ പി.സ.വി.വ. തീയതി 23-4-2014 | ഹർജിയിലെ ഒന്നാമത് ആവശ്യത്തിന്മേലുള്ള റിപ്പോർട്ടും 5-11-2014-ലെ സമിതി യോഗം ആരാഞ്ഞ അധികവിവര റിപ്പോർട്ടും ലഭിക്കാനുണ്ട് |
| 3 | 2465/ബി. സി.സി1/ 09/നി.സെ. | കേരളത്തിലെ പിന്നോക്ക വിഭാഗ കമ്മീഷന്റെ അധികാരം വിപുലപ്പെടുത്തണമെന്നഭ്യർത്ഥിച്ച് 'മെക്ക' സമർപ്പിച്ച ഹർജി | 20-7-2009 (പജ.പവ.വിവ.) 25-3-2015 | 226/എഫ്1/15/ (പജ.പവ.വിവ.) തീയതി 16-1-2015 | 1-1-2013-ലെ സമിതി യോഗം ആരാഞ്ഞ അധികവിവര റിപ്പോർട്ട് ലഭിക്കാനുണ്ട് |

| | | | | | |
|---|---|---|---|---|---|
| 4 | 5610/ബി.സി.സി1/09/നി.സെ. | യോഗീശ്വര സമുദായത്തിന്റെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് കേരള യോഗി സർവ്വീസ് സൊസൈറ്റി ജനറൽ സെക്രട്ടറി, സംസ്ഥാന കമ്മിറ്റി കണ്ണൂർ സമർപ്പിച്ച ഹർജി സംബന്ധിച്ച് | 20-2-2010 (പജ.പവ.വിവ.) 9-8-2012 | 250/എ 3/2012/ പി.സ.വി.വ. തീയതി 22-5-2012 | 20-2-2010 മുതൽ കത്തുകളും ഓർമ്മക്കുറിപ്പുകളും അർദ്ധ ഔദ്യോഗിക കത്തുകളും അയച്ചുവരുന്നു. നാളിതുവരെ റിപ്പോർട്ട് ലഭ്യമായിട്ടില്ല |
| 5 | 689/ബി.സി.സി1/10/നി.സെ. | വിവിധ ആവശ്യങ്ങളുന്നയിച്ച് സ്റ്റേറ്റ് എംപ്ലോയീസ് യൂണിയൻ ട്രഷറർ ശ്രീ. ഹലീൽ റഹിമാൻ സമർപ്പിച്ച ഹർജി സംബന്ധിച്ച് | 7-4-2010 (പജ.പവ.വിവ.) 11-7-2013 | 257/എ 3/2012/ പി.സ.വി.വ. തീയതി 18-5-2012, 27-5-2012 | ഹർജിയിലെ 7, 8, 24, 25, 26, 27 എന്നീ ആവശ്യങ്ങളിന്മേലുള്ള റിപ്പോർട്ട് ലഭ്യമാക്കാനുണ്ട് |
| 6 | 4177/ബി.സി.സി1/10/നി.സെ. | ക്രീമിലെയർ പദ്ധതി നിർത്തലാക്കണമെന്നാവശ്യപ്പെട്ട് സെക്രട്ടറി, മെക്ക, തൃശ്ശൂർ ജില്ലാ കമ്മിറ്റി സമർപ്പിച്ച ഹർജി സംബന്ധിച്ച് | 27-11-2010 (പജ.പവ.വിവ.) 25-1-2013 | 33215/എഫ്3/12/ (പജ.പവ.വിവ.) തീയതി. 27-12-2012 | 23-11-2011-ലെ സമിതി യോഗം ആരാഞ്ഞ അധിക വിവരം സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാനുണ്ട് |
| 7 | 4781/ബി.സി.സി1/10/നി.സെ. | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് കുടുംബി സേവാസംഘം ജനറൽ സെക്രട്ടറി ശ്രീ. പി.എസ്. രാമചന്ദ്രൻ സമർപ്പിച്ച ഹർജി സംബന്ധിച്ച് | 26-2-2011 (പജ.പവ.വിവ.) 12-10-2012 | 25459/എഫ്3/10/ (പജ.പവ.വിവ.) തീയതി 14-10-2011 | 30-5-2012-ലെ സമിതി യോഗം ആരാഞ്ഞ അധിക വിവരങ്ങൾക്ക് മറുപടി ലഭിക്കാനുണ്ട് |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| 8 | 4782/ബി. സി.സി1/ 10/നി.സെ. | വിവിധ ആവശ്യങ്ങളുന്നയിച്ച് കെ.പി. താഹിറ, എറണാകുളം സമർപ്പിച്ച ഹർജി സംബന്ധിച്ച് | 4-2-2011 (പജ.പവ.വിവ.) 15-1-2013 | 166/എ 1/12/ പി.സ.വി.വ. തീയതി 9-8-2012, 25-1-2015 | ഹർജിയിലെ 1, 2, 6 എന്നീ ആവശ്യങ്ങളിന്മേലുള്ള റിപ്പോർട്ട് ലഭിക്കാനുണ്ട് |
| 9 | 6320/ബി. സി.സി1/ 10/നി.സെ. | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് മെക്ക, വയനാട് ജില്ലാ സെക്രട്ടറി ശ്രീ. അസൈനാർ, പി.എം. സമർപ്പിച്ച ഹർജി സംബന്ധിച്ച് | 14-3-2011 (പജ.പവ.വിവ.) 29-4-2014 | 4113/എഫ്1/14/ (പജ.പവ.വിവ.) തീയതി 17-2-2014 | ഹർജിയിലെ 7-ാമത് ആവശ്യത്തിന്മേൽ മറുപടി ലഭിക്കാനുണ്ട് |
| 10 | 113/ബി. സി.സി1/ 12/നി.സെ. | കാസർഗോഡ് ജില്ലയിലെ കന്നഡ ഭാഷാ ന്യൂനപക്ഷ സമുദായമായ പത്മശാലി സമുദായത്തെ ശാലിയ സമുദായത്തിന്റെ ഉപ സമുദായമായി ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനായി പത്മശാലി സമാജ സേവാ സമിതി സമർപ്പിച്ച ഹർജി സംബന്ധിച്ച് | 21-1-2012 (പജ.പവ.വിവ.) 25-1-2013 | 31556/എഫ്3/12/ (പജ.പവ.വിവ.) തീയതി 27-12-2012 | ഹർജിയിന്മേൽ റിപ്പോർട്ടാവശ്യപ്പെട്ട് ജോയിന്റ് സെക്രട്ടറിയുടെ അർദ്ധ ഔദ്യോഗിക കത്ത് അയച്ചിരിക്കുന്നു |
| 11 | 1255/ബി. സി.സി1/ 12/നി.സെ. | വിവിധ ആവശ്യങ്ങളുന്നയിച്ച് എസ്. എൻ.ഡി.പി. തിരൂർ യൂണിറ്റ് ഡയറക്ടർ ശ്രീ. ഷിജു വൈക്കത്തൂർ സമർപ്പിച്ച ഹർജി സംബന്ധിച്ച് | 23-3-2012 (പജ.പവ.വിവ.) 1-4-2014 | 495/എ 3/2012/ പി.സ.വി.വ. തീയതി 28-5-2013 | 21-8-2013-ലെ സമിതി യോഗം ആരാഞ്ഞ അധികവിവരത്തിന്മേൽ റിപ്പോർട്ട് ലഭിക്കാനുണ്ട് |

| | | | | | |
|---|---|---|---|---|---|
| 12 | 1264/ബി. സി.സി1/ 12/നി.സെ. | വിവിധ ആവശ്യങ്ങളുന്നയിച്ച് എസ്. എൻ.ഡി.പി. യോഗം കാടാമ്പുഴ ശാഖാ സെക്രട്ടറി ശ്രീ. പി. പി. സുരേഷ് സമർപ്പിച്ച ഹർജി സംബന്ധിച്ച് | 11-6-2012 | | ഹർജിയിന്മേലുള്ള യാതൊരു വിവരവും നാളിതുവരെ ലഭ്യമാക്കിയിട്ടില്ല |
| 13 | 1267/ബി. സി.സി1/ 12/നി.സെ. | അഖില കേരള വിൽക്കുറുപ്പ് മഹാസഭ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് സമർപ്പിച്ച ഹർജി സംബന്ധിച്ച് | 28-3-2012 | 242/എ 2/2012/ പി.സ.വി.വ. തീയതി 27-8-2012, 25-2-2014 | ഹർജിയിലെ 1, 2, 5, 6 എന്നീ ആവശ്യങ്ങളിന്മേലുള്ള റിപ്പോർട്ട് ലഭിക്കാനുണ്ട് |
| 14 | 1273/ബി. സി.സി1/ 12/നി.സെ. | വിദ്യാഭ്യാസ തൊഴിൽ മേഖലയിൽ സംവരണവും തൊഴിലധിഷ്ഠിത പുനരധിവാസവും നൽകണമെന്നാവശ്യപ്പെട്ട് അഖില കേരള പെരുങ്കൊല്ല സമാജം മലപ്പുറം ജില്ലാ കമ്മിറ്റി സമർപ്പിച്ച ഹർജി സംബന്ധിച്ച് | 3-4-2012 | 213/എ 2/2012 പി.സ.വി.വ. തീയതി 19-5-2012 | ഹർജിയിലെ ആവശ്യങ്ങളിന്മേലുള്ള റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| 15 | 1396/ബി. സി.സി1/ 12/നി.സെ. | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് കൊടുങ്ങല്ലൂർ ഭഗവതി വെളിച്ചപ്പാട് സംഘം മലപ്പുറം ജില്ലാ കമ്മിറ്റി സമർപ്പിച്ച ഹർജി—അധികവിവരം ആരായുന്നത് സംബന്ധിച്ച് | 11-7-2012 | 1127/എ 3/ 12/പി.സ.വി.വ തീയതി 27-8-2012 | ഹർജിയിലെ 6, 7, 12 എന്നീ ആവശ്യങ്ങളിന്മേലുള്ള റിപ്പോർട്ടും 3-7-2013-ലെ സമിതി യോഗം ആരാഞ്ഞ അധിക വിവര റിപ്പോർട്ടും ലഭിക്കാനുണ്ട് |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| 16 | 2819/ബി. സി.സി1/ 12/നി.സെ. | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് കാലിക്കറ്റ് ദഖ്നി മുസ്ലീം ജമാ അത്ത് ജനറൽ സെക്രട്ടറി ശ്രീ. എസ്. ഇസ്മായിൽ സമർപ്പിച്ച ഹർജി സംബന്ധിച്ച് | 13-6-2012 | 743/എ 3/2012/ പി.സ.വി.വ. തീയതി 9-7-2012 | ഹർജിയിലെ ആവശ്യങ്ങളിന്മേൽ റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| 17 | 2828/ബി. സി.സി1/ 12/നി.സെ. | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് മുസ്ലീം സർവ്വീസ് സൊസൈറ്റി ജനറൽ സെക്രട്ടറി ശ്രീ. വി.റ്റി. മൊയ്തീൻകുട്ടി സമർപ്പിച്ച നിവേദനം സംബന്ധിച്ച് | 15-6-2012 | 798/എ 3/2012 പി.സ.വി.വ. തീയതി 10-7-2012 | ഹർജിയിലെ 3, 4, 5 എന്നീ ആവശ്യങ്ങളിന്മേലുള്ള റിപ്പോർട്ട് ലഭിക്കാനുണ്ട് |
| 18 | 3584/ബി. സി.സി1/ 12/നി.സെ. | തിയ്യ സമുദായത്തിന്റെ അസ്തിത്വം സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് തിയ്യ മഹാസഭ ജനറൽ സെക്രട്ടറി ശ്രീ. പുതുക്കുടി പുരുഷോത്തമൻ സമർപ്പിച്ച ഹർജി സംബന്ധിച്ച് | 25-7-2012 | 1234/എ 3/2012 പി.സ.വി.വ. തീയതി 10-8-2012 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| 19 | 4361/ബി. സി.സി1/ 12/നി.സെ. | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീരാമവിലാസം ചവളർ സൊസൈറ്റി സമർപ്പിച്ച ഹർജി സംബന്ധിച്ച് | 17-9-2012 | 1587/എ 3/2012 പി.സ.വി.വ. തീയതി 4-10-2012 | ഹർജിയിലെ 1, 2, 4, 9, 21, 22 എന്നീ ആവശ്യങ്ങളിന്മേൽ റിപ്പോർട്ട് ലഭിക്കാനുണ്ട് |
| 20 | 4364/ബി. സി.സി1/ 12/നി.സെ. | വിശ്വകർമ്മ സർവ്വീസ് സൊസൈറ്റി തൃശ്ശൂർ താലൂക്ക് കമ്മിറ്റി സമർപ്പിച്ച നിവേദനം സംബന്ധിച്ച് | 19-9-2012 | 1593/എ 3/2012 പി.സ.വി.വ. തീയതി 4-10-2012 | ഹർജിയിലെ ആവശ്യം സംബന്ധിച്ച് യാതൊരു റിപ്പോർട്ടും ലഭ്യമായിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| 21 | 4367/ബി. സി.സി1/ 12/നി.സെ. | വിവിധ ആവശ്യങ്ങളുന്നയിച്ച് സ്റ്റേറ്റ് എംപ്ലോയീസ് യൂണിയൻ ആന്റ് ടീച്ചേഴ്സ് കോൺഫെഡറേഷൻ സമർപ്പിച്ച നിവേദനം സംബന്ധിച്ച് | 31-12-2012 | 1582/എ 3/12/ പി.സ.വി.വ. തീയതി 13-12-2012, 23067/ആർ1/12/ ഉ.ഭ.പ.വ. തീയതി 27-4-2013 | ഹർജിയിലെ 2, 3 എന്നീ ആവശ്യങ്ങളിന്മേലുള്ള റിപ്പോർട്ട് ലഭിക്കാനുണ്ട് |
| 22 | 4374/ബി. സി.സി1/ 12/നി.സെ. | വിദ്യാഭ്യാസ സംവരണം അനുവദിക്കുക എന്ന ആവശ്യമുന്നയിച്ച് ആംഗ്ലോ ഇൻഡ്യൻ എഡ്യൂക്കേഷണൽ ആന്റ് സോഷ്യൽ വെൽഫെയർ അസോസിയേഷൻ സമർപ്പിച്ച ഹർജി സംബന്ധിച്ച് | 8-10-2012 | 1823/എ 3/2012 പി.സ.വി.വ. തീയതി 29-10-2012 | ഹർജിയിന്മേലുള്ള റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| 23 | 4377/ബി. സി.സി1/ 12/നി.സെ. | മൺപാത്ര നിർമ്മാണം കുലത്തൊഴിലായുള്ള സമുദായങ്ങൾക്ക് പ്രത്യേക സംവരണം അനുവദിക്കണമെന്നാവശ്യപ്പെട്ട് കേരള മൺപാത്ര നിർമ്മാണ സമുദായ സഭ സമർപ്പിച്ച ഹർജി സംബന്ധിച്ച് | 22-9-2012 | 1674/എ 5/12/ പി.സ.വി.വ. തീയതി 17-10-2012 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| 24 | 4380/ബി. സി.സി1/ 12/നി.സെ. | പരമ്പരാഗത തൊഴിൽ വിഭാഗങ്ങളെ ക്രീമിലെയറിൽ നിന്നും ഒഴിവാക്കിക്കൊണ്ടുള്ള ഉത്തരവിലെ അപാകത പരിഹരിക്കുന്നത് സംബന്ധിച്ച് കേരള മൺപാത്ര നിർമ്മാണ സമുദായ വർക്കിംഗ് പ്രസിഡന്റ് സമർപ്പിച്ച ഹർജി സംബന്ധിച്ച് | 22-9-2012 | 1673/എ 3/2012 പി.സ.വി.വ. തീയതി 19-10-2012 | ഹർജിയിന്മേൽ നാളിതുവരെ യാതൊരു റിപ്പോർട്ടും ലഭിച്ചിട്ടില്ല |
| 25 | 4383/ബി. സി.സി1/ 12/നി.സെ. | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് അഖില കേരള വിൽക്കുറുപ്പ് മഹാസഭ സമർപ്പിച്ച ഹർജി സംബന്ധിച്ച് | 22-9-2012 | 1675/എ 3/12/ പി.സ.വി.വ. തീയതി 18-10-2012 | ഹർജിയിലെ 1, 3, 5, 6, 9 എന്നീ ആവശ്യങ്ങളിന്മേലുള്ള റിപ്പോർട്ട് ലഭിക്കാനുണ്ട് |
| 26 | 4389/ബി. സി.സി1/ 12/നി.സെ. | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് വിശ്വകർമ്മ സംഘം, തൃശ്ശൂർ സമർപ്പിച്ച ഹർജി സംബന്ധിച്ച് | 22-9-2012 | 1670/എ 3/12/ പി.സ.വി.വ. തീയതി 14-3-2013 | റിപ്പോർട്ട് ലഭിക്കാനുണ്ട് |

| | | | | | |
|---|---|---|---|---|---|
| 27 | 4392/ബി. സി.സി1/ 12/നി.സെ. | കളിമൺപാത്ര നിർമ്മാണം കലത്തൊഴിലാക്കിയ സമുദായാംഗങ്ങ ൾക്ക് പ്രത്യേക വിദ്യാഭ്യാസ ഉദ്യോഗ സംവരണം നൽകണമെന്നാവശ്യപ്പെട്ട് പരമ്പരാഗത മൺപാത്ര സമുദായ ഫെഡറേഷൻ പ്രസിഡന്റ് സമർപ്പിച്ച ഹർജി സംബന്ധിച്ച് | 8-10-2012 | 1822/എ 3/12/ പി.സ.വി.വ. തീയതി 29-10-2012 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| 28 | 5474/ബി. സി.സി1/ 12/നി.സെ. | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് 'മെക്ക' ആലപ്പുഴ ജില്ലാ കമ്മിറ്റി സമർപ്പിച്ച നിവേദനം സംബന്ധിച്ച് | 22-11-2012 | 2219/എ 3/2012/ പി.സ.വി.വ. തീയതി 25-2-2014 | 20-5-2014-ലെ സമിതി യോഗം ആരാഞ്ഞ അധിക വിവരങ്ങൾക്ക് മറുപടി ലഭിക്കാനുണ്ട് |
| 29 | 209/ബി. സി.സി1/ 13/നി.സെ. | സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിൽ ചെട്ടി സമുദായ ത്തിന്റെ പ്രാതിനിധ്യം ഉറപ്പാക്കണ മെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച നിവേദനം സംബന്ധിച്ച് | 23-1-2013 | 210/എ 3/2013/ പി.സ.വി.വ. തീയതി 6-2-2013 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| 30 | 488/ബി. സി.സി1/ 13/നി.സെ. | വിദ്യാഭ്യാസ പ്രവേശനത്തിനുള്ള സംവരണത്തിന് വരുമാന പരിധിക്ക് പകരം നോൺ ക്രീമിലെയർ വ്യവസ്ഥ ബാധകമാക്കണമെന്ന് ആവശ്യപ്പെട്ട് 'മെക്ക' സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ. എൻ. കെ. അലി സമർപ്പിച്ച ഹർജി സംബന്ധിച്ച് | 19-2-2013 | 522/എ 3/13/ പി.സ.വി.വ. തീയതി 10-6-2013 | 15-10-2014-ലെ സമിതി യോഗം ആരാഞ്ഞ അധിക വിവരത്തിന്മേലുള്ള മറുപടി ലഭിക്കാനുണ്ട് |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| 31 | 4666/ബി. സി.സി1/ 13/നി.സെ. | പരിവർത്തിത ക്രൈസ്തവ വിദ്യാർത്ഥികൾക്ക് മതന്യൂനപക്ഷ വിഭാഗം എന്ന നിലയിൽ പ്രീ മെട്രിക് സ്കോളർഷിപ്പ് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജി സംബന്ധിച്ച് | 24-10-2013 | 2485/എ 2/13/ പി.സ.വി.വ. തീയതി 7-11-2013 | റിപ്പോർട്ട് ലഭിക്കാനുണ്ട് |
| 32 | 4669/ബി. സി.സി1/ 13/നി.സെ. | പിന്നോക്ക വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള വിവിധ വിദ്യാഭ്യാസാനുകൂല്യങ്ങളിലെ അപാകതകൾ പരിഹരിക്കണമെന്നാവശ്യപ്പെട്ട് എസ്.എൻ.ഡി.പി. യോഗം അടൂർ യൂണിയൻ സമർപ്പിച്ച ഹർജി | 26-10-2013 | 2678/എ 2/13/ പി.സ.വി.വ. തീയതി 4-12-2013 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| 33 | 5582/ബി. സി.സി1/ 13/നി.സെ. | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ഡോ. സി.എൻ. സോമരാജൻ, കണ്ടറ സമർപ്പിച്ച ഹർജി സംബന്ധിച്ച് | 20-12-2013 | 29/എ 3/2014/ പി.സ.വി.വ. തീയതി 20-1-2014 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| 34 | 5617/ബി. സി.സി1/ 13/നി.സെ. | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ആൾ ഇൻഡ്യാ പണ്ഡിതർ മഹാസഭ ജനറൽ സെക്രട്ടറി ശ്രീ. എ. രാജൻ, ചെയർമാൻ ശ്രീ. സി.ടി. മുരളീധരൻ എന്നിവർ സമർപ്പിച്ച ഹർജി | 13-1-2014 | 40/എ 2/2015/ പി.സ.വി.വ. തീയതി 17-1-2015 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| 35 | 5647/ബി. സി.സി1/ 13/നി.സെ. | വിദ്യാഭ്യാസപരമായും സാമൂഹ്യപരമായും നേരിടുന്ന വിവിധ പ്രശ്നങ്ങളെ സംബന്ധിച്ച് കേരള ഗണക കണിശ മഹാസഭ സീനിയർ വൈസ് പ്രസിഡന്റ് ശ്രീ. കെ.ജി. പ്രഭാകരൻ സമർപ്പിച്ച ഹർജി സംബന്ധിച്ച് | 13-1-2014 | 405/എ 3/2014/ പി.സ.വി.റ. തീയതി 4-2-2014 | ഹർജിയിലെ 1, 2, 6, 8 എന്നീ ക്രമനമ്പറുകളിലുള്ള ആവശ്യങ്ങൾ സംബന്ധിച്ച റിപ്പോർട്ട് ലഭിക്കാനുണ്ട് |
| 36 | 5653/ബി. സി.സി1/ 13/നി.സെ. | ആൾ കേരള ഭരതർ ഐക്യസംഘം സെക്രട്ടറി ശ്രീ. ടി. ബാബുകുമാർ സമർപ്പിച്ച ഹർജി സംബന്ധിച്ച് | 3-1-2014 | 404/എ 3/2014/ പി.സ.വി.വ. തീയതി 4-2-2014 | റിപ്പോർട്ട് ലഭിക്കാനുണ്ട് |
| 37 | 56/ബി. സി.സി1/ 14/നി.സെ. | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് കേരള ചെട്ടി മഹാസഭ, അഖില കേരള ചെക്കാല /ചെക്കാല നായർ സമുദായ സംഘം, കേരള സംസ്ഥാന ഏല്ലൂർ ചെട്ടി സമുദായം എന്നിവയുടെ പ്രസിഡന്റുമാർ സമർപ്പിച്ച നിവേദനം സംബന്ധിച്ച് | 14-2-2014 | 697/എ 3/2014/ പി.സ.വി.വ. തീയതി 28-2-2014 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| 38 | 5780/ബി. സി.സി1/ 14/നി.സെ. | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് അഖില കേരള യാദവ സേവാ സമിതി സംസ്ഥാന പ്രസിഡന്റ് അഡ്വ. ടി. മണി സമർപ്പിച്ച ഹർജി സംബന്ധിച്ച് | 6-11-2014 | | റിപ്പോർട്ട് ലഭിച്ചിട്ടില്ല |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| 39 | 7570/ബി. സി.സി2/ 1999/നി.സെ. | കേരള വേളാർ സർവ്വീസ് സൊസൈറ്റി സമർപ്പിച്ച ഹർജി—4-ാമത്തെ (ഭാഗികം) ആവശ്യം—സംബന്ധിച്ച് | 21-4-1999 (പജ.പവ.വിവ.) 4-3-2013 | 5-5-2010-ലെ 18296/എഫ്3/ 09/പജ.പവ.വിവ. നമ്പർ കത്ത് | യാതൊരു മറുപടിയും ലഭ്യമാക്കിയിട്ടില്ല |
| 40 | 7395/ബി. സി.സി2/ 2002/നി.സെ. | പത്മശാലി സമുദായത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന പത്മശാലിയ സമാജത്തിന്റെ ആവശ്യം സംബന്ധിച്ച് | 16-7-2002 (പജ.പവ.വിവ.) 4-3-2013 | 17-8-2015-ലെ 380/എ 3/12 പി.സ.വി.വ. നമ്പർ കത്ത് | റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| 41 | 6488/ബി. സി.സി2/ 2005/നി.സെ. | 'മെക്ക' സ്റ്റേറ്റ് കമ്മിറ്റി സമർപ്പിച്ച ഹർജി അധികവിവരം സംബന്ധിച്ച് | 19-4-2005 (പജ.പവ.വിവ.) 15-1-2013 | 23-3-2012-ലെ 117219/എഫ്3/ 11/പജ.പവ.വിവ. നമ്പർ കത്ത് | അധികവിവര റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല (1-10-2012-ലെ സമിതി യോഗം ആരാഞ്ഞ അധിക വിവരം സംബന്ധിച്ച്) |
| 42 | 5744/ബി. സി.സി2/ 2008/നി.സെ. | ഹിന്ദു നാടാർ സമുദായത്തിന് പ്രത്യേക സംവരണം ആവശ്യപ്പെട്ട് ശ്രീ. എൻ. രവീന്ദ്രൻ സമർപ്പിച്ച ഹർജി | 21-1-2009 (പജ.പവ.വിവ.) 1-4-2013 | 8-2-2009, 5-10-2009 എന്നീ തീയതികളിലെ 2076/എഫ്3/ 09/പജ.പവ.വിവ. നമ്പർ കത്തുകൾ | മറുപടി ലഭ്യമാക്കിയിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| 43 | 2442/ബി. സി.സി2/ 2009/നി.സെ. | ഹിന്ദു നാടാർ സമാജം സംസ്ഥാന കമ്മിറ്റി സമർപ്പിച്ച നിവേദനം സംബന്ധിച്ച് | 17-7-2009 (പജ.പവ.വിവ.) 18-4-2013 | | ഹർജി കൈപ്പറ്റിയ വിവരം അറിയിച്ചിട്ടില്ല |
| 44 | 4803/ബി. സി.സി2/ 2010/നി.സെ. | 'മെക്ക' സമർപ്പിച്ച ഹർജി — 6, 9 എന്നീ ആവശ്യങ്ങൾ, 8-ാമത് ആവശ്യത്തിന്മേൽ അധിക വിവരം— സംബന്ധിച്ച് | 24-2-2011 (പജ.പവ.വിവ.) 9-12-2013 | 7-11-2013-ലെ 17438/എഫ്1/ 13/പജ.പവ.വിവ. നമ്പർ കത്ത് | റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| 45 | 4806/ബി. സി.സി2/ 2010/നി.സെ. | ഭാരതീയ കൊങ്കിണി ഭാഷ വികാസ് സഭ സമർപ്പിച്ച ഹർജി— ഒന്നാമത്തെ ആവശ്യം—അധിക വിവരം— സംബന്ധിച്ച് | 24-2-2011 (പജ.പവ.വിവ.) 23-1-2013 | 4-4-2012-ലെ 5415/എഫ്3/ 11/പജ.പവ.വിവ. നമ്പർ കത്ത് | അധികവിവര റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| 46 | 5608/ബി. സി.സി2/ 2010/നി.സെ. | 'മെക്ക' മലപ്പുറം ജില്ലാ കമ്മിറ്റി സമർപ്പിച്ച ഹർജി—അധിക വിവരം — സംബന്ധിച്ച് | 4-3-2011 (പജ.പവ.വിവ.) 9-2-2012 | 31-5-2012-ലെ 262/എ 3/ 12/പി.സ.വി.വ. നമ്പർ കത്ത് | അധികവിവര റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| 47 | 6321/ബി. സി.സി2/ 2010/നി.സെ. | വയനാടൻ ചെട്ടി സർവ്വീസ് സൊസൈറ്റി സമർപ്പിച്ച ഹർജി— 7-ാമത് ആവശ്യം സംബന്ധിച്ച് | 14-3-2011 ആ.ക.വ. 30-1-2015 | 24-9-2014-ലെ 23981/ജി1/12/ ആ.ക.വ. നമ്പർ കത്ത് | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| 48 | 114/ബി. സി.സി2/ 2012/നി.സെ. | വിശ്വകർമ്മ സർവ്വീസ് സൊസൈറ്റി കാസർഗോഡ് ജില്ലാ സെക്രട്ടറി സമർപ്പിച്ച ഹർജി— 2, 3, 4, 6, 7, 9, 10 എന്നീ ആവശ്യങ്ങൾ— സംബന്ധിച്ച് | 21-1-2012 (പജ.പവ.വിവ.) 18-1-2013 | 31-7-2015-ലെ 496/എ 1/2015 പി.സ.വി.വ. നമ്പർ കത്ത് | റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| 49 | 117/ബി. സി.സി2/ 2012/നി.സെ. | സമസ്ത കേരള സുന്നി യുവജനസംഘം കാസർഗോഡ് ജില്ലാ സെക്രട്ടറി സമർപ്പിച്ച ഹർജി—അധിക വിവരം—സംബന്ധിച്ച് | 21-1-2012 (പജ.പവ.വിവ.) 19-1-2013 | 28-4-2012-ലെ 3018/എഫ്1/ 12/പജ.പവ.വിവ. നമ്പർ കത്ത് | അധികവിവര റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| 50 | 125/ബി. സി.സി2/ 2012/നി.സെ. | കേരള ഗുരുക്ഷേത്ര സമാജം കാസർഗോഡ് ജില്ലാ പ്രസിഡന്റ് സമർപ്പിച്ച നിവേദനം—ഒന്നാമത്തെ ആവശ്യം സംബന്ധിച്ച് | 21-1-2012 (പജ.പവ.വിവ.) 3-9-2013 | 19-11-2012-ലെ 89/എ 2/ 12/പി.സ.വി.വ. നമ്പർ കത്ത് | അന്തിമ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| 51 | 573/ബി. സി.സി2/ 2012/നി.സെ. | കളിമൺപാത്ര നിർമ്മാണ തൊഴിലാളി സംഘം ജനറൽ സെക്രട്ടറി സമർപ്പിച്ച ഹർജി സംബന്ധിച്ച് | 1-3-2012 | 13-6-2012-ലെ 627/എ 1/ 12/പി.സ.വി.വ. നമ്പർ കത്ത് | അന്തിമ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| 52 | 1265/ബി. സി.സി2/ 2012/നി.സെ. | പ്രൊഫഷണൽ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ വായ്പാ വരുമാന പരിധി ഉയർത്തുക — ശ്രീ. സി. പി. മുഹമ്മദ് സമർപ്പിച്ച ഹർജി—അധിക വിവരം സംബന്ധിച്ച് | 9-3-2012 (പജ.പവ.വിവ.) 2-7-2013 | 27-9-2012-ലെ 128/എ 2/ 12/പി.സ.വി.വ. നമ്പർ കത്ത് | അധികവിവര റിപ്പോർട്ട് ലഭിച്ചിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| 53 | 1268/ബി. സി.സി2/ 2012/നി.സെ. | മുസ്ലീം യൂത്ത് ലീഗ് മലപ്പുറം ജില്ലാ കമ്മിറ്റി സമർപ്പിച്ച നിവേദനം—4-ാമത് ആവശ്യം—സംബന്ധിച്ച് | 17-8-2012 | 21-10-2014-ലെ 267/എ 3/ 12/പി.സ.വി.വ. നമ്പർ കത്ത് | അന്തിമ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| 54 | 1277/ബി. സി.സി2/ 2012/നി.സെ. | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച്—കണിയാർ പണിക്കർ സമാജം സമർപ്പിച്ച ഹർജി—സംബന്ധിച്ച് | 15-3-2012 | 8-11-2012-ലെ 192/എ 2/12/ പി.സ.വി.വ. നമ്പർ കത്ത് (റവന്യൂ, ദേവസ്വം വകുപ്പിനയച്ചത്) | ഒരു മറുപടിയും ലഭ്യമാക്കിയിട്ടില്ല |
| 55 | 2817/ബി. സി.സി2/ 2012/നി.സെ. | നിർബന്ധിത ജാതി പരിവർത്തനം — തിയ്യ മഹാസഭ സർപ്പിച്ച 15-10-2013 ലെ നിവേദനം—സംബന്ധിച്ച് | 16-7-2014 | 25-7-2014-ലെ 2177/എ 3/ 14/പി.സ.വി.വ. നമ്പർ കത്ത് | അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| 56 | 2823/ബി. സി.സി2/ 2012/നി.സെ. | 'മെക്ക' സംസ്ഥാന പ്രസിഡന്റ് സമർപ്പിച്ച ഹർജി—4-ാമത്തെ ആവശ്യം സംബന്ധിച്ച് | 12-6-2012 ഉ.ഭ.പ.വ. 3-5-2013 | 29-11-2012-ലെ 11359/ആർ1/ 12/ഉ.ഭ.പ.വ. നമ്പർ കത്ത് | അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| 57 | 4371/ബി. സി.സി2/ 2012/നി.സെ. | എസ്.എൻ.ഡി.പി. യോഗം കൊടുങ്ങല്ലൂർ യൂണിയൻ സമർപ്പിച്ച ഹർജി—സംബന്ധിച്ച് | 19-9-2012 | 17-10-2012-ലെ 1668/എ 2/ 12/പി.സ.വി.വ. നമ്പർ കത്ത് | അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടില്ല |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| 58 | 4378/ബി. സി.സി2/ 2012/നി.സെ. | കേരള മൺപാത്ര നിർമ്മാണ സമുദായ സഭ സംസ്ഥാന കമ്മിറ്റി സമർപ്പിച്ച ഹർജി—സംബന്ധിച്ച് | 17-9-2012 | 26-9-2012-ലെ 1584/എ 3/ 12/പി.സ.വി.വ. നമ്പർ കത്ത് | അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടില്ല |
